2025 NOVEMBER 23

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




# ശബരിമലയിലെ സ്വർണക്കൊള്ള: ഇത് ദുഖകരം




## മൂന്നാം തവണയും മേയറായി റോബിൻ ഇലക്കാട്ട്


SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO INC
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS
PLATINUM
5.0 average rating
OEM CERTIFICATIONS
HONDA
HYUNDAI
RAM
INFINITI
ACURA
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT-R CERTIFIED COLLISION REPAIR PROVIDER
COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994




# സ്വർണക്കൊള്ള: സി.പി.എമ്മിനെ കടുത്ത പ്രതിരോധത്തിലാക്കി എ പത്മകുമാറിന്റെ അറസ്റ്റ്




എ.എസ് ശ്രീകുമാർ

ഒടുവിൽ സി.പി.എമ്മിന്റെ സമുന്നതനായ മറ്റൊരു നേതാവ് എ പത്മകുമാർ കൂടി ശബരിമല സ്വർണ കൊള്ളക്കേസിൽ എസ്.ഐ.ടിയുടെ പിടിയിലായി. എൻ വാസുവിന് ശേഷം അറസ്റ്റിലാവുന്ന ദേവസ്വം ബോർഡ് മുൻ പ്രസിഡന്റാണ് കോന്നിയുടെ എം.എൽ.എയായിരുന്ന പത്മകുമാർ. താൻ ദേവസ്വം പ്രസിഡന്റായിരിക്കെ ശബരിമലയിലെ ഒരു തരി പൊന്നുപോലും പോയിട്ടില്ലെന്നും പോകാൻ അനുവദിച്ചിട്ടില്ലെന്നും താൻ ശബരിമലയിൽ ഒരു തെറ്റായ കാര്യവും ചെയ്തിട്ടില്ലെന്നുമാണ് പത്മകുമാർ ഇതുവരെ വീരവാദം മുഴക്കിക്കൊണ്ടിരുന്നത്. ചോദ്യം ചെയ്യലിന് ഹാജരാകാനായി പത്മകുമാറിന് നേരത്തേ രണ്ടുതവണ എസ്.ഐ.ടി നോട്ടീസ് നൽകിയിരുന്നു. വ്യക്തിപരമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി സാവകാശം തേടിയിരുന്നു. ശബരിമല ശ്രീകോവിലിന്റെ കട്ടിള പാളികളിലെ സ്വർണം കവർന്ന കേസുമായി ബന്ധപ്പെട്ടാണ് അറസ്റ്റ്.

ഉണ്ണികൃഷ്ണൻ പോറ്റി, ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ്കുമാർ, തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ് ബൈജു, മുൻ ദേവസ്വം കമ്മീഷണറും പ്രസിഡന്റുമായിരുന്ന എൻ വാസു തുടങ്ങിയവരാണ് ശബരിമല സ്വർണക്കൊള്ള കേസിൽ ഇതിനുമുമ്പ് അറസ്റ്റിലായവർ. ഇവരുടെ മൊഴികളെല്ലാം പത്മകുമാറിനെതിരാണെന്നാണ് വിവരം. എൻ വാസു ദേവസ്വം ബോർഡ് കമ്മീഷണറായിരിക്കെ പത്മകുമാറായിരുന്നു ബോർഡ് പ്രസിഡന്റ്. സി.പി.എം പത്തനംതിട്ട ജില്ലാ കമ്മിറ്റി അംഗമാണ്



ശ്രീകോവിലിന് മുന്നിലെ ദ്വാര പാലക ശില്പങ്ങളിൽ ചാരി നിൽക്കുന്ന പത്മകുമാറിന്റെ 2019 മെയ് മാസത്തിലെ ദൃശ്യങ്ങളാണ് കേസിലെ പ്രധാന തെളിവുകളിലൊന്ന്. ഈ ദൃശ്യങ്ങളിൽ ദ്വാര പാലക പാളികൾ തങ്കം പൊതിഞ്ഞിരിക്കുന്നത് വ്യക്തമായി കാണാം.

മെയ് മാസത്തിൽ തങ്കം പൊതിഞ്ഞതായി ദൃശ്യങ്ങൾ സ്ഥിരീകരിച്ചതിന് ശേഷം, ജൂലൈ മാസത്തിൽ ഇത് ചെമ്പാണെന്ന് വരുത്തിത്തീർത്താണ് ഉണ്ണികൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തുവിട്ടത്. ഇതാണ് സ്വർണക്കൊള്ളക്ക് തുടക്കമിട്ട സംഭവം. കൊള്ളയുടെ ഗൂഢാലോചന പത്മകുമാറിന്റെ വീട്ടിൽ വെച്ചാണ് നടന്നതെന്നാണ് എസ്.ഐ.ടി പറയുന്നത്. സ്വർണക്കൊള്ളയിലൂടെ പത്മകുമാർ വലിയ തോതിൽ സാമ്പത്തിക നേട്ടമുണ്ടാക്കിയെന്നും കണ്ടെത്തിയിട്ടുണ്ട്. ഉണ്ണികൃഷ്ണൻ പോറ്റിയുമായി ചേർന്ന് നടത്തിയ ഭൂമിയിടപാടുകളുടെ വിവരങ്ങൾ അന്വേഷണ സംഘം ശേഖരിച്ചിരുന്നു.

അതേസമയം, ശബരിമല സ്വർണക്കൊള്ളക്കേസിൽ ഉപ്പുതിന്നവൻ വെള്ളം കുടിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അഭിപ്രായപ്പെട്ടു. എന്നാൽ പത്മകുമാർ കുറ്റക്കാരനാണെന്ന് ഇപ്പോൾ പറയാനാവില്ലെന്നും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കപ്പെടുമെന്നും മന്ത്രി പറഞ്ഞു. ''ഉപ്പുതിന്നവൻ വെള്ളം കുടിക്കും. പത്മകുമാറിന് എന്തെങ്കിലും പങ്കുണ്ടെങ്കിൽ പത്മകുമാർ അനുഭവിക്കേണ്ടി വരും. അദ്ദേഹം കുറ്റക്കാരനാണെന്ന് ഇപ്പോൾ പറയാൻ പറ്റില്ല. ചോദ്യം ചെയ്യുന്നേയുള്ളൂ. മറ്റ് കുറെ നടപടികൾ ഉണ്ടല്ലോ...'' എന്നാണ് ശിവൻകുട്ടി മാധ്യമങ്ങളോട് പറഞ്ഞത്.

പത്മകുമാർ. 1991-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിൽ നിന്ന് കോന്നി മണ്ഡലം തിരികെപ്പിടിക്കാൻ എൽ.ഡി.എഫ് രംഗത്തിറക്കിയ വ്യക്തിയാണ് എ പത്മകുമാർ. പത്മകുമാർ വിജയിക്കുകയും ചെയ്തിരുന്നു. അന്ന് ഡി.വൈ.എഫ്.ഐ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു പത്മകുമാർ.

കൊടിയ കള്ളനും കേസിലെ ഒന്നാം പ്രതിയുമായ ഉണ്ണികൃഷ്ണൻ പോറ്റിക്ക് ഒത്താശ ചെയ്തുകൊടുത്തത് എട്ടാം പ്രതിസ്ഥാനത്ത് ചേർത്തിട്ടുള്ള പത്മകുമാറാണെന്നാണ് പ്രത്യേക അന്വേഷണ സംഘത്തിന്റെ നിഗമനം. പോറ്റിയും പത്മകുമാറും തമ്മിൽ സാമ്പത്തിക ഇടപാടുണ്ടായിരുന്നതായും എസ്.ഐ.ടിക്ക് സൂചന ലഭിച്ചിട്ടുണ്ട്. ഇതുമായെല്ലാം ബന്ധപ്പെട്ട് കൂടുതൽ തെളിവ് ശേഖരിക്കേണ്ടി വന്നതിനാലാണ് പത്മകുമാറിന്റെ അറസ്റ്റ് ഇത്രയും വൈകിയത്. നേരത്തേ അറസ്റ്റിലായവരുടെ മൊഴികളെല്ലാം പത്മകുമാറിനെതിരാണ്. മുരാരി ബാബു മുതൽ എൻ വാസു വരെയുള്ള പ്രതികൾ പത്മകുമാറിനെതിരെ എസ്.ഐ.ടിക്ക് മൊഴി നൽകിയിട്ടുണ്ടത്രേ.

എ പത്മകുമാർ അധ്യക്ഷനായ 2019-ലെ ദേവസ്വം ബോർഡ് ഭരണ സമിതിയുടെ അറിവോടെയാണ് സ്വർണം പൊതിഞ്ഞ കട്ടിള പാളികൾ ഇളക്കിയെടുത്ത് പോറ്റിക്ക് കൊടുത്തത് എന്നാണ് എസ്.ഐ.ടിയുടെ എഫ്.ഐ.ആർ. മുരാരി ബാബു ഉൾപ്പെടെ ഉദ്യോഗസ്ഥരും ബോർഡ് തീരുമാനം എന്നാണ് മൊഴി നൽകിയത്. 2019-ൽ പത്മകുമാറിന്റെ സഹായികളായി നിന്ന മറ്റു ജീവനക്കാരുടെയും മൊഴി രേഖപ്പെടുത്തിയിരുന്നു. പോറ്റിക്ക് ശബരിമലയിൽ പത്മകുമാർ സർവ്വസ്വാതന്ത്ര്യം കൊടുത്തിരുന്നുവെന്നാണ് എസ്.ഐ.ടി കണ്ടെത്തിയിരിക്കുന്നത്. ആദ്യം അന്വേഷിച്ച ദേവസ്വം വിജിലൻസും കൊള്ളയിൽ ദേവസ്വം ബോർഡിന്റെ പങ്ക് വ്യക്തമാണെന്ന് പറഞ്ഞിരുന്നു. പത്മകുമാറിന്റെ നിർദേശത്തിലാണ് മഹസറിൽ ചെമ്പ് തകിടുകൾ എന്ന് രേഖപ്പെടുത്തിയത്.

സി.പി.എമ്മിനെ ഏറ്റവും കൂടുതൽ പ്രതിരോധത്തിലാക്കുന്നതാണ് പത്മകുമാറിന്റെ അറസ്റ്റ്. സ്വർണക്കൊള്ളയുടെ പ്രധാന ആസൂത്രകൻ എ പത്മകുമാർ ആണെന്ന് എസ്.ഐ.ടി വ്യക്തമാക്കുന്നു. നിലവിൽ ഈ കേസിൽ പ്രതിചേർക്കപ്പെട്ടവരിൽ മുഖ്യസ്ഥാനത്ത് നിൽക്കുന്നത് പത്മകുമാറാണ്. പ്രധാനപ്പെട്ട തെളിവുകൾ കിട്ടിയതോടെയാണ് പത്മകുമാറിന്റെ അറസ്റ്റിലേക്ക് എസ്.ഐ.ടി നീങ്ങിയത്.


MALABAR
GOLD & DIAMONDS
Malabar
with you in all your
Celebrations
FREE
CASH
VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
*Offer valid until 20th October 2025
*Terms & Conditions apply.

# സ്വർണക്കൊള്ളയിൽ പത്മകുമാർ പറഞ്ഞ ’ദൈവ തുല്യൻ’ മുൻ മന്ത്രി കടകംപള്ളി സുരേന്ദ്രൻ..?




**എ.എസ് ശ്രീകുമാർ**

‘‘ശബരിമലയിൽ മോഷണം നടത്തി ആർക്കും രക്ഷപെട്ടു പോകാൻ കഴിയില്ല. നമ്മൾ ദൈവതുല്യം കാണുന്ന പലരും ഇതിനകത്തുണ്ടെങ്കിൽ എന്തു ചെയ്യാൻ കഴിയും...’’ സ്വർണക്കൊള്ളയിൽ ഇപ്പോൾ റിമാൻഡിലായ എ പത്മകുമാർ കഴിഞ്ഞ ഒക്ടോബർ 10-ാം തീയതി പറഞ്ഞതാണിത്. പത്മകുമാറിന്റെ വായിൽനിന്നു തന്നെ ആ ദൈവ തുല്യനെ സംബന്ധിച്ച സൂചനകൾ എസ്.ഐ.ടിക്ക് ലഭിച്ചു. സ്വർണപ്പാളികൾക്കായി ഉണ്ണികൃഷ്ണൻ പോറ്റി അപേക്ഷ നൽകിയത് സർക്കാരിനാണെന്നും അതിന്റെ അടിസ്ഥാനത്തിലാണ് ഫയൽ ദേവസ്വം ബോർഡിന്റെ മുന്നിലെത്തിയതെന്നുമാണ് പത്മകുമാറിന്റെ മൊഴി.

അതിനാൽ സ്വർണക്കൊള്ളയിൽ സർക്കാർ ഇടപെടൽ ഉണ്ടായോ എന്നു പരിശോധിക്കാൻ അന്നത്തെ ദേവസ്വം മന്ത്രിയായ കടകംപള്ളി സുരേന്ദ്രനെ എസ്.ഐ.ടി ചോദ്യം ചെയ്യും. പത്മകുമാറിനെ കസ്റ്റഡിയിൽ വാങ്ങി വീണ്ടും ചോദ്യം ചെയ്തശേഷം കടകംപള്ളിക്ക് നോട്ടീസ് നൽകാനാണ് ആലോചന. പേറ്റിക്ക് ദേവസ്വം മന്ത്രിയുമായി ’പരിചയം’ ഉണ്ടായിരുന്നെന്നും എസ്.ഐ.ടിക്ക് വിവരം ലഭിച്ചിട്ടുണ്ട്. 2019-കാലഘട്ടത്തിൽ ശബരിമലയിൽ നടന്ന ഇടപാടുകൾ കടകംപള്ളിയുടെ അറിവോടെയാണ് നടന്നതെണെന്ന് വ്യക്തമാക്കുന്നതാണ് പത്മകുമാറിന്റെ മൊഴി.

ദേവസ്വം ബോർഡിന്റെ പ്രവർത്തനം സ്വതന്ത്രമാണെന്നും ഇതുമായി ബന്ധപ്പെട്ട ഒരു ഫയലും തന്റെ ഭരണ കാലത്ത് വന്നിട്ടില്ലെന്നുമാണ് എ പത്മകുമാറിന്റെ അറസ്റ്റിൽ പ്രതികരിച്ച കടകംപള്ളി സുരേന്ദ്രൻ ഇന്നലെ പറഞ്ഞത്. മന്ത്രിതലത്തിൽ ഫയൽ അയക്കേണ്ട ആവശ്യമില്ലെന്നും ബോർഡിന്റെ തീരുമാനങ്ങൾ ബോർഡിന്റേത് മാത്രമെന്നും കടകംപള്ളി വാദിക്കുന്നു. ’’ബോർഡിന്റെ തീരുമാനങ്ങൾ

സർക്കാരിന്റെ അറിവോടെയല്ല. പ്രതിപക്ഷം ഒരുപാട് അന്യായങ്ങൾ വിളിച്ച് പറയുകയാണ്. കുറ്റമറ്റ അന്വേഷണമാണ് നിലവിൽ നടക്കുന്നത്. പാളി ഇളക്കാനോ സ്വർണം പൂശാൻ പറയാനോ ദേവസ്വം മന്ത്രിക്ക് അവകാശമില്ല...'' എന്ന് കടകംപള്ളി പറയുന്നുണ്ടെങ്കിലും ടിയാനുള്ള കുരുക്ക് മുറുകുകയാണ്.

കടകംപള്ളി സുരേന്ദ്രൻ ദേവസ്വം വകുപ്പ് കൈകാര്യം ചെയ്ത സമയത്താണ് സ്വർണക്കൊള്ള നടന്നത്. ആ സമയത്തെ രണ്ട് ദേവസ്വം ബോർഡ് പ്രസിഡന്റുമാരായ എൻ വാസുവും എ പത്മകുമാറുമാണ് ഇപ്പോൾ അറസ്റ്റിലായിരിക്കുന്നതും. അതുകൊണ്ട് തന്നെ കേസ് അന്വേഷണത്തിൽ ഏറെ നിർണായകമാണ് കടകംപള്ളിയുടെ ചോദ്യം ചെയ്യൽ. ശ്രീകോവിലിന്റെ സ്വർണം പൊതിഞ്ഞ കട്ടിളപാളികൾ അഴിച്ചെടുത്ത് കൊണ്ടുപോകാൻ ഉണ്ണികൃഷ്ണൻ പോറ്റിക്ക് അനുവാദം നൽകിയത് പത്മകുമാർ പ്രസിഡന്റായ ദേവസ്വം ബോർഡാണ്. ആ ബോർഡിലെ സി.പി.എം നോമിനിയായ എൻ വിജയകുമാറിലേയ്ക്കും സി.പി.ഐയുടെ പ്രതിനിധി കെ.പി ശങ്കരദാസിലേയ്ക്കും എസ്.ഐ.ടി എത്തുകയാണ്.

ഈ സമയം ദേവസ്വം കമ്മീഷണറായിരുന്ന എൻ വാസുവാണ് സ്വർണപ്പാളികൾ ചെമ്പ് തകിടാണെന്ന് ആദ്യമായി ഔദ്യോഗികമായി ദേവസ്വം മഹസറിൽ രേഖപ്പെടുത്തിയത്. പത്മകുമാറും വാസുവും സി.പി.എമ്മിന് വേണ്ടപ്പെട്ടവരാണ്. ഇപ്പോൾ അറസ്റ്റിലായവരും സംശയത്തിന്റെ നിഴലിലുള്ളവരും ഒക്കെ ചേർന്ന് നടത്തിയ ആസൂത്രിതമായ കൊള്ളയാണ് കേരളത്തിന്റെ അഭിമാനമായ ശബരിമല ക്ഷേത്രത്തിൽ നടന്നത്. ഇക്കാര്യം സി.പി.എമ്മിന്റെ നേതാക്കൾ അറിയാതിരിക്കില്ല. പ്രത്യേകിച്ച് ദേവസ്വം മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രൻ. ദേവസ്വം ബോർഡിന്റെ ഫയലുകളൊന്നും മന്ത്രിയുടെ മേശപ്പുറത്തെത്താറില്ലെന്നാണ് കടകംപള്ളി

**കേവലം ഉണ്ണികൃഷ്ണൻ പോറ്റിയിലും ഉദ്യോഗസ്ഥരിലും പഴിചാരി സി.പി.എമ്മിന്റെ രാഷ്ട്രീയ നിയമനത്തിലൂടെ ദേവസ്വം ബോർഡിന്റെ തലപ്പത്തും മറ്റുമെത്തിയ കൂട്ടുകള്ളൻമാർ രക്ഷപ്പെടാമെന്നാണ് വിചാരിച്ചിരുന്നത്. എന്നാൽ കേരള ഹൈക്കോടതിയുടെ ശക്തമായ നിരീക്ഷണത്തിൽ നടക്കുന്ന അന്വേഷണം വൻ സ്രാവുകളെ കുടുക്കിയാണ് മുന്നോട്ടു പോകുന്നത്. അടുത്തത് കഴക്കൂട്ടം എം.എൽ.എ കൂടിയായ കടകംപള്ളിയുടെ ഊഴമാണെന്ന് കരുതാം.**

പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങനെ സ്വയം തീർത്ത പ്രതിരോധ കവചത്തിൽ കടകംപള്ളിക്ക് അധികം പിടിച്ചുനിൽക്കാനുമാവില്ല.

കേരളം തദ്ദേശ തിരഞ്ഞെടുപ്പിനും പിന്നാലെ നിയമസഭാ ഇലക്ഷനും നേരിടാൻ പോവുകയാണ്. മൂന്നാം വട്ടം സി.പി.എമ്മിന്റെ ഭരണ തുടർച്ച സ്വപ്നംകാണുന്ന പിണറായിക്കും കൂട്ടർക്കും വലിയ തിരിച്ചടിയാണ് സ്വർണ കൊള്ളക്കേസിലെ അറസ്റ്റുകൾ. കേവലം ഉണ്ണികൃഷ്ണൻ പോറ്റിയിലും ഉദ്യോഗസ്ഥരിലും പഴിചാരി സി.പി.എമ്മിന്റെ രാഷ്ട്രീയ നിയമനത്തിലൂടെ ദേവസ്വം ബോർഡിന്റെ തലപ്പത്തും മറ്റുമെത്തിയ കൂട്ടുകള്ളൻമാർ രക്ഷപ്പെടാമെന്നാണ് വിചാരിച്ചിരുന്നത്. എന്നാൽ കേരള ഹൈക്കോടതിയുടെ ശക്തമായ നിരീക്ഷണത്തിൽ നടക്കുന്ന അന്വേഷണം വൻ സ്രാവുകളെ കുടുക്കിയാണ് മുന്നോട്ടു പോകുന്നത്. അടുത്തത് കഴക്കൂട്ടം എം.എൽ.എ കൂടിയായ കടകംപള്ളിയുടെ ഊഴമാണെന്ന് കരുതാം.

കടകംപള്ളിയെ ചോദ്യം ചെയ്യുന്നത് പോലും സി.പി.എമ്മിനെ വലിയ പ്രതിരോധത്തിലും പ്രതിസന്ധിയിലുമാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി, ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ്കുമാർ, തിരുവാഭരണം മുൻ കമ്മീഷണർ കെ.എസ് ബൈജു, മുൻ ദേവസ്വം കമ്മീഷണറും പ്രസിഡന്റുമായിരുന്ന എൻ വാസു, ബോർഡ് മുൻ പ്രസിഡന്റ് എ പത്മകുമാർ തുടങ്ങിയവരാണ് ശബരിമല സ്വർണക്കൊള്ള കേസിൽ ഇതുവരെ അറസ്റ്റിലായിട്ടുള്ളത്.

ഇവർക്ക് പുറമെ സ്വർണ കവർച്ച നടന്ന കാലത്തെ ദേവസ്വം ബോർഡും ഉദ്യോഗസ്ഥരുമടക്കം 12 പ്രതികളാണ് 2 കേസുകളിലായുള്ളത്. കട്ടിളപ്പാളി കേസും ദ്വാരപാലക ശിൽപ പാളി കേസുമാണ് നിലവിലുള്ളത്. ഇതിൽ രണ്ടിലുമായി ആറുപേരെ മാത്രമാണ് ഇതുവരെ എസ്.ഐ.ടി അറസ്റ്റ് ചെയ്തിട്ടുള്ളത്. പത്മകുമാറും വാസുവും ഉൾപ്പെടെയുള്ളവർ നൽകിയ മൊഴികളിൽ കേസിൽ പ്രതി ചേർത്തിട്ടില്ലാത്ത പ്രമുഖർക്കെതിരെ പരാമർശങ്ങളുണ്ട്. അവരും താമസിയാതെ എസ്.ഐ.ടിയുടെ മുന്നിലെത്തും. ഏതായാലും പമ്പാതീരത്ത് അഗോള അയ്യപ്പ സംഗമത്തിലൂടെ സർക്കാർ ഉണ്ടാക്കാൻ ശ്രമിച്ച പ്രതിച്ഛായ സ്വർണക്കൊള്ളയിലൂടെ പമ്പാ നദിയിൽ തന്നെ വിലയം പ്രാപിച്ചിരിക്കുകയാണ്.

# മിസൂറി സിറ്റിയിൽ മൂന്നാം തവണയും മേയറായി റോബിൻ ഇലക്കാട്ട് സത്യപ്രതിജ്ഞ ചെയ്തു



**തോമസ് നെയ്‌ച്ചേരിൽ**

മിസൗറി സിറ്റി, ടെക്സസ്: ഹ്യൂസ്റ്റൺ നഗരപ്രാന്തത്തിലെ സമ്പന്ന നഗരമായ മിസൂറി സിറ്റിയിൽ മൂന്നാം തവണയും മേയറായി റോബിൻ ഇലക്കാട്ട് സത്യപ്രതിജ്ഞ ചെയ്തു. നഗരത്തിന്റെ പന്ത്രണ്ടാമത് മേയറായി മലയാളി വീണ്ടും അധികാരമേൽക്കുന്നതിനു സാക്ഷ്യം വഹിക്കാൻ ഇന്ത്യൻ സമൂഹത്തിൽ നിന്നും നിരവധി പേർ എത്തി.

മറ്റൊരു മലയാളിയായ ഡിസ്ട്രിക്ട് കോർട്ട് ജഡ്ജി സുരേന്ദ്രൻ പട്ടേൽ ആണ് സത്യവാചകം ചൊല്ലിക്കൊടുത്തത്. റോബിൻ ഇലക്കാട്ടിന്റെ സമർപ്പണത്തെയും സേവനത്തെയും അദ്ദേഹം മൂലം സമൂഹത്തിന് ലഭിക്കുന്ന അംഗീകാരത്തെയും കുറിച്ച് ജഡ്ജി പട്ടേൽ ആവേശത്തോടെ സംസാരിച്ചു.

സിറ്റിയുടെ പ്രഥമ വനിത ടീന ഇലക്കാട്ടിന്റെ കയ്യിലെ ബൈബിളിൽ കൈ വച്ചാണ് മേയർ സത്യവാചകം ഏറ്റു ചൊല്ലിയത്.

മിസോറി സിറ്റിയുടെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞയും ഇതോടൊപ്പം നടന്നു. ആദ്യമായി മേയറായ 2020 മുതലുള്ള ചരിത്ര നേട്ടം ആഘോഷിക്കാൻ കുടുംബങ്ങൾ, ദീർഘകാല താമസക്കാർ, കമ്മ്യൂണിറ്റി നേതാക്കൾ, വിശിഷ്ട വ്യക്തികൾ എന്നിവർ ഒത്തുകൂടി.

മിസോറി സിറ്റിക്ക് മാത്രമല്ല, ടെക്സസിലെ ദക്ഷിണേഷ്യൻ സമൂഹത്തിനു തന്നെ ഇത് അഭിമാന നിമിഷമായി. അദ്ദേഹത്തിന്റെ ഉയർച്ച നഗരത്തിന്റെ

വൈവിധ്യത്തിനും, വ്യത്യസ്തതയെ അംഗീകരിക്കുന്ന മാതൃകക്കും, ജനാധിപത്യത്തിനും തെളിവായി.

പുത്രിമാരായ ലിയയും, കൈറ്റ്ലിനും, ഭാര്യ ടിനയും നൽകുന്ന അചഞ്ചലമായ പിന്തുണക്ക് മേയർ നന്ദി പറഞ്ഞു. തന്റെ പൊതുസേവനത്തിന് പിന്നിലെ ശക്തമായ അടിത്തറ അവരാണെന്ന് അദ്ദേഹം എടുത്തുകാണിച്ചു. 'എന്റെ ഭാര്യ ടീനയ്ക്കും എന്റെ മക്കൾക്കും, നിങ്ങളുടെ സ്നേഹത്തിനും, ക്ഷമയ്ക്കും, കരുത്തിനും നന്ദി.'







Installment Ceremony - Mayor Robin J. Elackatt

മേയർ റോബിന്റെ പ്രസംഗത്തിൽ തന്നോട് അടുപ്പമുള്ളവരെയും പ്രാർത്ഥനകളിൽ തന്നെ ഓർമ്മിക്കുന്നവരെയും മതനേതാക്കളെയും അനുസ്മരിച്ചു. ചടങ്ങിൽ പങ്കെടുക്കാൻ ഇന്ത്യയിൽ നിന്ന് എത്തിയ മുൻ എം.പി. തോമസ് ചാഴികാടന് അദ്ദേഹം ഹൃദയംഗമമായ നന്ദി അറിയിച്ചു.

'നേതൃത്വം എന്നത് പദവിയെക്കുറിക്കുന്ന കാര്യമല്ല, മറിച്ച് അത് അത് സേവനത്തെപ്പറ്റിയാണ്. മിസോറി സിറ്റിയെ മുഴുവൻ സേവിക്കാൻ ഞാൻ ഇവിടെയുണ്ട്.'

നഗരം കൈവരിച്ച പുരോഗതിയെക്കുറിച്ച് അദ്ദേഹം ചൂണ്ടിക്കാട്ടി - മെച്ചപ്പെടുത്തിയ സേവനങ്ങൾ, പൊതുസുരക്ഷാ അപ് ഗ്രേഡുകൾ, മെച്ചപ്പെട്ട പാർക്കുകളും സൗകര്യങ്ങളും, അടിസ്ഥാന സൗകര്യങ്ങളിലെ സ്ഥിരമായ നിക്ഷേപം തുടങ്ങിയവ. റോഡ്, ഡ്രെയിനേജ് വികസനം, പോലീസ്, ഫയർ, ഫസ്റ്റ് റെസ്പോണ്ടർമാർ എന്നിവക്കായി തുടർച്ചയായുള്ള നിക്ഷേപം, സാമ്പത്തിക വികസനവും ചെറുകിട ബിസിനസിനു പിന്തുണയും, മികച്ച ഉപകരണങ്ങളും താമസക്കാർക്കുള്ള മികച്ച സേവനങ്ങളും, അടുത്ത ദശകത്തേക്ക് നഗരത്തിന്റെ വൈവിധ്യത്തെയും ഉത്തരവാദിത്ത ആസൂത്രണത്തെയും പ്രതിഫലിപ്പിക്കുന്ന കൂടുതൽ ഊർജ്ജസ്വലമായ കാര്യങ്ങൾ എന്നിങ്ങനെ വരാനിരിക്കുന്ന കാര്യങ്ങൾ മേയർ വിശദീകരിച്ചു.

'ഞങ്ങൾ നഗരം പരി



പാലിക്കുക മാത്രമല്ല ചെയ്യുന്നത്, ഒരു പാരമ്പര്യം രൂപപ്പെടുത്തുകയാണ്,' അദ്ദേഹം പ്രഖ്യാപിച്ചു. ഒരു നേതാവിനും ഒറ്റയ്ക്ക് മുന്നോട്ട് പോകാനാവില്ലെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. എല്ലാ അയൽപക്കങ്ങളും പ്രധാനമാണ്. ഓരോ ശബ്ദവും പ്രധാനമാണ്. ഓരോ കുടുംബവും പ്രധാനമാണ്. സംഘർഷത്തിന് പകരം സൗഹൃദം തിരഞ്ഞെടുക്കാൻ അദ്ദേഹം അഭ്യർത്ഥിച്ചു. 'കോപത്തിന് പകരം ധാരണയും, ഭിന്നതയ്ക്ക് പകരം സംഭാഷണവും, നമ്മെ വേർപെടുത്താൻ ശ്രമിക്കുന്ന എന്തിനേക്കാളും ഐക്യവും തിരഞ്ഞെടുക്കാം.'

സോണ്യ ബ്രൗൺ-മാർഷൽ (മേയർ പ്രോ ടെം / കൗൺസിൽ മെമ്പർ അറ്റ് ലാർജ് പൊസിഷൻ 1), ലിൻ ക്ലൗസർ (കൗൺസിൽ മെമ്പർ അറ്റ് ലാർജ് പൊസിഷൻ 2) ഷരിറ്റ എൽ. തോംസൺ (കൗൺസിൽ മെമ്പർ ഡിസ്ട്രിക്റ്റ് ബി) എന്നിവരുടെ സ്ഥാനാരോഹണവും ചടങ്ങിൽ ആഘോഷിച്ചു.


സദസ് മുഴുവൻ എഴുന്നേറ്റ് നിന്ന് കരഘോഷം മുഴക്കിയാണ് മേയറെയും മറ്റു തെരഞ്ഞെടുക്കപ്പെട്ടവരെയും ആദരിച്ചത്.

പൈതൃകത്തിന്റെയും പൊതുസേവനത്തിന്റെയും പുരോഗതിയിലുള്ള സമൂഹത്തിന്റെ അചഞ്ചലമായ വിശ്വാസത്തിന്റെയും ആഘോഷമായി സത്യപ്രതിജ്ഞ ചടങ്ങ്. സിറ്റി കൗൺസിലിനൊപ്പം മേയർ ഇലക്കാട്ട് തന്റെ മൂന്നാം ടേം ആരംഭിക്കുമ്പോൾ, മിസ്സോറി സിറ്റി കൂടുതൽ വേഗത്തിൽ, ശക്തമായി, ഒരുമിച്ച് മുന്നോട്ട് പോകാൻ കുതിക്കുന്നു.

2028 വരെയാണ് മേയറുടെ കാലാവധി. ഡിസ്ട്രിക്റ്റ് കൗൺസിൽ അംഗം ജെഫ്രി ബോണിയെ 52.61% വോട്ടോടെയാണ് റോബിൻ പരാജയപ്പെടുത്തിയത്.



# കാട്ടുകള്ളൻമാർ ഇരുന്നിടത്ത്, മാപ്പിരന്ന് സത്യസന്ധനായ ഒരു ദേവസ്വം ബോർഡ് പ്രസിഡന്റ്





**എ.എസ് ശ്രീകുമാർ**

ശബരിമല അയ്യപ്പന്റെ സ്വർണം അടിച്ചുമാറ്റിയ വ്യക്തികളിരുന്ന കളങ്കപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് കസേരയിലേയ്ക്കാണ്, സൗമ്യനും ശാന്തശീലനും സത്യസന്ധനുമായ മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ എത്തിയിരിക്കുന്നത്. കവി, ഗാന രചയിതാവ്, വിവർത്തകൻ, ചിത്രകാരൻ, തിരക്കഥാകൃത്ത് എന്നീ നിലകളിൽ അറിയപ്പെടുന്ന റിട്ടയേഡ് ഐ.എ.എസ് ഉദ്യോഗസ്ഥനായ കെ ജയകുമാറിന് ദേവസ്വം ബോർഡിലെ ഇടതു രാഷ്ട്രീയ താപ്പാനകളോട് സമരസപ്പെട്ട് പോകാൻ കഴിയുമോയെന്ന സംശയമുടലെടുത്തിട്ടുണ്ട്. കാരണം അദ്ദേഹത്തിന് ഉഡായിപ്പ് ഒട്ടും വശമില്ല തന്നെ.

മണ്ഡലകാലം ആരംഭിച്ചതിന് തൊട്ടുമുമ്പ് ചുമതലയേറ്റ അദ്ദേഹം ഒരു മാപ്പിരക്കലിലൂടെയാണ് തന്റെ ദൗത്യം തുടങ്ങിയത്. നവംബർ 18 അഭൂതപൂർവമായ തിരക്കാണ് പമ്പയിലും നിലയ്ക്കലും സന്നിധാനത്തും അനുഭവപ്പെട്ടത്. ഇതര സംസ്ഥാനക്കാരുൾപ്പെടെയുള്ള ഭക്തർ ഇടയ്ക്കുവച്ച് മാല ഊരി വീട്ടിലേയ്ക്ക് മടങ്ങേണ്ട അപൂർവ സാഹചര്യം വരെ സംജാതമായി. ഈ പശ്ചാത്തലത്തിൽ ഇനി ഇത്തരത്തിൽ തിരക്ക് ഉണ്ടാകില്ലെന്നും വേണ്ട ക്രമീകരണങ്ങൾ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഏർപ്പെടുത്തുമെന്നും മാല ഊരി തിരിച്ചു പോയവരോട് മാപ്പ് പറയുന്നുവെന്നുമാണ് സന്നിധാനത്തുവച്ച് കെ ജയകുമാർ വ്യക്തമാക്കിയത്.

പമ്പയിലെ ജർമൻ പന്തലിൽ ഒഴിഞ്ഞ കസേരകളെ സാക്ഷിയാക്കി എട്ടുകോടി രൂപ പൊടിപൊടിച്ച് നടത്തിയ ആഗോള അയ്യപ്പ സംഗമത്തിൽ മുഷ്ടി ചുരുട്ടി ശരണം വിളിച്ച മുൻ പ്രസിഡന്റ് പി.എസ് പ്രശാന്ത് കെ ജയകുമാറിന്റെ ഈ എളിയ തുടക്കം കണ്ട് ലജ്ജിക്കുമാറാകട്ടെ. അതേസമയം, മുൻ ചീഫ് സെക്രട്ടറിയും ജനങ്ങൾക്ക് സ്വീകാര്യനുമായ ഒരു മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ ദേവസ്വം ബോർഡ് പ്രസിഡന്റ് സ്ഥാനത്തേക്ക് കൊണ്ടുവന്നതോടെ ജനങ്ങളുടെ കലിപ്പിന് ചെറിയ തോതിലെങ്കിലും ശമനം കൊണ്ടുവരാം എന്ന കണക്കുകൂട്ടലിലാണ്

**ശബരിമലയിലെ തെറ്റായ പ്രവണതകളിൽ തിരുത്തുണ്ടാകുമെന്ന് കെ ജയകുമാർ വ്യക്തമാക്കുന്നു. ”ഇന്നലെവരെ ഞാൻ സൗമ്യനായ ഉദ്യോഗസ്ഥനായിരുന്നു. ഇനി ആ സൗമ്യതയുണ്ടാകില്ല. ഭക്തർക്ക് സൗകര്യങ്ങൾ ചെയുകയാണ് എന്റെ പ്രഥമപരിഗണന.**



പിണറായി സർക്കാർ. ശബരിമലയിൽ താൻ ശാന്തനായിരിക്കില്ലെന്നാണ്, മതിയായ ഭരണ പരിചയമുള്ള കെ ജയകുമാർ പറയുന്നത്. പക്ഷേ അദ്ദേഹത്തെ സ്വതന്ത്രനായി വിടാൻ സർക്കാർ അനുവദിക്കുമോയെന്നാണറിയേണ്ടത്.

ശബരിമലയിലെ തെറ്റായ പ്രവണതകളിൽ തിരുത്തുണ്ടാകുമെന്ന് കെ ജയകുമാർ വ്യക്തമാക്കുന്നു. ’’ഇന്നലെവരെ ഞാൻ സൗമ്യനായ ഉദ്യോഗസ്ഥനായിരുന്നു. ഇനി ആ സൗമ്യതയുണ്ടാകില്ല. ഭക്തർക്ക് സൗകര്യങ്ങൾ ചെയുകയാണ് എന്റെ പ്രഥമപരിഗണന. സ്പോൺസറെന്ന മേലങ്കിഅണിഞ്ഞുവരുന്ന എല്ലാവരെയും അംഗീകരിക്കില്ല. അവരുടെ പശ്ചാത്തലങ്ങൾ പരിശോധിച്ച ശേഷം മാത്രമേ നടപടികളിലേക്ക് കടക്കൂ. ശബരിമലയിലെ സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട് നിലവിൽ നടക്കുന്ന അന്വേഷണത്തിന് എല്ലാസൗകര്യവും ചെയ്യും...’’ 2024-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച ജയകുമാർ ചൂണ്ടിക്കാട്ടി.

കേരള സർവകലാശാലയിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജയകുമാർ 1952 ഒക്ടോബർ ആറിന് സിനിമാ സംവിധായകനായ എം കൃഷ്ണൻ നായരുടെയും സുലോചനയുടെയും മൂത്ത മകനായി തിരുവനന്തപുരത്താണ് ജനിച്ചത്. അധ്യാപകനായിരിക്കെ ജയകുമാറിന് 1978-ൽ ഐ.എ.എസ് ലഭിച്ചു. അസിസ്റ്റന്റ് കളക്റ്ററായി സർക്കാർ സർവീസിൽ പ്രവേശിച്ച ഇദ്ദേഹം കോഴിക്കോട് ജില്ലാ കളക്ടർ, ടൂറിസം ഡയറക്ടർ, ടൂറിസം സെക്രട്ടറി, സാംസ്കാരിക വകുപ്പ് സെക്രട്ടറി, വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നീ തസ്തികകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരളസംസ്ഥാന ചലച്ചിത്രവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്റ്റർ, മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ എന്നീ പദവികളും ഇദ്ദേഹം വഹിച്ചിട്ടുണ്ട്. 2002 മുതൽ 2007 വരെയുള്ള കാലത്ത് ഇദ്ദേഹം കേന്ദ്ര സാംസ്കാരിക വകുപ്പ് ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു. ടൂറിസം സെക്രട്ടറിയായിരിക്കെ കേരളത്തിന് 'ഗോഡ്സ് ഓൺ കൺട്രി' എന്ന പേര് ജയകുമാറാണ് ഇട്ടത്.

2012 മാർച്ച് 31-ന് കേരളത്തിന്റെ 36-ാമത്തെ ചീഫ് സെക്രട്ടറിയായി കെ ജയകുമാർ ചുമതലയേറ്റു. അതിന് മുൻപ് ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു. വിജിലൻസ്, ദേവസ്വം, അന്തർ സംസ്ഥാന നദീജലം, എന്നീ വകുപ്പുകളും ഇദ്ദേഹത്തിന്റെ നേതൃത്വത്തിലാണു പ്രവർത്തിച്ചുവന്നത്. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ, ശബരിമല മാസ്റ്റർ പ്ലാൻ ചെയർമാൻ, ശബരിമല സ്പെഷ്യൽ ഓഫീസർ, പത്മനാഭ സ്വാമി ക്ഷേത്രത്തിലെ സ്വത്തു പരിശോധനാ സമിതിയിലെ മേൽനോട്ടക്കാരൻ, സർക്കാർ പദ്ധതികൾ സംബന്ധിച്ചുള്ള ഉന്നതാധികാര സമിതി ചെയർമാൻ എന്നീ ചുമതലകളും ഇദ്ദേഹം വഹിച്ചിരുന്നു. 2012 ഒക്ടോബർ 31 ചീഫ് സെക്രട്ടറി

സ്ഥാനത്തു നിന്നു വിരമിച്ചു. 2012 നവംബർ 1-ന് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ വൈസ് ചാൻസലറായി സ്ഥാനമേറ്റു.

കവിതാ സമാഹാരങ്ങൾ, വിവർത്തനങ്ങൾ, ജീവചരിത്രം, ബാലസാഹിത്യം എന്നീ വിഭാഗങ്ങളിലായാണ് പ്രസിദ്ധീകരണങ്ങൾ. അർദ്ധവൃത്തങ്ങൾ, രാത്രിയുടെ സാദ്ധ്യതകൾ തുടങ്ങി അഞ്ച് കവിതാ സമാഹാരങ്ങൾ മലയാളത്തിലും രണ്ടെണ്ണം ഇംഗ്ലീഷിലും പ്രസിദ്ധീകരിച്ചു. ടാഗോറിന്റെ ഗീതാഞ്ജലിയും ഖലീൽ ജിബ്രാന്റെ പ്രവാചകനുമടക്കം പല പ്രശസ്തകൃതികളുടെയും പരിഭാഷകൾ ഇദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകളിൽ പെടുന്നു. ‘പിങ്ഗളകേശിനി’ എന്ന കവിതാ സമാഹാരത്തിനാണ് 2024-ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചത്.

’വർണച്ചിറകുകൾ’ എന്ന കുട്ടികളുടെ സിനിമ രചിച്ചു സംവിധാനം ചെയ്തിട്ടുണ്ട്. 80-തിൽ പരം മലയാള സിനിമകൾക്കു ഗാനരചന നിർവഹിച്ചു. ഒരു വടക്കൻ വീരഗാഥയിലെ 'ചന്ദന ലേപ സുഗന്ധം...', നീലക്കടമ്പിലെ 'കുടജാദ്രിയിൽ കുടികൊള്ളും മഹേശ്വരി...', കിഴക്കുണരും പക്ഷിയില 'സൗപർണികാമൃത...', പക്ഷേയിലെ 'സൂര്യാംശംവോരോ വയൽപ്പൂവിലും...' തുടങ്ങിയവ അദ്ദേഹത്തിന്റെ ഹിറ്റ് ഗാനങ്ങളിൽ ഉൾപ്പെടുന്നു. ഒരു ചിത്രകാരൻ കൂടിയായ കെ ജയകുമാർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ചിത്രപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. മീരയാണ് ഭാര്യ. മക്കൾ: ആനന്ദ്, അശ്വതി. ചലച്ചിത്ര സംവിധായകരായ കെ ശ്രീക്കുട്ടനും കെ ഹരികുമാറും അനുജന്മാരാണ്.



ഇതിനിടെ, കോളിളക്കം സൃഷ്ടിച്ച ശബരിമല സ്വർണക്കൊള്ളക്കേസിൽ സി.പി.എമ്മിന് ഏറെ പ്രിയപ്പെട്ട നേതാവായ എൻ വാസുവിന്റെ അറസ്റ്റിന് പിന്നാലെ കൂടുതൽ ഉന്നതങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിച്ചിരിക്കുകയാണ് പ്രത്യേക അന്വേഷണ സംഘം. 2019-ൽ എ പത്മകുമാർ അധ്യക്ഷനായ ദേവസ്വം ബോർഡ് കേസിൽ പ്രതിപ്പട്ടികയിലുണ്ട്. പത്മകുമാറിന്റെ പ്രൈവറ്റ് സെക്രട്ടറിയെ കഴിഞ്ഞ ദിവസം ചോദ്യം ചെയ്തിരുന്നു. സി.പി.എം നോമിനിയുമായിരുന്ന എ പത്മകുമാറിലേയ്ക്ക് അന്വേഷണം കേന്ദ്രീകരിക്കുകയാണ്. പല വട്ടം വോട്ടീസ് അയച്ചിട്ടും ഇയാൾ തൊടു ന്യായങ്ങൾ പറഞ്ഞ് എസ്.ഐ.ടിക്ക് മുന്നിൽ ഹാജരായിട്ടില്ല. കേസിൽ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി.

എൻ വാസു റിമാൻഡിലായതോടെ മുൻ തിരുവാഭരണം കമ്മീഷണർ കെ.എസ് ബൈജുവാണ് വാസുവിന് മുമ്പ് അറസ്റ്റിലായത്. ഇവർക്ക് പുറമെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റി, സസ്പെൻഷനിലായ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും രണ്ടാം പ്രതിയുമായ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫീസർ ഡി സുധീഷ് കുമാർ എന്നിവരാണ് ഇപ്പോൾ എസ്.ഐ.ടിയുടെ കസ്റ്റഡിയിലുള്ളത്. പത്മകുമാറിന്റെ ഭരണ കാലത്തെ ബോർഡ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, മറ്റ് ജീവനക്കാർ എന്നിവരുടെ മൊഴി അന്വേഷണ സംഘം ശേഖരിച്ചു വരികയാണ്. ഇത് പൂർത്തിയായ ശേഷം പത്മകുമാർ അടക്കമുള്ള ബോർഡ് അംഗങ്ങൾക്കെതിരെയുള്ള നടപടികളിലേക്ക് സംഘം കടക്കുമെന്നാണ് വിവരം.

**ശബരിമല സ്വർണക്കൊള്ളക്കേസിൽ സി.പി.എമ്മിന് ഏറെ പ്രിയപ്പെട്ട നേതാവായ എൻ വാസുവിന്റെ അറസ്റ്റിന് പിന്നാലെ കൂടുതൽ ഉന്നതങ്ങളിലേക്ക് അന്വേഷണം വ്യാപിപ്പിച്ചിരിക്കുകയാണ് പ്രത്യേക അന്വേഷണ സംഘം. 2019-ൽ എ പത്മകുമാർ അധ്യക്ഷനായ ദേവസ്വം ബോർഡ് കേസിൽ പ്രതിപ്പട്ടികയിലുണ്ട്. പത്മകുമാറിന്റെ പ്രൈവറ്റ് സെക്രട്ടറിയെ കഴിഞ്ഞ ദിവസം ചോദ്യം ചെയ്തിരുന്നു.**

# റോക്ക് ലാൻഡിൽ ഇന്ത്യൻ ഹെറിറ്റേജ് ആഘോഷം: കേരളപിറവിയും ദീപാവലിയും ആഘോഷിച്ചു



ന്യൂയോർക്ക്: റോക്ക് ലാൻഡ് കൗണ്ടി ലെജിസ്‌ളേറ്റർ ഡോ. ആനി പോളിന്റെ നേതൃത്വത്തിൽ പാലിസേഡ്സ് സെന്റർ മാളിൽ പല വർഷങ്ങളായി ആഘോഷിച്ചു വരുന്ന ഇന്ത്യൻ ഹെറിറ്റേജ് ഡേ ഇത്തവണയും വിപുലമായി സംഘടിപ്പിച്ചു. ലോക്കൽ കമ്മ്യൂണിറ്റിയുമായി ഇന്ത്യൻ സംസ്കാരത്തെ ബന്ധിപ്പിക്കുന്ന ശക്തമായ ഒരു പാലമായി ഇത്തരം പരിപാടികൾ പ്രവർത്തിക്കുമെന്നതാണ് ഡോ. ആനി പോൾ മുന്നോട്ടു വച്ച ആശയം. ഇന്ത്യൻ ഹെറിറ്റേജ് ആന്റ് ആർട്സ് അവേർനെസ് (ICHAA) ക്ലബ്ബിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ഈ ആഘോഷത്തിൽ ആറുനൂറിലധികം പേർ പങ്കെടുത്തു.




ഡോ. ആനി പോൾ ഏവരെയും സ്വാഗതം ചെയ്തു. ന്യൂയോർക്കിലെ ഇന്ത്യൻ കോൺസുലേറ്റിൽ നിന്നുള്ള കോൺസൽ പ്രജ്ഞാ സിംഗ് മുഖ്യാതിഥിയായിരുന്നു. ICHAA പ്രസിഡന്റായ മാത്യു വർഗീസ്, ഡോ. ആനി പോളിനൊപ്പം വിവിധ നേതാക്കളെ പരിചയപ്പെടുത്തി.

സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ,

കൗണ്ടി ക്ലർക്ക് ഡോണ സിൽബർമാൻ, കൗണ്ടി ലെജിസ്ലേറ്റർ ടോണി ഏൾ, ലെജിസ്ലേറ്റർ പോൾ ക്ലിയറി എന്നിവരുൾപ്പെടെയുള്ള പ്രമുഖ രാഷ്ട്രീയ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു. NAACP സ്പ്രിംഗ് വാലി പ്രസിഡൻറ് വില്ലി ട്രാറ്റ്മാനും സന്നിഹിതനായിരുന്നു.







FOKANA, FOMAA, തുടങ്ങിയ സംഘടനകളുടെ നേതാക്കളായി പോൾ കറുകപ്പിള്ളി, ഫിലിപ്പോസ് ഫിലിപ്പ്, സജി പോത്തൻ, നോവ ജോർജ്, പി. ടി. തോമസ്, ജോസ് ചാരുംമൂട്, റോയ് ചെങ്ങന്നൂർ, ഇന്ത്യൻ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് റോയ് ആന്റണി, HVMA പ്രസിഡന്റ് വിശ്വനാഥൻ കുഞ്ഞുപിള്ള, ലിയോക്ലബ് പ്രസിഡന്റ് ഡൈന തോമസ് തുടങ്ങി ഒട്ടേറെ നേതാക്കൾ പങ്കെടുത്തു.

കലാപരിപാടികൾ ഏറെ ശ്രദ്ധേയവും മനോഹരവുമായിരുന്നു. അരിയാന കോവൂരിന്റെ അമേരിക്കൻ ദേശീയഗാനവും, തുടർന്ന് സ്നേഹ സോജിയുടെ ഇന്ത്യൻ ദേശീയഗാനവും അതീവ മനോഹരമായി.

മേള മൈത്രി റോക്ക്ലാൻഡ് ചെണ്ടമേളത്തിന്റെ പ്രകടനം സദസ്സിനെയാകെ ആവേശഭരിതമാക്കി. സാത്വിക ഡാൻസ് അക്കാദമിയുടെ ആർട്ടിസ്റ്റിക് ഡയറക്ടർ ദേവിക നായർ, നാട്യമുദ്ര സ്കൂൾ ഓഫ് ഡാൻസിന്റെ ആർട്ടിസ്റ്റിക് ഡയറക്ടർ ലിസ ജോസഫ്, മയൂര സ്കൂൾ ഓഫ് ആർട്സിന്റെ ബിന്ദിയ ശബരിനാഥ്, എന്നിവരും അവരുടെ വിദ്യാർത്ഥികളും വിവിധ നൃത്തങ്ങളുടെ ദൃശ്യവിരുന്നാക്കി. ഗുരു ഇന്ദ്ര രാജശേഖരിന്റെ നേതൃത്വത്തിലുള്ള ഗ്ലോബൽ മുദ്ര പെർഫോർമിംഗ് ആർട്സിലെ കലാകാരന്മാരും നൃത്തങ്ങൾ അവതരിപ്പിച്ചു. ദൃശ്യവിരുന്നാക്കി. അധ്യാപകരെയും കലാകാരന്മാരെയും ഡോ. ആനി പോൾ പ്രത്യേകമായി അഭിനന്ദിച്ചു.

ഷാജി ജോസഫ്, ബിൽജിൻ വർഗീസ്, വിപിൻ കുമാർ & വിശ്വനാഥൻ കുഞ്ഞുപിള്ള, യശസ്വിനി തേജസ്വിനി പോളംരാജു എന്നിവരുടെ ഗാനങ്ങളും സദസ്സിന്റെ വലിയ കൈയടി നേടി.

എല്ലാ കലാകാരന്മാർക്കും സർട്ടിഫിക്കറ്റുകൾ നൽകി ആദരിച്ചു. നാഷണൽ ഇന്ത്യൻ നഴ്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ ഓഫ് അമേരിക്ക (NIN-PAA) പ്രസിഡൻറ് സാറ അമ്പാട്ടിന്റെ നേതൃത്വത്തിൽ ഹെൽത്ത് ഫെയറും സംഘടിപ്പിച്ചു. മോണ്ടിഫിയോർ നായക് ഹോസ്പിറ്റലിലെ സ്റ്റാഫ് നിരവധി പേർക്ക് സൗജന്യ ഫ്ലൂ വാക്സിൻ നൽകി .

യൂത്ത് കൗൺസിൽ, ലിയോ ക്ലബ് അംഗങ്ങൾ വോളന്റീയർമാരായിരുന്നു. ഷൈമി ജേക്കബ് പങ്കെടുത്ത എല്ലാവർക്കും കൂടാതെ പാലിസേഡ്സ് മാൾ മാനേജ്മെന്റിനും നന്ദി അറിയിച്ചു. സൗണ്ട് സിസ്റ്റം ജേസൺ മാത്യുവും, ഫോട്ടോഗ്രഫി ജോജോ ജെയിംസും നിർവഹിച്ചു. ദിനത്തിന്റെ മനോഹര അവതരണവും പ്രോഗ്രാം മാനേജ്മെന്റും ടീന ആശിഷ് അറക്കത്ത് മികച്ച രീതിയിൽ നിർവഹിച്ചു. ഉച്ചയ്ക്ക് ഒന്നരയ്ക്ക് ആരംഭിച്ച പരിപാടികൾ വൈകുന്നേരം നാലരയോടെ സമാപിച്ചു.






Heritage
bration
& Diwali Festiv


dian Heritage
Celebration
ala Piravi & Diwali Festival
Rockland County


dian Herita
Celebration
ala Piravi & Diwa






PALISADES
CENTER


Indian Her
Celebrat
Kerala Piravi & Diw











emalayalee.com



Spice Village
TODDY SHOP
കള്ള് ഷാപ്പ്
ഷാപ്പിലെ കറികളും
നല്ല നാടൻ കള്ളും
Kallummakkaya (കല്ലുമ്മക്കായ)
Duck Mappas (താറാവ് മപ്പാസ്)
Meen Curry (മീൻകറി)
Mathi Varuthathu (മത്തി വറുത്തത്)
Beef Coconut Fry (പോത്ത് ഉലർത്ത്)
Crab Roast (ഞണ്ട് റോസ്റ്റ്)
Kappa (കപ്പ)
Idiyappam/Paratha (ഇടിയപ്പം പറോട്ട)
വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ 5–10 PM
8 Columbus Avenue, Tuckahoe, NY.
+1 (914) 779-5400 spicevillageny@gmail.com
www.spicevillageny.com

# വധശിക്ഷ നടപ്പാക്കാൻ ഷെയ്ഖ് ഹസീനയെ കൈമാറണമെന്ന ബാഗ്ലാദേശിന്റെ ആവശ്യം ഇന്ത്യ നിഷേധിക്കും




എ.എസ് ശ്രീകുമാർ

ആഭ്യന്തര കലാപത്തെത്തുടർന്ന് ഇന്ത്യയിൽ രാഷ്ട്രീയ അഭയം തേടിയ ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയ്ക്ക് അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ വധശിക്ഷ പ്രഖ്യാപിച്ചതിനു പിന്നാലെ ബംഗ്ലാദേശിൽ വൻ സംഘർഷമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഷെയ്ഖ് ഹസീനയുടെ അവാമി ലീഗ് പാർട്ടി പ്രഖ്യാപിച്ച രാജ്യവ്യാപകമായ ലോക്ക് ഡൗണിനെ തുടർന്ന് ധാക്ക പോലുള്ള നഗരങ്ങളിൽ തീവെപ്പും നശീകരണ പ്രവർത്തനങ്ങളും ഉണ്ടായി. അവാമി ലീഗ് പ്രവർത്തകരും എതിരാളികളും തമ്മിൽ ഏറ്റുമുട്ടിയതോടെയാണ് ബംഗ്ലാദേശ് വീണ്ടും പ്രക്ഷുബ്ധമായത്. സംഘർഷത്തിൽ രണ്ട് പേർ കൊല്ലപ്പെട്ടതായാണ് വിവരം. അതേസമയം, ഹസീന ഇന്ത്യയിലേക്ക് കടന്നെങ്കിലും അവാമി ലീഗ് സംഘർഷത്തിൽ നിന്ന് പിന്മാറിയിരുന്നില്ല.

കഴിഞ്ഞ വർഷം ജൂലൈയിലുണ്ടായ പ്രക്ഷോഭത്തെ തുടർന്ന് ഓഗസ്റ്റ് അഞ്ചിനാണ് ഹസീന രാജിവെച്ചത്. അന്നു മുതൽ രാജ്യം രാഷ്ട്രീയ സ്തംഭനത്തിലാണ്. സർക്കാർ ജോലികൾക്കുള്ള ക്വാട്ടയെ ചൊല്ലി ഉണ്ടായ സമാധാനപരമായ വിദ്യാർത്ഥി പ്രതിഷേധമാണ് രൂക്ഷമായ കലാപത്തിലും രക്തച്ചൊരിച്ചിലിലും കലാശിച്ചത്. 1971-ൽ നടന്ന ബംഗ്ലാദേശ് വി

മോചന സമരത്തിൽ പങ്കെടുത്തവരുടെ തലമുറയിൽപ്പെട്ടവർക്ക് സർക്കാർ ജോലികളിൽ നൽകി വന്നിരുന്ന 30 ശതമാനം സംവരണം ഇല്ലാതാക്കണമെന്ന് ആവശ്യപ്പെട്ട് 2024 ജൂലൈയിലാണ് ബംഗ്ലാദേശ്, സംവരണവിരുദ്ധ പ്രക്ഷോഭങ്ങൾക്ക് വേദിയാകുന്നത്.

കാലം മാറിയിട്ടും മാറാത്ത വിവേചനത്തിനെതിരെ പ്രധാനമായും തെരുവിലിറങ്ങിയത് രാജ്യത്തെ വിദ്യാർഥികളായിരുന്നു. സർക്കാരിനെതിരെ പ്രക്ഷോഭം നയിച്ച വിദ്യാർഥികളെ നേരിടാൻ ഷെയ്ഖ് ഹസീനയുടെ അവാമി ലീഗിന്റെ വിദ്യാർഥി സംഘടനയും പൊലീസും നിരത്തിലിറങ്ങിയതോടെ പ്രക്ഷോഭത്തിൽ പൊലിഞ്ഞത് ഇരുന്നൂറോളം പേരുടെ ജീവനാണ്. പതിനായിരത്തിലധികം പേർ അറസ്റ്റിലാവുകയും ചെയ്തു. സംവരണം വെട്ടികുറച്ച് പ്രക്ഷോഭം തണുപ്പിച്ചെങ്കിലും പ്രതിഷേധിച്ച വിദ്യാർഥികൾ വീണ്ടും തെരുവിലിറങ്ങി. പ്രക്ഷോഭത്തിൽ വിദ്യാർഥികൾ കൊല്ലപ്പെട്ടതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്ത് ഷെയ്ഖ് ഹസീന മാപ്പ് പറയണമെന്നായിരുന്നു വിദ്യാർഥികളുടെ പ്രധാന ആവശ്യം.

ഒപ്പം വിദ്യാർഥികളെ നേരിട്ട ബംഗ്ലാദേശ് ഛാത്ര ലീഗിനെ പുറത്താക്കുക, ആഭ്യന്തര മന്ത്രിയും ഗതാഗത മന്ത്രിയും രാജിവയ്ക്കുക, കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുക, വിദ്യാർഥികളെ കൊലപ്പെടുത്തിയ പൊലീസുകാരെ പുറത്താക്കുക എന്നി ആവശ്യങ്ങൾ മുന്നോട്ടുവച്ചു. വിദ്യാർഥികളുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ല എന്ന് മാത്രമല്ല രാജ്യത്തെ അസ്ഥിരപ്പെടുത്താൻ നോക്കുന്ന ഭീകരരാണ് അവരെന്ന് ഹസീന മുദ്രകുത്തി. പിന്നാലെയുണ്ടായത് ബംഗ്ലാദേശ് അതുവരെ കാണാത്ത പ്രക്ഷോഭ ദിനങ്ങളായിരുന്നു. വിദ്യാർഥികൾ ഹസീനയുടെ ഔദ്യോഗിക വസതി കൂടി വളഞ്ഞതോടെ അവർ ഇന്ത്യയിലേയ്ക്ക് പലായനം ചെയ്യുകയും ബംഗ്ലാദേശിന്റെ നിയന്ത്രണം സൈന്യം ഏറ്റെടുക്കുകയുമായിരുന്നു.

ഐക്യരാഷ്ട്രസഭയുടെ കണക്ക് പ്രകാരം 2024 ജൂലായ് 15 മുതൽ ഓഗസ്റ്റ് 15 വരെ നീണ്ട പ്രക്ഷോഭത്തിൽ ഏകദേശം 1400-ഓളം പേരാണ് കൊല്ലപ്പെട്ടത്. പ്രക്ഷോഭവുമായി ബന്ധപ്പെട്ട സൈനിക നടപടി കേസിലാണ് ഷെയ്ഖ് ഹസീനയ്ക്ക് വധശിക്ഷ വിധിച്ചത്. കൊലപാതകം, ഉന്മൂലനം, പീഡനം, മറ്റ് മനുഷ്യത്വരഹിതമായ പ്രവൃത്തികൾ എന്നിവയുൾപ്പെടെയുള്ള കുറ്റകൃത്യങ്ങളുടെ പേരിലാണ് ഹസീനയെ ശിക്ഷിച്ചത്. വിധി പ്രസ്താവം പൂർത്തിയായതിന് പിന്നാലെ ധാക്കയിലെ പ്രത്യേക അന്താരാഷ്ട്ര ട്രിബ്യൂണൽ കോടതിയിൽ കരഘോഷങ്ങൾ ഉയർന്നു. 1971-ലെ സ്വാതന്ത്ര്യ സമരത്തിനു ശേഷം ബംഗ്ലാദേശിൽ ഉണ്ടായ ഏറ്റവും മോശം സാഹചര്യമായിരുന്നു കഴിഞ്ഞ വർഷം അരങ്ങേറിയത് എന്നാണ് യു.എൻ റിപ്പോർട്ട് ഉൾപ്പെടെ ചൂണ്ടിക്കാട്ടുന്നത്.

ഹസീന ഇന്ത്യയിലായതിനാൽ, വിധി നടപ്പാക്കുമോ എന്നതാണ് ഹസീന വിരുദ്ധരുടെ ആശങ്ക. ഹസീനയെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ബംഗ്ലാദേശ് സർക്കാർ ഇന്ത്യൻ സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. 2013-ലെ ഇന്ത്യ-ബംഗ്ലാദേശ് കുറ്റവാളി കൈമാറ്റ കരാർ പ്രകാരം ഹസീ



**ഹസീന ഇന്ത്യയിലായതിനാൽ, വിധി നടപ്പാക്കുമോ എന്നതാണ് ഹസീന വിരുദ്ധരുടെ ആശങ്ക. ഹസീനയെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ബംഗ്ലാദേശ് സർക്കാർ ഇന്ത്യൻ സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. 2013–ലെ ഇന്ത്യ–ബംഗ്ലാദേശ് കുറ്റവാളി കൈമാറ്റ കരാർ പ്രകാരം ഹസീനയെ തിരിച്ചയക്കണമെന്നാണ് ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിന്റെ ആവശ്യം.**

നയെ തിരിച്ചയക്കണമെന്നാണ് ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിന്റെ ആവശ്യം. ഒരാൾക്കെതിരെ കുറ്റം ചുമത്തുകയോ, ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമേ അത്തരമൊരാളെ കൈമാറ്റ അപേക്ഷ നൽകാൻ കഴിയൂകയുള്ളുവെന്ന് കരാർ പറയന്നു.

ഹസീനയുടെ കാര്യത്തിൽ, 'മനുഷ്യവംശത്തിനെതിരായ കുറ്റകൃത്യങ്ങൾ' ആരോപിച്ച് ഇന്റർനാഷണൽ ക്രൈംസ് ട്രിബ്യൂണൽ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരമാണ് ഹസീനയെ കൈമാറണമെന്നാവശ്യപ്പെട്ട് ബംഗ്ലാദേശ് ഇടക്കാല സർക്കാർ ഇന്ത്യക്ക് അപേക്ഷ നൽകിയത്. എന്നാൽ ഷയ്ഖ് ഹസീനക്ക് വധശിക്ഷ നൽകികൊണ്ടുള്ള കോടതി വിധി തട്ടിപ്പെന്ന നിലപാടെടുത്തിരിക്കുന്ന ഇന്ത്യ അവരെ ബംഗ്ലാദേശിന് കൈമാരാനുള്ള ഒരു സാധ്യതയുമില്ല. നിലവിലെ സാഹചര്യത്തിൽ ഷെയ്ഖ് ഹസീനയെ കൈമാറുന്നത് പ്രശ്നം രൂക്ഷമാക്കാനെ ഇടയാക്കുവെന്നും പ്രശ്ന പരിഹാരത്തിന് സഹായകമാകില്ലെന്നുമാണ് കേന്ദ്ര സർക്കാർ വൃത്തങ്ങൾ പറയുന്നത്.

ഹസീനയുടെ കേസിൽ കരാറിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥകൾ പ്രകാരം രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള കേസുകളാണെന്ന് കണക്കാക്കി കൈമാറ്റം നിരസിക്കാൻ ഇന്ത്യക്ക് കഴിയും. പ്രക്ഷോഭത്തിലൂടെ ഹസീനയെ പുറത്താക്കുകയും മുഹമ്മദ് യൂനുസ് നയിക്കുന്ന ഇടക്കാല ഭരണകൂടം അധികാരത്തിൽ വരികയും ചെയ്ത സാഹചര്യത്തിൽ ഹസീനയ്ക്കെതിരായ കുറ്റകൃത്യം രാഷ്ട്രീയ ലക്ഷ്യത്തോടെയാണെന്ന് ഇന്ത്യക്ക് വാദിക്കാൻ കഴിയും. സദുദ്ദേശത്തോടെ അല്ലാത്ത കേസുകളിൽ കൈമാറ്റ അപേക്ഷ നിരസിക്കാമെന്നുമാണ് വ്യവസ്ഥ. ഹസീനയ്ക്കെതിരായ കുറ്റകൃത്യങ്ങൾ സദുദ്ദേശ്യത്തോടെയാണെന്ന് തെളിയിക്കുക ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിനെ സംബന്ധിച്ചിടത്തോളം ശ്രമകരമാണ്.

emalayalee.com




#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123

# ഫോമാ ലാസ് വേഗസ് കുടുംബസംഗമം വൻവിജയമായി



പന്തളം ബിജു

ലാസ് വേഗസ്: ഫോമാ വെസ്റ്റേൺ റീജിയന്റെ ആഭിമുഖ്യത്തിൽ ലാസ് വേഗസിൽ നടത്തിയ ഫാമിലി നൈറ്റ് പങ്കാളിത്തം കൊണ്ടും പരിപാടികളുടെ മികവ് കൊണ്ടും വൻവിജയമായി. ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.

ഓൺലൈൻ രെജിസ്ട്രേഷൻ ക്ലോസ്സ് ചെയ്തശേഷം വാക് ഇൻ രെജിസ്ട്രേഷനായി വന്നവർക്ക് ഇരിപ്പിടമില്ലാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തി. നൂറ് റെജിഷ്ട്രേഷനിൽ നിന്നും ഇരട്ടിയിലധികമായ ഇരുനൂറിലേക്ക് എത്തിയപ്പോഴേക്കും ഹാൾ നിറഞ്ഞുകവിഞ്ഞു.

റീജിയണൽ വൈസ് പ്രസിഡന്റ് ജോൺസൺ ജോസഫിന്റെയും ബിസിനസ് ചെയർ ബിജു സക്കറിയായുടെയും നേതൃത്വത്തിൽ നടന്ന പരിപാടിയിൽ റീജിയനിൽ നിന്നുള്ള എല്ലാ അംഗസംഘടനകളും പങ്കെടുത്തു. RVP ജോൺസൺ, എല്ലാവരെയും സദസ്സിന് പരിചയപ്പെടുത്തി സ്വാഗതം ചെയ്തു. അമേരിക്കയിലൂടനീളമുള്ള ഫോമാ പ്രവർത്തകർ പങ്കെടുത്ത ഈ പരിപാടി മലയാളികളുടെ സംഘടനാ ശക്തി വിളിച്ചോതുന്നതായി അദ്ദേഹം എടുത്ത് പറഞ്ഞു.

ചെയർമാൻ റെനി പൗലോസിന്റെ ഈശ്വര പ്രാർത്ഥനയോടെ തുടക്കം കുറിച്ച പൊതുപരിപാടിയിൽ എലൈൻ സജി അമേരിക്കൻ ദേശീയഗാനവും, നിർമല സജിത്ത്, വിനിത സുകുമാരൻ എന്നിവർ ഇൻഡ്യൻ ദേശീയഗാനവും ആലപിച്ചു.

ഫോമ പ്രസിഡന്റ് ബേബി മണക്കുന്നേൽ, സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, ഫോമ മുൻപ്രസിഡന്റ് ജോൺ ടൈറ്റസ്, ബിസിനസ് ചെയർ ബിജു സക്കറിയ എന്നിവർ ആശംസകൾ നേർന്നു.

മിസ് കാലിഫോർണിയ ടീൻ ഫസ്റ്റ് റണ്ണർ അപ്പ് എലൈൻ സജിയെ സദസിൽ ആദരിച്ചു. സജി കപ്പാട്ടിലിന്റെയും ഡോ. രെശ്മി സജിയുടെയും പുത്രിയാണ്.

ഡോക്ടർ മഞ്ജു പിള്ളയുടെ നേതൃത്വത്തിൽ നടന്ന ഫാഷൻ

ഷോ ഹൃദ്യമായി. പ്രായം മറന്ന് ഷോയിൽ പങ്കെടുത്തത് ആസ്വാദകരിൽ കൗതകമായി.



റീജിയണൽ കമ്മിയുടെ പ്രത്യേക ക്ഷണ പ്രകാരം എത്തിയ നാഷണൽ നേതാക്കളായ ഫോമാ ബൈലോ കമ്മിറ്റി ചെയർമാൻ ജോൺ സി. വർഗീസ്, നാഷണൽ കമ്മറ്റി അംഗങ്ങളായ തോമസ് കർത്തനാൽ, മോളമ്മ വർഗീസ്, ബിജു തോണിക്കടവിൽ, മാത്യു വർഗീസ്, അനു സ്കറിയ, ബിനോയ് തോമസ്, രേഷ്മ രഞ്ജൻ, സാമുവൽ മത്തായി, ജിഷോ തോമസ്, രാജു പള്ളത്ത്, മോൻസി വർഗീസ്, എന്നിവരെ പ്രത്യേകം ആദരിച്ചു.

നാഷണൽ കമ്മിറ്റി അംഗങ്ങളായ സുജ ഔസോ, സജൻ മൂലേപ്ലാക്കിൽ, ഡോ. മഞ്ജു പിള്ള, ആഗ്നസ് ബിജു, റീജിയണൽ ട്രഷറർ മാത്യു ചാക്കോ, വൈസ് ചെയർമാൻ ജോസഫ് ഔസോ, ജോയിന്റ് സെക്രട്ടറി സെൽബി കുര്യാക്കോസ്, പി. ആർ.ഒ പന്തളം ബിജു തോമസ്, ജാസ്മിൻ പരോൾ, ഡോ. രശ്മി സജി, രാജൻ ജോർജ്, ജാക്സൺ പൂയപ്പാടം, പോൾ ജോൺ, ഷാൻ പരോൾ, സർഗം പ്രസിഡന്റ് വിൽസൺ നെച്ചിക്കാട്ട്, കൊളറാഡോ മലയാളി അസോസിയേഷൻ പ്രസിഡന്റ് വിമൽ ആൻഡ്രൂസ്, മങ്ക പ്രസിഡന്റ് പത്മപ്രിയ പാലോട്ട്, കേരള അസോസിയേഷൻ ഓഫ് ലാസ് വേഗസ് പ്രസിഡന്റ് ഡോ.തോംസൺ ചെമ്പ്ലാവിൽ, സെക്രട്ടറി ഡേവിഡ് പറപ്പിള്ളി, എന്നിവർ പരിപാടിയുടെ വിജയത്തിനായി പ്രവർത്തിച്ചു.



കേരള അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ വൻപിച്ച പങ്കാളിത്തവും ശ്രദ്ധേയമായി.

ലോസ് ആഞ്ചൽസിൽ നിന്നുമുള്ള ആസ്ഥാന ഗായകനായ ബിജു മാത്യുവിന്റെ ലൈവ് ഗാനമേള ഇടവേളകളിൽ പരിപാടികൾക്ക് കൊഴുപ്പേകി.

സെക്രട്ടറി സജിത് തൈവളപ്പിൽ ഏവർക്കും നന്ദി രേഖപെടുത്തി.







# ബ്രൂക്ലിൻ രൂപതയിൽ ഷീബ ഗ്ലാഡ്സന് ഷൈനിങ് സ്റ്റാർ ബഹുമതി



**പോൾ ഡി. പനക്കൽ**

രണ്ടു പതിറ്റാണ്ടുകളിലധികം സമുദായത്തിന് നൽകിയ സർവ്വതോമുഖമായ സേവനത്തിന്റെ അംഗീകാരമായി ബ്രൂക്ലിൻ രൂപത ഷീബ ഗ്ലാഡ്സനെ (ബിന്ദു ചെറിയപറമ്പിൽ) "ഷൈനിങ് സ്റ്റാർ"" ബഹുമതി നൽകി ആദരിച്ചു. അമേരിക്കയിലെ ഏറ്റവും അധികം വംശീയ വൈവിധ്യമുള്ള ബ്രൂക്ളിൻ രൂപത സമുദായത്തിന്റെ മേന്മയ്ക്ക് നൽകുന്ന അർപ്പിത സേവനത്തിന് വ്യക്തികൾക്ക് ഓരോ വർഷവും നൽകുന്ന ഈ ബഹുമതിയെ ആ വ്യക്തികളുടെ കഠിനാദ്ധ്വാനത്തിന്റെയും സംസ്കാര പാരമ്പര്യത്തിന്റെയും അന്തർവംശീയ സൗഹൃദ പോഷണത്തിന്റെയും ആഘോഷം കൂടി ആയാണ് രൂപത കണക്കാക്കുന്നത്.

ചങ്ങനാശ്ശേരി അതിരൂപതയിൽ നിന്ന് മുംബൈ അതിരൂപതയിലെ ടിം ചെറിയപറമ്പിലിനെ വിവാഹം ചെയ്തതോടെ ലത്തീൻ ആരാധനാക്രമം സ്വീകരിച്ച ഷീബ രണ്ടായിരത്തിലൊന്നിൽ അമേരിക്കൻ ഐക്യനാടുകളിലേക്കു കുടിയേറിയതു മുതൽ ന്യൂ യോർക്ക് സിറ്റിയിലെ ക്യൂൻസ് ഔർ ലേഡി ഓഫ് ദി സ്നോസ് ഇടവകപ്പള്ളി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഇന്ത്യൻ ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിയുടെ ആല്മീയവും സാംസ്കാരികവും സാമൂഹികവുമായ ശക്തിക്കും നിലനിൽപ്പിനും ഉയർച്ചയ്ക്കും വേണ്ടി അനവരതം പ്രവർത്തിക്കുകയായിരുന്നു. വാലെന്റൈൻസ് ഡയിൽ ദമ്പതിമാരുടെ വിവാഹ പ്രതിജ്ഞ പുതുക്കൽ, നൊയമ്പുകാല തീർത്ഥാടനം, മെയ് മാസ ജപമാലാ പ്രദക്ഷിണം, താങ്ക്സ്ഗിവിങ് ആഘോഷം, മാതൃ/പിതൃ ദിനാഘോഷം, ആഗമനകാല കരോളിംഗ്, സമ്മർ പിക്നിക്, അൽഫോൻസാ പുണ്യവതിയുടെ ഫീസ്റ്റ് എന്നിവ വിനയപൂർവ്വം സംഘടിപ്പിച്ചതിനോടൊപ്പം കുടുംബങ്ങൾ തമ്മിലുള്ള പരസ്പര സൗഹൃദം വർധിപ്പിക്കുന്നതിനും സാംസ്കാരിക പൈതൃകത്തിൽ ഊന്നിയുള്ള കുട്ടികളുടെ പരി

പോഷണം സമ്പന്നമാക്കുന്നതിനും ഷീബയുടെ നൈസർഗ്ഗിക വ്യക്തിപ്രഭാവം അമൂല്യമായ പങ്കു വഹിച്ചിട്ടുണ്ട്.

കേരളത്തിൽ അസംപ്ഷൻ കോളേജിൽ പഠിക്കുമ്പോൾ വിദ്യാർത്ഥി പ്രതിനിധിയായി കോളേജ് യൂണിയനിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഷീബ അവിടത്തെ പ്രവർത്തനങ്ങളോടൊപ്പം റിലീജിയസ് എജുക്കേഷൻ അദ്ധ്യാപിക, ലെക്ടർ, യൂത്ത് ഗ്രൂപ്പ് ലീഡർ, ചെറുപുഷ്പ മിഷൻ ലീഗിലെയും കൊയർ ഗ്രൂപ്പിലെയും സജീവാംഗം എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

ഭർത്താവ് ടിം ഗ്ലാഡ്സൺ ചെറിയപറമ്പിൽ അഞ്ചു വർഷക്കാലം നീണ്ടു നിന്ന തന്റെ permanent ഡീക്കൻ പഠനം വിജയപൂർവ്വം പൂർണ്ണമാക്കിയതിനു പിന്നിൽ തന്റെ ജീവിത പങ്കാളിയായ ഷീബയുടെ പൂർണ്ണ പിന്തുണയും സഹായവും നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്.

ഔർ ലേഡി ഓഫ് ദി സ്നോസ് പള്ളിയിൽ എക്സ്ട്രാ-ഓർഡിനറി മിനിസ്റ്റർ ഓഫ് ഹോളി കമ്മ്യൂണിയൻ, റിലീജിയസ് എജുക്കേഷൻ ടീച്ചർ, പാരിഷ് പാസ്റ്ററൽ കൗൺസിൽ, ലീഡർഷിപ്പ് കമ്മിറ്റി, ബാപ്റ്റിസം പ്രീപറേഷൻ ടീം, സ്പെഷ്യൽ ഇവെന്റ്സ് കമ്മിറ്റി, എന്നിവയിലെ അംഗം, മിനിസ്റ്റർ ഓഫ് സിക്ക് ആൻഡ് ഹോം ബൗണ്ട് എന്നീ നിലകളിലും തന്റെ നിസ്വാർത്ഥ സേവനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം തന്നെ ഈ "ഷൈനിങ് സ്റ്റാർ" ഔർ ലേഡി ഓഫ് ദി സ്നോസ് ഇടവകയുടെ ട്രസ്റ്റിയായി അതിന്റെ പദ്ധതികൾക്കും നടത്തിപ്പിനും അമൂല്യമായ ഭാഗഭാഗിത്വം വഹിച്ചുകൊണ്ടിരിക്കുന്നു.




ബോംബെയിലും രാജസ്ഥാനിലും കൺസൾട്ടിങ് എൻവയോൺമെന്റൽ എൻജിനീയറായി ഔദ്യോഗിക ജീവിതം നയിച്ച ഷീബ ന്യൂ യോർക്ക് സിറ്റി ഡിസൈൻ ആൻഡ് കൺസ്ട്രക്ഷനിൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിവിഷന്റെ ഡയറക്റ്റർ ആയി പ്രവർത്തിക്കുന്നു.

ബ്രൂക്ലിനിലെ ഗാർജിയുലോസ് റെസ്റ്റോറന്റിൽ രൂപത സംഘടിപ്പിച്ച ഡിന്നർ സമ്മേളനത്തിൽ രൂപതാധ്യക്ഷൻ ബിഷപ് റോബർട്ട് ബ്രെന്നന് ഷീബയ്ക്ക് ബഹുമതി ഫലകം നൽകി. കുടിയേറ്റക്കാരുടെ നാടായ അമേരിക്കയിൽ ബ്രൂക്ളീൻ രൂപതയിൽ പുതിയ കുടിയേറ്റക്കാർക്ക് എന്നും വരവേൽപ്പുനൽകുന്ന രൂപതായിയിരിക്കുമെന്ന് ബിഷപ് ബ്രണ്ണൻ തന്റെ പ്രസംഗത്തിൽ ഉറപ്പിച്ചു പറഞ്ഞു.



# റോക്ക്ലാൻഡിൽ സെയിന്റ്സ് സിംഫണി ടാലന്റ് ഷോ അരങ്ങേറി







ജേക്കബ് ജോർജ്

ന്യൂയോർക്ക് : റോക്ക്ലാൻഡ് കൗണ്ടിയിലുള്ള സെയിന്റ്സ് സിംഫണി പിയാനോ & മ്യൂസിക് സ്കൂളിന്റെ നേതൃത്വത്തിൽ താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോ അതിപ്രൗഢമായി നടത്തപ്പെട്ടു. 2013-ൽ സ്ഥാപിതമായ സ്ക്കൂളിന്റെ വാർഷികാഘോഷങ്ങൾ പിന്നീടുള്ള എല്ലാ വർഷവും നവംബർ മാസത്തിൽ താങ്ക്സ് ഗിവിംഗിനോടനുബന്ധിച്ച്, ടാലന്റ് ഷോ ആയി നടത്തി വരുന്നു. വിദ്യാർത്ഥികളുടെ പഠനത്തോടനുബന്ധിച്ചുള്ള പ്രസ്തുത കലാപരിപാടികളിലൂടെ, അവരുടെ നൈസർഗീകമായ കലാവാസനകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു വേദിയായിട്ടും താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോ അവസരം ഒരുക്കുന്നു.

സെയിന്റ്സ് സിംഫണി വിദ്യാർത്ഥികൾ ഇവാനാ ഉമ്മൻ, അലൈന വർഗീസ്, സേല ബാബു, ഇല്ലൈജ ഏബ്രഹാം, ജോഷ്വാ ആന്തണി എന്നിവരുടെ അമേരിക്കൻ-ഇൻഡ്യൻ ദേശീയ ഗാനങ്ങളോടെ ആരംഭിച്ച ടാലന്റ് ഷോയിൽ പിയാനോ റിസൈറ്റൽ, ഗാനാലാപങ്ങൾ, നൃത്തങ്ങൾ തുടങ്ങിയ്‌വ ഇടതടവില്ലാതെ വേദിയിൽ അരങ്ങേറിത് ഹൃദ്യവും കർണ്ണാനന്ദകരവും ആയിരുന്നു.

മുഖ്യാതിഥികളെയും, വിദ്യാർത്ഥികളെയും മാതാപിതാക്കളേയും മറ്റ് അഭ്യുദയകാംക്ഷികളേയും സ്ക്കൂൾ ഡിറക്ടർ ജേക്കബ്






ജോർജ് സ്വാഗതം ചെയ്തു. വിദ്യാർത്ഥികളുടെ സ്ഥിരമായ പരിശീലനത്തിന് മാതാപിതാക്കളുടെ നിരന്തരമായ ശ്രദ്ധയും പിന്തുണയും അത്യന്താപേക്ഷിതമാണെന്ന് സ്വാഗത പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി.

റോക്ക്‌ലാൻഡ് കൗണ്ടി ലജിസ്ലേറ്റർ ഡോ. ആനി പോൾ തന്റെ ആശംസാപ്രസംഗത്തിൽ വിദ്യാർത്ഥികളിലുള്ള കലാവാസനയെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും, അതിനായി മാതാപിതാക്കൾ എടുക്കേണ്ടുന്ന പരിശ്രമത്തിന്റെ പ്രാധാന്യവും എടുത്തു പറയുകയുണ്ടായി. കുഞ്ഞുങ്ങളിൽ നല്ല ശീലങ്ങൾ പരിശീലിക്കപ്പെടുകയും ഒപ്പം അവരുടെ ബുദ്ധി വികാസത്തിന് ഉതകുന്ന പഠന രീതിയുമാണ് ഇതിലൂടെ സാദ്ധ്യമാകുന്നത് എന്നും ഊന്നിപ്പറഞ്ഞു. പിയാനോ പഠനം തൻറെ വളരെ നാളത്തെ ഒരാഗ്രഹമായിരുന്നെന്നും അത് സാദ്ധ്യമായത് വളരെ സന്തോഷമാണെന്നും സൂചിപ്പിക്കുകയുണ്ടായി.

ടാക്സ് പ്രാക്ടീഷ്ണറും അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകനും കൂടിയായ പി.റ്റി. തോമസ് തന്റെ ആശംസാ പ്രസംഗത്തിൽ സെയിന്റ്സ് സിംഫണി, വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രോത്സാഹനം പ്രശംസനീയമാണെന്നും അത് അടുത്ത തലമുറയ്ക്ക് പകരുന്ന സന്ദേശം ശക്തമാണെന്നും പറയുകയുണ്ടായി.

റവ.ഫാ.ഡോ.രാജു വർഗീസ്, ഫിലിപ്പോസ് ഫിലിപ്പ്, ജോർജ് ജോസഫ്(ഇ-മലയാളി), ജിജി ടോം, കുരുവിള ചെറിയാൻ സജിപോത്തൻ, ഷൈമി ജേക്കബ്, ടോം നൈനാൻ, ഡോ.ലിബി മാത്യു, ജോസഫ് മുണ്ടഞ്ചിറ, മാണി ജോർജ്, ജേക്കബ് ചൂരവടി, റോയി ചെങ്ങന്നൂർ, തുടങ്ങിയവർ വിവിധ സഭകളെയും, സംഘടനകളെയും, പ്രസ്ഥാനങ്ങളേയും പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി.



സെയിന്റ്സ് സിംഫണി സ്ക്കൂളിനെ റോക്ലാൻഡ് കൗണ്ടിയുടെ നെടുംതൂണായി വിശേഷിപ്പിക്കുകയും പിയാനോ, മ്യൂസിക് എന്നിവയിലൂടെ ചെയ്യുന്ന പ്രവർത്തനങ്ങൾ പ്രസ്തുത സ്ക്കൂളിലെ വിദ്യാർത്ഥിനി എന്ന നിലയിൽ തനിക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരം ലഭിച്ചുകൊണ്ടിരിക്കുന്നതായും നന്ദി പ്രകാശനത്തിനിടയിൽ ഡോ.ആനി സാമുവേൽ സൂചിപ്പിക്കുകയുണ്ടായി.

ടാലന്റ് ഷോയുടെ ഭംഗിയായി പ്രവർത്തനത്തിന് പിന്നിൽ സ്മിത വർഗീസ്, സാബു ജോസഫ്, ജോർജ് പാപ്പൻചിറ, വർഗീസ് പാപ്പൻചിറ, അജു ഡാനിയേൽ, സിറിൽ നൈനാൻ, കുര്യൻ കോശി, ജോൺസൺ സാമുവൽ എന്നിവർ പ്രവർത്തിക്കുകയുണ്ടായി. പൂർവ്വ വിദ്യാർത്ഥികളായ മൈക്കൾ ജോർജ്, മറിയ ജോർജ്, സെറ വർഗീസ് എന്നിവരുടെ സഹകരണം പ്രശംസനീയമാണ്.

മൂന്ന് മണിക്കൂർ നേരം തുടർച്ചയായ കലാവതരണത്തിനു ശേഷം സ്ക്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകി. കൗണ്ടിയുടെ

സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിൽ ഡോ.ആനി പോളിന്റെ നിസ്വാർത്ഥമായ സഹകരണം ലഭിച്ചു. നിസ്മായുടെ 1 മുതൽ 6 വരെയുള്ള ലവലുകളിൽ ഒന്നാമതെത്തിയ വിദ്യാർത്ഥികൾക്ക് ട്രോഫികൾ നൽകുകയുണ്ടായി.

ഹെലേന സണ്ണി, ആരൺ ആന്തണി, ഇലൈജ ഏബ്രഹാം, ലിയാന ഏബ്രഹാം, അലൈന വർഗീസ്, ജോനഥൻ സാം, നഥാനിയേൽ സാമുവൽ, ഇവാന ഉമ്മൻ, വിൻസ് മാത്യു, എന്നീ വിദ്യാർത്ഥികൾ ട്രോഫികൾക്ക് അർഹരായി.

ദിവ്യാ ജേക്കബ് എം.സി.ആയിരുന്നു. സൗണ്ട് സിസ്റ്റം കിരൺ ചന്ദ്രഹാസയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു. എബിൻ മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന ഫോട്ടോ സെഷനും ഡിന്നറിനും ശേഷം ഈ വർഷത്തെ താങ്ക്സ് ഗിവിംഗ് ടാലന്റ് ഷോയ്ക്കു തിരശീല വീണു.
























































emalayalee.com



# മയാമിയിൽ ചരിത്രമെഴുതി വൈദിക കൂട്ടായ്മ കൊയ്നോനിയ 2025

ജോയ് കുറ്റ്യാനി

അമേരിക്കൻ മലയാളികളുടെ ക്രൈസ്തവ ആത്മീയ യാത്രക്ക് മഹത്തായ പുത്തൻ അദ്ധ്യായം എഴുതി ചേർത്താണ് മലയാളി കത്തോലിക്ക വൈദീക സമ്മേളനത്തിന് മയാമിയിൽ തിരിതെളിഞ്ഞത്.

ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിൽ മാത്രമല്ല വിശാലമായ അമേരിക്കൻ കത്തോലിക്ക സമൂഹത്തിനായി അമേരിക്കയിലുടനീളം ഇന്ന് അഞ്ഞൂറോളം മലയാളി കത്തോലിക്ക വൈദീകർ ആത്മീയ അജപാലന ശുശ്രൂഷകളും അതോടൊപ്പം വിവിധ മേഖലകളിലും വൈദീകർ സേവനം ചെയ്തു വരുന്നു.

കേരളത്തിന്റെ ആഴമേറിയ ആത്മീയ വിശ്വാസ പാരമ്പര്യവും, ഇന്ത്യൻ കത്തോലിക്ക സഭാ അനുഷ്ഠാനങ്ങളും ചേരുന്ന സീറോ മലബാർ, സീറോ മലങ്കര, ലാറ്റിൻ റീത്തുകളും, ക്നാനായ സഭയും, വിവിധ സന്ന്യാസി സമൂഹങ്ങളും കോൺഗ്രിഗേഷനുകളിൽ നിന്നുമുള്ള വൈദീകരുമാണ് ചിക്കാഗോ സീറോ മലബാർ രൂപതയുടെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇദംപ്രഥമമായി സംഘടിപ്പിക്കപ്പെട്ട അമേരിക്കൻ മലയാളി കത്തോലിക്ക വൈദീക മഹാസംഗമത്തിൽ പങ്കെടുത്തത്.



"കൊയ്നോനിയ 2025" എന്ന് പേരു നൽകിയ ഈ വൈദീക സമ്മേളനം; വിശ്വാസ - ആത്മീയ

ഐക്യത്തിന്റേയും, ഭക്തിയുടേയും, കൂട്ടായ ബലിയർപ്പണത്തിന്റേയും, സഹവർത്തിത്വത്തിന്റേയും, കലാസാംസ്കാരിക-വൈഭവ സമന്വയത്തിന്റേയും, അസാമാന്യമായ ഒരു മഹോത്സവമായി തീർന്നു.

നവംബർ 18, 19 തിയ്യതികളിലായി നടന്ന ഈ സമ്മേളനത്തിൽ നൂറ്റി അമ്പതോളം വൈദീകർ പങ്കെടുത്തു.

നവംബർ 18-ആം തിയതി ചൊവ്വാഴ്ച വയ്ക്ക്ന്നേരം അഞ്ചുമണിക്ക് കോറൽ സ്പ്രിങ്സ് സെൻറ് എലിസബത്ത് ആൻ സെറ്റൺ കാത്തലിക് ചർച്ച് മൈതാനത്ത് എത്തിച്ചേർന്ന മയാമി ആർച്ച് ബിഷപ്പ് തോമസ് വെൻസ്കി, അമേരിക്കൻ ബിഷപ്പ് കോൺഫ്രൻസ് അംഗവും പെൻസിക്കോള ബിഷപ്പുമായ വില്യം എ വാക്ക്, ചിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട്, ചിക്കാഗോ രൂപതയുടെ പ്രഥമ മെത്രാൻ ബിഷപ്പ് എമിററ്റസ്, ബിഷപ്പ് ജേക്കബ് അങ്ങാടിയത്ത്, വികാർ ജനറൽമാരായ ഫാ:ജോണ് മേലേപ്പുറം, ഫാ:തോമസ് കടുകപ്പള്ളി എന്നിവരോടൊപ്പം അതിഥികളായി എത്തിയ നൂറ്റി അൻപത് വൈദികരേയും കേരള തനിമയുടെ പാരമ്പര്യം ഉണർത്തുന്ന താലപ്പൊലിയും, മുത്തുക്കുടകളും, ചെണ്ടവാദ്യങ്ങളുടേയും അകമ്പടിയോടെ, ചുവപ്പ് പരവതാനിയിലൂടെ നൈറ്റ് ഓഫ് കൊളംബസിന്റെ ഗാർഡ് ഓഫ് ഓണർ ഏറ്റുവാങ്ങി ദേവാലയത്തിലേക്ക് ഘോഷയാത്രയായി ആനയിച്ചു.

തുടർന്ന് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോയ് ആലപ്പാട്ടിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൂന്ന് ബിഷപ്പുമാരുടെ സഹകാർമ്മികത്വത്തിലും 150 ളം വൈദീകരും ചേർന്ന് മലയാളത്തിൽ ഭക്തിനിർഭരമായി വിശുദ്ധ ബലിയും തിരുകർമ്മങ്ങളും അർപ്പിച്ചത് വിശ്വാസ സമൂഹത്തിന് അനിർവ്വചനീയമായ ഒരു ദൈവീകാനുഭസന്ധ്യയായി മാറുകയായിരുന്നു.

തുടർന്ന് അത്താഴ വിരുന്നും അതോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനത്തിൽ ബിഷപ്പ് ജോയ് ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു.

ആർച്ച് ബിഷപ്പ് തോമസ് വെൻസ്കി, കൊയ്നോനിയയുടെ ഔപചാരികമായ ഉത്ഘാടനം നിർവ്വഹിച്ചു. മലയാളി കത്തോലിക്ക വൈദിക സമൂഹം അമേരിക്കൻ സമൂഹത്തിന് ചെയ്തു വരുന്ന ശുശ്രൂഷകളേയും, സേവനങ്ങളേയും അദ്ദേഹം പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്തു.





ബിഷപ്പ് വില്യം എ വിക്കിന്റെ പ്രചോദനാത്മക സന്ദേശത്തിൽ കേരള വൈദീകരുടെ തീക്ഷ്ണമായ മിഷിനറി പ്രവർത്തനങ്ങളെ കുറിച്ചും പ്രവാസി വിശ്വാസ സമൂഹത്തിന്റെ ക്രൈസ്തവ സാക്ഷ്യത്തെ കുറിച്ചും, ഒന്നുമില്ലായ്മകളിൽ നിന്ന് കുറഞ്ഞ സമയം കൊണ്ട് അമേരിക്കയിൽ സീറോ മലബാർ സഭയുടെ വളർച്ചയും വിശ്വാസാധിഷ്ഠിതമായ ക്രൈസ്തവ കുടുംബ ജീവിതത്തെ കുറിച്ചും അഭിനന്ദനങ്ങൾ നേർന്നു സംസാരിച്ചു.

ഇന്ത്യക്ക് വെളിയിൽ സീറോ മലബാർ സഭക്ക് ആദ്യമായി ഒരു രൂപത ചിക്കാഗോയിൽ സ്ഥാപിക്കപ്പെടുകയും അതിന്റെ പ്രഥമ ബിഷപ്പാകുകയും ചെയ്ത ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന് അദ്ദേഹത്തിന്റെ എപ്പിസ്കോപ്പൽ ഓർഡിനേഷന്റെ സിൽവർ ജൂബിലി ആശംസകൾ അർപ്പിക്കുകയും, ബിഷപ്പ് ജോയ് ആലപ്പാട്ട് പൊന്നാട അണിയിച്ച് ആദരിക്കുകയും ജൂബിലി കേക്ക് മുറിച്ച് പങ്കുവെക്കുകയും ചെയ്തു.

പൊതുസമ്മേളനത്തിൽ സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ക്നാനായ വികാരി ജനറൽ റവ: ഫാ:തോമസ് മുളവനാൽ, ഇന്ത്യൻ കോൺസിൽ ജനറൽ അറ്റ്ലാന്റ ശ്രീ.രമേശ് ബാബു ലക്ഷ്മൺ തുടങ്ങിയവരുടെ ആശംസാ സന്ദേശം എൽ ഇ ഡി സ്ക്രീനിൽ പ്രദർശിപ്പിച്ചു. ചിക്കാഗോ സീറോ മലബാർ സഭയുടെ കഴിഞ്ഞ 25 വർഷത്തെ






ശ്രദ്ധേയമായ വളർച്ചയേയും, നേട്ടങ്ങളേയും കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശന വേദിയിൽ അവതരിപ്പിച്ചു. 2026 ജൂലൈ 9 മുതൽ 12 വരെ തീയതികളിൽ ചിക്കാഗോയിൽ വെച്ച് നടത്തപ്പെടുന്ന സീറോ മലബാർ രൂപതാ സിൽവർ ജൂബിലി കൺവെൻഷന്റെ കിക്ക് ഓഫ് വേദിയിൽ നടത്തപ്പെട്ടു. സിൽവർ ജൂബിലി കൺവെൻഷൻ ഗാനം പാടി പൊതു സമ്മേളനം സമാപിച്ചു.

തുടർന്ന് മയാമി ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന ദേവാലയത്തിലെ പ്രതിഭാധനരായ നൂറ്റി ഇരുപത്തിയഞ്ചോളം കലാകാരന്മാർ ചേർന്ന് അവതരിപ്പിച്ച സ്റ്റേജ് ഷോ "പാവനം" ഈ കലാസന്ധ്യയെ ഏറ്റവും ആകർഷകമാക്കി.

പൊതു സമ്മേളനത്തിൽ "കൊയ്നോനിയ 2025" ചെയർമാനും ഔവർ ലേഡി ഓഫ് ഹെൽത്ത് വികാരിയുമായ ഫാ:ജോർജ്ജ് ഇളമ്പാശ്ശേരി ആമുഖ പ്രസംഗവും, വികാരി ജനറലും പ്രീസ്റ്റ് ഗാദറിങ് സഹ രക്ഷാധികാരിയുമായ വികാരി ജനറൽ റവ: ഫാ: ജോൺ മേലേപ്പുറം സ്വാഗതവും, ജനറൽ കൺവീനർ ജോഷി ജോസഫ് കൃതജ്ഞതയും അർപ്പിച്ചു. ദീപാ ദീപു പരിപാടികളുടെ എം സി യുമായിരുന്നു.

മലയാളി പ്രീസ്റ്റ് സമ്മേളനം വിജയകരമാക്കുന്നതിന് ഇരുപതോളം വിവിധ കമ്മറ്റി ചെയർമാന്മാരും, കൈക്കാരൻമാരും, പള്ളിക്കമ്മറ്റി അംഗങ്ങളും, അനേകം വോളണ്ടിയേഴ്സും സുമനസ്സുകളും ഈ ആത്മീയ നേതാക്കന്മാരുടെ ഒത്തുചേരലിനായി വിവിധ പരിപാടികൾ സൂക്ഷ്മതയോടെ ആസൂത്രണം ചെയ്തു സഹായിച്ചു.

രൂപതയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നടത്തിയ ഈ വൈദീക സമ്മേളനം "കൊയ്നോനിയ 2025" വെറുമൊരു ആഘോഷമല്ല, അത് ഭാവിയിലെ സഭയുടെ ദൗത്യങ്ങൾക്ക് ആലോചന പകരുന്ന ആത്മീയ പ്രചോദന കേന്ദ്രമായി, സഹജീവിതത്തിന്റെ, സേവനത്തിന്റെ, ആത്മീയ ബന്ധത്തിന്റെ പ്രതീകമായി സഭയുടെ ദൗത്യങ്ങൾക്ക് വഴികാട്ടിയും, ദിശാസൂചികയുമായും മാറുമെന്ന് പ്രത്യാശിക്കുന്നതായി മാർ ജോയ് ആലപ്പാട്ട് അഭിപ്രായപ്പെട്ടു.

# സാജൻ അഗസ്റ്റിന് മികച്ച മൈനോറിറ്റി ബിസിനസ് അവാർഡ്

ന്യൂയോർക് : റോക്ക്‌ലാൻഡ് കൗണ്ടി ലെജിസ്ലേച്ചറിന്റെ Minority and Women-Owned Business Enterprise (MWBE) അവാർഡ് സാജൻ അഗസ്റ്റിന് ലഭിച്ചു. ലെജിസ്ലേറ്റീവ് ചേംബറിൽ നടന്ന ചടങ്ങിൽ കൗണ്ടി ലെജിസ്ളേച്ചറിന്റെ പരമോന്നത ബഹുമതിയായ ഡിസ്റ്റിംഗ്വിഷ്ഡ് സർവീസ് അവാർഡ് ലെജിസ്ലേറ്റർ ഡോ. ആനി പോൾ, സാജൻ അഗസ്റ്റിന് സമ്മാനിച്ചു.

ചെറുകിട ബിസിനസുകൾ നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുക മാത്രമല്ല, മറ്റുള്ളവരെ സേവിക്കാനും മാറ്റമുണ്ടാക്കാനും പ്രചോദിപ്പിക്കുകയും ചെയ്യുന്നു എന്ന് ലെജിസ്ലേറ്റർ ഡോ. ആനി പോൾ പറഞ്ഞു.

ദീർഘവീക്ഷണമുള്ള സംരംഭകനും ആരോഗ്യ സംരക്ഷണ പ്രവർത്തകനുമായ സാജൻ അഗസ്റ്റിൻ, റോക്ക്‌ലാൻഡ് കൗണ്ടിയിലുടനീളം വിപുലമായ പുനരധിവാസ, പെയിൻ മാനേജ്മെന്റ് സേവനങ്ങൾ നൽകുന്ന വെസ്റ്റ് നയാക് സ്പോർട്സ് മെഡിസിൻ, ട്രൈബോറോ പെയിൻ റീഹാബ് എന്നിവയുടെ സിഇഒ ആയി സേവനമനുഷ്ഠിക്കുന്നു.

സാജൻ സ്വന്തം ഫിസിക്കൽ തെറാപ്പി പ്രാക്ടീസ് വഴി ആരോഗ്യപരിചരണ രംഗത്ത് മാറ്റത്തിന്റെ ശബ്ദമായി



മാറിയിരിക്കുന്നു. രോഗികളെ ശാരീരികമായി മാത്രം ശക്തിപ്പെടുത്തുകയല്ല, മറിച്ച് അവരുടെ ആത്മവിശ്വാസവും ജീവിതനിലവാരവും വീണ്ടെടുക്കാൻ സഹായിക്കുന്ന കരുണയുള്ള മാർഗദർശകനാണ് അദ്ദേഹം.

ഒരു MWBE സംരംഭകനെന്ന നിലയിൽ, സാജന്റെ സമർപ്പണം ബിസിനസ് വിജയത്തിന്റെ അതിരുകൾക്കപ്പുറം വ്യാപിച്ചു നിൽക്കുന്നു. സമൂഹത്തിൽ ആരോഗ്യ ബോധവത്കരണം വളർത്താനും, വെൽനസ് പ്രോഗ്രാമുകൾ നടത്താനും, സഹായം ആവശ്യമുള്ളവരെ പിന്തുണയ്ക്കാനും അദ്ദേഹം സമയം കണ്ടെത്തുന്നു. വ്യക്തിഗത നേട്ടങ്ങൾക്കു പിന്നിൽ സമൂഹത്തിന്റെ ഉന്നമനമാണ് അദ്ദേഹത്തിന്റെ പ്രഥമ ലക്ഷ്യംഇതാണ് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും



വ്യത്യസ്തനാക്കുന്നത്.

തന്റെ പ്രൊഫഷണൽ വിജയത്തിനപ്പുറം, അഗസ്റ്റിൻ പൗരജീവിതത്തിൽ ആഴത്തിൽ സജീവമാണ്, ന്യൂയോർക്ക് സോഷ്യൽ ക്ലബ്ബിന്റെ വൈസ് പ്രസിഡന്റായി സേവനമനുഷ്ഠിക്കുകയും റോക്ക്ലാൻഡ് ഹിസ്പാനിക് ലോ എൻഫോഴ്സ്മെന്റ് അസോസിയേഷൻ, ബെറ്റർ ബിസിനസ് ബ്യൂറോ, ഏഷ്യൻ പൊളിറ്റിക്കൽ ഫോറം എന്നിവയുൾപ്പെടെ നിരവധി സംഘടനകളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.




റോക്ക്ലാൻഡ് കൗണ്ടിയിലെ MWBE ഉടമസ്ഥതയിലുള്ള ബിസിനസുകളെ ശക്തിപ്പെടുത്തണമെന്ന് ലക്ഷ്യമിട്ട്, ഡോ. ആനി പോളിന്റെ ശുപാർശയെ തുടർന്നാണ് MWBE സ്പെഷ്യൽ കമ്മിറ്റി ആരംഭിക്കപ്പെട്ടത്.


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ചിക്കാഗോ കെ സി എസ് ക്നാനായ നൈറ്റ് 2025 പ്രൗഢ ഗംഭീരമായി



ചിക്കാഗോ: ഗ്ലെൻ എലനിലെ കോളേജ് ഓഫ് ഡ്യൂപേജിൽ വച്ച് നടന്ന ക്നാനായ നൈറ്റ് 2025 പ്രൗഢ ഗംഭീരമായി. അനിവാര്യമായിരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അനൗൺസ് ചെയ്തിരുന്നത് പോലെ കൃത്യം 5:00 മണിക്ക് തന്നെ പ്രോഗ്രാമുകൾ സ്റ്റാർട്ട് ചെയ്തത് അംഗങ്ങൾക്കിടയിൽ കൂടുതൽ മതിപ്പുളവാക്കി. 170 ൽ പരം കുട്ടികളെ കോർത്തിണക്കിക്കൊണ്ട് കിഡ്സ് ക്ലബ് കോഡിനേറ്റേഴ്സ് കൃത്യം 5:00 മണിക്ക് തന്നെ കിഡ്സ് ക്ലബ് പ്രോഗ്രാമുകൾ തുടങ്ങുവാനായത് ക്നാനായ നൈറ്റിന് നല്ലൊരു തുടക്കമായി. കിഡ്സ് ക്ലബ്ബിന്റെ പ്രോഗ്രാമിനെ തുടർന്ന് കെ.സി.ജെ.എൽ, ഗോൾഡീസ്, സീനിയർ സിറ്റിസൺസ്, കെ.സി.വൈ.എൽ., യുവജനവേദി എന്നിവരുടെ പ്രകടനങ്ങൾ പരിപാടികൾക്ക് കൂടുതൽ മിഴിവേകി. അതിനുശേഷം നടന്ന വിമൻസ് ഫോറത്തിന്റെ



വൈവിധ്യമാർന്ന കലാപ്രഘടനങ്ങൾ ക്നാനായ നൈറ്റിന് കൂടുതൽ നിറച്ചേർത്തായി.

പരിപാടികളുടെ മധ്യത്തിൽ കെ.സി. സി. എൻ. എ യുടെ 16 മത് കൺവെൻഷൻ കിക്കോഫും നടത്തപ്പെടുകയുണ്ടായി. രജിസ്ട്രേഷൻ ഓപ്പൺ ആയതിനുശേഷം രണ്ട് ആഴ്ചയ്ക്കുള്ളിൽ തന്നെ ഏതാണ്ട് 500 ന് അടുത്ത ഫാമിലികൾ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് റെക്കോർഡ് ഏർലി രജിസ്ട്രേഷൻ ആണെന്ന് കെ സി സി എൻ എ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ കിക്ക് ഓഫ് മധ്യത്തിൽ പ്രഖ്യാപിക്കുകയുണ്ടായി

അതിനുശേഷം കെ.സി.എസിന്റെ സെൻസസ് ഫോം ഫിൽ ചെയ്തവരുടെ റാഫിൾ ഡ്രോയിങ് നടത്തപ്പെടുകയുണ്ടായി. റാഫിൾ ഡ്രോയിംഗിൽ സമ്മാനാർഹരായ ടോണി ആൻഡ് സൗമിക്ക് മലബാർ ഗോൾഡിന്റെ 750 ഡോളർ ഡയമണ്ട് വൗച്ചർ സമ്മാനിക്കുകയുണ്ടായി

പരിപാടികൾ അനൗൺസ് ചെയ്തിരുന്നതിനേക്കാൾ 15 മിനിറ്റ് നേരത്തെ സമാപിക്കാനായതിന് എല്ലാ സബ് ഓർഗനൈസേഷൻ കോഡിനേറ്റർമാരെയും, എംസിമാരെയും പ്രസിഡന്റ് ജോസ് ആനമല പ്രശംസിക്കുകയുണ്ടായി. വെന്യൂ തിരഞ്ഞെടുത്തതിലും, പരിപാടികളുടെ ഗുണനിലവാരത്തിലും, സമയക്രമം പാലിച്ചതിലും പങ്കെടുത്തവർ അത്യാന്തം സംതൃപ്തി പ്രകടിപ്പിക്കുകയും സംഘാടകരെ അഭിനന്ദിക്കുകയും ചെയ്തു



# ഐ. വർഗീസിനു കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ ആദരവ്




ഡാളസ് : 50 വർഷം പിന്നീടുന്ന കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ മുന്നണി പോരാളിയും സമാനതയില്ലാത്ത സംഘാടകനുമായ ഐ. വർഗീസിനു സംഘടന ആദരവ് അർപ്പിച്ചു .


നവംബർ 16 ഞായറാഴ്ച ഐ സി ഇ സി ഹാളിലാണ് പരിപാടി നടന്നത്. ഐ. വർഗീസിന്റെ പുരോഗമന ചിന്താഗതിയും ജനാധിപത്യ, മനുഷ്യത്വപരമായ നേതൃത്വവും അദ്ദേഹത്തെ സകലരുടെയും സ്നേഹാദരങ്ങൾക്കു പാത്രമാക്കി. ഇതെല്ലാം തന്നെ അസോസിയേഷന്റെ ഗുണകരമായ വളർച്ചക്ക് കാരണമായിരുന്നു. പ്രക്ഷുബ്ദമായ സാഹചര്യങ്ങളോട് സംയമനത്തോടെ നിഷ്പക്ഷതയോടെ സമീപിക്കുന്ന അദ്ദേഹം അമേരിക്കയിലെ കലസാംസ്കാരിക സമന്വയത്തിൻറെയും സാമൂഹിക ലയനത്തിൻറെയും ഉദാഹരണമാക്കി കേരള അസോസിയേഷൻ ഓഫ് ഡാളസിനെ മാറ്റി .

സണ്ണി ജേക്കബ്, പി. റ്റി സെബാസ്റ്റ്യൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി. പി ചെറിയാൻ, ബാബു മാത്യു, ജേക്കബ് സൈമൺ, ഐ സി ഇ സി പ്രസിഡന്റ് മാത്യു നൈനാൻ, ഐ സി ഇ സി സെക്രട്ടറി തോമസ് ഈശോ, സിജു കൈനിക്കര, അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗനൂലിൽ, അസോസിയേഷൻ സെക്രട്ടറി മഞ്ജിത് കൈനിക്കര, സിജു വി ജോർജ്, ടോമി കളത്തിൽ വീട്ടിൽ, ബേബി കൊടുവത്തു, അനശ്വരം മാമ്പിള്ളി തുടങ്ങിയവർ ഓർമ്മകൾ പങ്കുവെച്ചു. സാഹിത്യക്കാരൻ ജോസ് ഓച്ചാലിൽ, ആൻസി ജോസ്, പൗലോസ്, ടോമി നെല്ലുവേലിൽ, കമ്മറ്റി അംഗങ്ങളായ ഫ്രാൻസിസ് എ തോട്ടത്തിൽ, ദീപക് നായർ, നേബു കുര്യയാക്കോസ് തുടങ്ങി ഒട്ടേറെ പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

നിങ്ങളുടെ പിന്തുണയാണ് എന്റെ കരുത്ത്. നിങ്ങളുടെ സ്നേഹാദരങ്ങൾക്കു നന്ദി..എന്നും നിങ്ങളിൽ ഒരാളായി കൂടെയുണ്ടാകും.. ഐ. വർഗീസ് നന്ദി പ്രസംഗത്തിൽ പറഞ്ഞു .



# കുടുംബ പ്രശ്നങ്ങൾ പരിഹരിക്കുന്ന ധ്യാന ദമ്പതികൾ തമ്മിലടിച്ചു




## സംഭവ കഥയിൽ പുതിയ ട്വിസ്റ്റ്

**എ.എസ് ശ്രീകുമാർ**

ധ്യാനമാർഗത്തിൽ ദാമ്പത്യ ജീവിതം ആരോഗ്യകരമാക്കാനുള്ള മോട്ടിവേഷണൽ ക്ലാസുകളിലൂടെ പ്രശസ്തരായ ബ്രദർ മാരിയോ ജോസഫ്-ജിജി മാരിയോ ദമ്പതിമാരുടെ കുടുംബ കലഹം വലിയ ചർച്ചയാവുന്ന ഘട്ടത്തിൽ ഭർത്താവിന്റെ അനുനയ നീക്കം. ''തന്റെ ഭാര്യ ജിജി മദ്യപാനം പൂർണമായും നിർത്തി ചേട്ടായി എന്ന് വിളിച്ച് വന്നാൽ അവളെ സ്വീകരിക്കും. ഒന്നിച്ചാൽ ഇതിലും മനോഹരമായി ഞങ്ങൾ ജീവിക്കും...'' എന്ന് മാരിയോ ഒരു വിഡിയോ അഭിമുഖത്തിൽ പറയുന്നു. ഭാര്യയുടെ മദ്യപാനവും പണത്തോടുള്ള ആക്രാന്തവുമാണ് ജീവിതം തകർത്തതെന്നാണ് മാരിയോ ജോസഫിന്റെ ആരോപണം. കുടുംബ പ്രശ്ന പരിഹാരത്തിലൂടെ പ്രശസ്തരായ ദമ്പതികൾ പിന്നീട് കുടുംബ പ്രശ്നങ്ങളേ ചൊല്ലിയുള്ള തമ്മിലടിയിലൂടെ വൈറലായ അപൂർവ സംഭവമാണിത്.

ചാലക്കുടി മുരിങ്ങൂർ ഡിവൈൻ സ്നേഹനഗറിൽ തുർക്കി വീട്ടിൽ മരിയോ ജോസഫും (47) ഭാര്യ ജിജി മരിയോ ജോസഫും (45) തമ്മിലുള്ള തർക്കം ശാരീരികമായ അക്രമത്തിലേയ്ക്ക് വഴിമാറുകയായിരുന്നു. ഇതിനുപിന്നാലെ ഭർത്താവ് തന്നെ മർദിച്ചെന്ന് ആരോപിച്ച് ജിജി മരിയോ ജോസഫ് ചാലക്കുടി പോലീസിനെ സമീപിച്ചതിനെ തുടർന്ന് ജിജിയുടെ പരാതിയിൽ പോലീസ് ബി.എൻ.എസ് 126 പ്രകാരമാണ് മാരിയോക്കെതിരെ കേസെടുത്തിട്ടുള്ളത്. ഒരു മാസം തടവും അയ്യായിരം രൂപ പിഴയും ലഭിക്കുന്ന കുറ്റമാണിത്. ജിജിക്കെതിരെ മാരിയോ ജോസഫും പരാതി നൽകിയിരുന്നു. സംഭവത്തിന് ശേഷം മരിയോ ജോസഫ് ഒളിവിൽ പോവുകയു ചെയ്തു.

ചാലക്കുടി 'ഫിലോകാലിയ ഫൗണ്ടേഷൻ' നടത്തിപ്പുകാരായ ഇരുവരും ഗാർഹിക പ്രശ്നങ്ങൾ കാരണം ഒൻപതു മാസമായി അകന്നു കഴിയുകയായിരുന്നു. കൊടിയ വഴക്ക് പറഞ്ഞു തീർക്കാൻ കഴിഞ്ഞ ഒക്ടോബർ 25-ന് വൈകീട്ട് അഞ്ചരയ്ക്ക് ജിജി മാരിയോയുടെ വീട്ടിലേക്ക് എത്തി. പ്രശ്നങ്ങൾ

സംസാരിക്കുന്നതിനിടെ തർക്ക മാവുകയും സെറ്റ്ടോപ്പ് ബോക്സ് എടുത്ത് മാരിയോ ജോസഫ് തലയ്ക്ക് ഇടിക്കുകയുമായിരുന്നുവത്രേ. ഇടത് കയ്യിൽ കടിച്ചു. തലമുടി പിടിച്ച് വലിച്ചു. ദേഹോപദ്രവം ഏൽപ്പിച്ചു. കയ്യിലുള്ള 70,000 രൂപയുടെ ഫോൺ എറിഞ്ഞു പൊട്ടിച്ചെന്നും ജിജിയുടെ പരാതിയിലുണ്ട്.

നവംബർ ഒന്നിന് ജിജി ഗാർഹികപീഡനത്തിന് കേസ് നൽകിയതോടെയാണ് കുടുംബ ജീവിതം മെച്ചപ്പെടുത്താനുള്ള ഉപദേശം നൽകുന്ന ദമ്പതിമാരുടെ ദാമ്പത്യജീവിതം തന്നെ തകർന്നുവെന്ന വാർത്ത പുറം ലോകമറിയുന്നത്.

മാരിയോ ജോസഫ് നേരത്തെ ഇസ്ലാം മതവിശ്വാസിയായിരുന്നു. സുലൈമാൻ എന്നായിരുന്നു പേര്. ക്രിസ്തുമതത്തിൽ ആകൃഷ്ടനായി മതം മാറിയ സുലൈമാൻ മാരിയോ ജോസഫ് എന്ന പേര് സ്വീകരിച്ചു. പിന്നീടാണ് ഇയാൾ ജിജിയെ വിവാഹം കഴിക്കുന്നത്. ക്രിസ്തുമതത്തിലെത്തി പ്രഭാഷകനായ മാരിയോയ്ക്കൊപ്പം അതേ ആശയങ്ങളുള്ള ജിജിയും ചേർന്നു. ഇവരുടെ പ്രഭാഷണങ്ങൾ നേരത്തെ പലതവണ വിവാദത്തിൽ പെട്ടിട്ടുണ്ടെന്നുള്ളത് മറ്റൊരു കാര്യം.

കുടുംബ പ്രശ്നങ്ങൾക്കുള്ള ലാസ്റ്റ് സ്റ്റോപ്പ് റെമഡിയാണ് മാരിയോ-ജിജി ദമ്പതിമാർ നിർദേശിക്കുന്നത്. ഇവർക്ക് ആയിരക്കണക്കിന് ക്ലൈന്റുകളുമുണ്ട്. പ്രശ്ന ദമ്പതികൾക്കായി ധ്യാനകേന്ദ്രങ്ങൾ സംഘടിപ്പിച്ചും കുടുംബ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കൗൺസിലിംഗ് നടത്തിയും ഇവർ പ്രശസ്തരായി. ഓൺലൈനിലും നേരിട്ടും ക്ലാസുകൾ നടത്തിയിട്ടുണ്ട്. 'ലൈഫ്സ്റ്റൈൽ കോച്ച്' എന്നാണ് ജിജി തന്നെ സ്വയം വിശേഷിപ്പിക്കുന്നത്. ഫിലോകാലിയ എന്ന സംഘടന വഴി ജീവകാരുണ്യ പ്രവർത്തനങ്ങളും ഇവർ നടത്തുന്നുണ്ടത്രേ.

ഇതിനിടെ, നുണ പ്രചാരണങ്ങൾക്ക് ഇത്രയേറെ ആഘോഷവും സ്വാധീനവും ഉണ്ടെന്ന് മനസ്സിലാക്കി തുടങ്ങിയ ദിവസങ്ങളാണ് കടന്നുപോകുന്നതെന്ന് ജിജി മരിയോ തന്റെ സോസ്യൽ മീഡിയ പോസ്റ്റിൽ വെളിപ്പെടുത്തി. ''ജീവിതത്തിലെ വേദനകളിലും നഷ്ടങ്ങളിലും തിരസ്കരണങ്ങളിൽ നിന്നും ഉടലെടുത്ത എന്റെ ജീവിതമാണ് ഞാൻ പഠിപ്പിച്ചതും പ്രസംഗിച്ചതും. അതിലൊരു കളങ്കവുമില്ലെന്നുള്ള എന്റെ നിലപാടിൽ ഇപ്പോഴും ഞാൻ ഉറച്ചു തന്നെയാണ് നിൽക്കുന്നത്. സത്യമല്ലാത്ത ആരോപണങ്ങളുടെയും കുറ്റപെടുത്തലുകളുടെയും നടുവിൽ ചാപ്പ കുത്തി എല്ലാവരും ആഘോഷിക്കുന്നതിന്റെ ഇടയിലും അമ്മയും രണ്ട് പെൺമക്കളും ഇപ്പോഴും ജീവനോടെ ഇരിക്കുന്നത് ദൈവത്തിന്റെ കരുതലായി കാണുന്നു...'' ജിജി പറയുന്നു.

''ഒരിക്കലും എന്നെയും മക്കളേയും നേരിൽ കണ്ടിട്ടില്ലാത്തവർ പോലും അർത്തട്ടഹസിക്കുന്നു. എന്നിലെ നന്മയേയും ആത്മാർഥയേയും സ്നേഹത്തേയും വലിച്ചു കീറി കടിച്ചു പറിച്ച് ചോര കുടിക്കുന്നു. ഇനി എന്റെയും മക്കളുടെയും മുന്നിൽ എന്താണ് കാത്തിരിക്കുന്നത് എന്ന് നിശ്ചയം ഇല്ലെങ്കിലും സത്യത്തിന്റെ ജ്വാലയിൽ നിന്നും ഞാൻ ധൈര്യം കണ്ടെത്തി കൊണ്ടിരിക്കുന്നു. കൊടുങ്കാറ്റ് പോലെ ആഞ്ഞടിക്കുന്ന ഈ പോരാട്ടങ്ങളുടെയും അപമാനങ്ങളുടെയും ആരോപണങ്ങളുടെയും ഇടയിലും എന്റെ നിലപാടിൽ ഉറച്ച് തല ഉയർത്തി നിൽക്കാൻ ദൈവം ശക്തി തരുന്നുണ്ട്... ആരൊക്കെ കൈവിട്ടാലും തള്ളിപ്പറഞ്ഞാലും കുറ്റപ്പെടുത്തിയാലും ദൈവം കൈവിടില്ല എന്ന വിശ്വാസം മാത്രമാണ് കൈമുതൽ...'' എന്ന് പറഞ്ഞുകൊണ്ടാണ് പോസ്റ്റ് അവസാനിപ്പിക്കുന്നത്.

മാരിയോ ജോസഫിന് തീവ്രവാദ സംഘടനകളുമായി ബന്ധമുണ്ടെന്നും ജിജി വെളിപ്പെടുത്തുന്നുണ്ട്. ഭർത്താവിന് തീവ്രവാദ സംഘടനകളുമായി ബന്ധംമുണ്ട്. ഇതിൽ നിന്ന് ലഭിക്കുന്ന ഫണ്ട് ദുരുപയോഗം ചെയ്യുന്നു അതിന് ഒരിക്കലും കൂട്ടു നിൽക്കില്ല. എന്നാണ് ജിജി വെളിപ്പെടുത്തുന്നത്. ക്രൂര മർദ്ദനത്തിന് ഇരയായ ജിജി രക്തം വാർന്നുകൊണ്ടാണ് ഈ വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത്. വ്യക്തമായും കൃത്യമായും മറുവശത്ത് ഇരിക്കുന്ന ആളോട് ഭർത്താവ് മാരിയോയുടെ ഭീകര ബന്ധത്തെക്കുറിച്ച് പറയുന്ന വീഡിയോ ആണ് പുറത്തു വന്നത്.

പുരുഷൻ തന്റെ ഭാര്യയെ തന്നേപ്പോലെ സ്നേഹിക്കണം എന്ന് പ്രസംഗിച്ച മാരിയോ ജോസഫും, ഭാര്യ ഭർത്താവിന് വിധേയപ്പെട്ട് ജീവിക്കണം എന്ന് പഠിപ്പിച്ച ജിജി മാരിയോയും തമ്മിലുള്ള അടിപിടിയിൽ പലരും സാമൂഹിക മാധ്യമങ്ങളിൽ ആവേശകരമായ പ്രതികരണങ്ങളാണ് നടത്തുന്നത്.



Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# ബിഷപ്പ് ജേക്കബ് അങ്ങാടിയത്തിന് മിഷൻ ലീഗിന്റെ ആദരം



ചിക്കാഗോ: മെത്രാഭിഷേകത്തിന്റെ രജത ജൂബിലി നിറവിലായിരിക്കുന്ന സെന്റ് തോമസ് സിറോ മലബാർ രൂപതയുടെ മുൻ അധ്യക്ഷനായിരുന്ന ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്തിന് ചെറുപുഷ്പ മിഷൻ ലീഗ് രൂപത സമിതി ആദരവുകൾ അർപ്പിച്ചു.

രൂപതാ വാർഷികത്തിനോടനുബന്ധിച്ചു ബിഷപ്പ് മാർ ജോയ് ആലപ്പാട്ടും മിഷൻ ലീഗ് രൂപതാ ഭാരവാഹികളും ചേർന്ന് ജേക്കബ് അങ്ങാടിയത്ത് പിതാവിനെ പൊന്നാട അണിയിച്ചു. മിഷൻ ലീഗ് രൂപതാ പ്രസിഡന്റ് സിജോയ് പറപ്പള്ളിൽ ബിഷപ്പ് അങ്ങാടിയത്തിന് പൂച്ചെണ്ട് നൽകി മിഷൻ ലീഗ് കുടുംബത്തിന്റെ സ്നേഹവും ആദരവും അറിയിച്ചു. മിഷൻ ലീഗ് രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് ദാനവേലിൽ, രൂപതാ ജനറൽ സെക്രട്ടറി ടിസൺ തോമസ്, ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആഗ്നസ് മരിയാ എം.എസ്.എം.ഐ., അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിൻസ് ചേത്തലിൽ, എക്സിക്യൂട്ടീവ് അംഗം ആൻ റ്റോമി എന്നിവർ സന്നിഹിതരായിരുന്നു.

ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയെ വളരെയധികം സ്നേഹിക്കുകയും പ്രോത്സാഹിക്കുകയും ചെയ്ത ബിഷപ്പ് അങ്ങാടിയത്ത്, വടക്കേ അമേരിക്കയിൽ സംഘടനയുടെ ചിട്ടയായ പ്രവത്തനങ്ങൾക്കു തുടക്കം കുറിക്കുന്നതിന് നിർണായകമായ നേതൃത്വം നൽകി.

Bishop Mar Jacob Angadiath, the first head of the St. Thomas Syro-Malabar Diocese of Chicago, was honored by the diocesan committee of the Cherupushpa Mission League (CML) as he marks the silver jubilee of his episcopal ordination.

In connection with the diocesan anniversary observance, Bishop Mar Joy Alappatt and CML diocesan leaders presented Bishop Angadiath with a ceremonial shawl. CML diocesan president Mr. Cijoy Parappallil offered a bouquet, conveying the love and respect of the Mission League family.

Mission League diocesan director Rev. Dr. George Danavelil, diocesan general secretary Mr. Tison Thomas, joint director Sr. Agnes Maria MSMI, assistant director Fr. Bins Chethalil, and executive member Ann Tomy were also present.

Bishop Angadiath, who has long supported and encouraged the Cherupushpa Mission League, played a pivotal role in establishing the organization's structured activities in North America.

emalayalee.com

# മന്ദിറും മണ്ഡലും പരസ്പരം പുല്കിയപ്പോൾ



**അശോകൻ വേങ്ങശ്ശേരി**



ബീഹാർ തെരഞ്ഞെടുപ്പു കഴിഞ്ഞു. നിതീഷ് കുമാറിന്റെ നേതൃത്വത്തിൽ എൻ.ഡി.എ മുന്നണി വീണ്ടും കൂടുതൽ ശക്തമായി തിരിച്ചുവന്നിരിക്കുന്നു. ബി.ജെ.പി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. തൊട്ടുപുറകിൽ തന്നെ നിതീഷിന്റെ ജെ.ഡി.യു ഉണ്ട്. ഇരു പാർട്ടികളും നില ഏറെ മെച്ചപ്പെടുത്തി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മാറി മത്സരിച്ച ചിരാഗ് പസ്വാൻറെ എൽ.ജെ.പി ഉൾപ്പെടെ വേറെ മൂന്നു പാർട്ടികളും മുന്നണിയിലുണ്ട്. മൊത്തം സീറ്റുകളുടെ എൺപതുശതമാനത്തിലധികം അവർ വിജയിച്ചിരിക്കുന്നു. എതിർപക്ഷത്തിനുഇരുപതുശതമാനംപോലും സീറ്റുകളിൽ വിജയിക്കുവാൻ കഴിഞ്ഞില്ല. ജനാധിപത്യം നിലവിലുള്ള എവിടെയും അസാധ്യമെന്നു കരുതാവുന്ന അതിശനീയമായ വിജയം. ഏറെക്കാലത്തോളം ഇന്ത്യ അടക്കിഭരിച്ച കോൺഗ്രസ്സുപാർട്ടി മറ്റു പലയിടങ്ങളിലെപോലെ ബീഹാറിലും തീർത്തും അപ്രസക്തമായിരിക്കുന്നു. വർധിതശക്തിയോടെ മോദി പ്രഭാവം ഹിന്ദിഹൃദയഭൂമികയെ വശീകരിച്ചിരിക്കുന്നു.

സഹസ്രാബ്ദങ്ങളുടെ ചരിത്രം ഉറങ്ങിക്കിടക്കുന്ന മണ്ണാണ് ബീഹാറിന്റേത്. ഏതാണ്ട് രണ്ടായിരത്തി അറുനൂറിൽപരം വർഷങ്ങൾക്കുമുൻപാണ് ബീഹാറിന്റെ ഭാഗമായ ഗയയിൽവച്ചു ശ്രീബുദ്ധന് ബോധോദയം ഉണ്ടായത്. അതിശക്തവും സമ്പന്നവുമായിരുന്ന മഗധസാമ്രാജ്യം നിലനിന്നതും അവിടെയായിരുന്നു. ഇന്നത്തെ പാറ്റ്ന നഗരം അന്നറിയപ്പെട്ടതു പാടലീപുത്ര എന്നായിരുന്നു. മഹാചക്രവർത്തിമാരായിരുന്ന ബിംബിസാരനും അജാതശത്രുവും അശോകനും നന്ദരാജാക്കന്മാരും ഒക്കെ തേരുതെളിച്ച ഭൂമിക. വിശ്വവിജയികളായി വിരാജിച്ച മൗര്യസാമ്രാജ്യത്വത്തിന്റെയും ഗുപ്തസാമ്രാജ്യത്വത്തിന്റെയും തലസ്ഥാന നഗരി. ലോകവിജയിയായ അലക്സാണ്ടർ ചക്രവർത്തിപോലും മഗധയുടെ ശക്തിക്കു മുമ്പിൽ ഭയചകിതനായി മടങ്ങിയതും ചരിത്രം. ലോകോത്തര വിദ്യാകേന്ദ്രമായിരുന്ന നളന്ദ സർവകലാശാലയുടെ പൈതൃകം പേറുന്ന

നാട്. സൈനികശക്തിയുടെയും സാമ്പത്തികശക്തിയുടെയും വിദ്യാശക്തിയുടെയും കേദാരഭൂമിയായ മണ്ണ്. അങ്ങനെ സമസ്ത ഐശ്വര്യത്തിന്റെയും മാതൃകയായ നാടായിരുന്നു ഒരിക്കൽ ബീഹാർ. ആധുനിക കാലത്തു ബ്രിട്ടീഷ് സാമ്രാജ്യം അടിച്ചേൽപ്പിച്ച അടിമത്വത്തിൽനിന്നും അനീതികളിൽ നിന്നും ഭാരതത്തെ മോചിപ്പിക്കുവാൻ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ആദ്യത്തെ സത്യാഗ്രഹസമരം നടന്നതും ബീഹാറിന്റെ മണ്ണായ ചമ്പാരനിൽ ആയിരുന്നു.

പൗരാണികമായ സർവ്വപ്രതാപങ്ങളും നഷ്ടപ്പെട്ട, അവയെക്കുറിച്ചൊന്നും വിദൂര സ്മരണകൾ പോലുമില്ലാത്ത ഒരു ജനതതിയായി ആ മണ്ണിന്റെ മക്കൾ അധ:പ്പതിച്ചിട്ടു കാലമേറെയായി. കേവലജീവിത നിലവാരം സ്വപ്നംപോലും കാണാൻ കഴിയാതെ ആ നാട്ടിലെ ബഹുഭൂരിപക്ഷവും ഗതികിട്ടാപ്രേതങ്ങളെപ്പോലെ എത്രയോ കാലമായിക്കഴിയുന്നു?

ചരിത്രത്തിന്റെ വിരോധാഭാസമെന്നോണം ഇന്ത്യയിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് ഇന്നും ബീഹാർ. സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഏറെക്കാലത്തോളം ആ സംസ്ഥാനം ഭരിച്ചത് പ്രധാനമായും കോൺഗ്രസ്സായിരുന്നു. അടിയന്തിരാവസ്ഥക്കുശേഷം ചെറിയ ഒരിടവേളയിൽ ജനതാപാർട്ടി ഭരിച്ചതൊഴിച്ചാൽ 1990-ൽ ലാലുപ്രസാദ് യാദവ് വരുന്നതുവരെയും കോൺഗ്രസ്സായിരുന്നു ഭരണക്കസേരയിൽ. 2005-ൽ നിതീഷ്കുമാർ അധികാരമേൽക്കുന്നതുവരെയും ലാലു ഭരിക്കുകയും ചെയ്തു. വാസ്തവത്തിൽ നിതീഷ്കുമാർ വന്നതിനുശേഷമാണ് ചെറിയതോതിലെങ്കിലും വികസനം അവിടേക്കു എത്തിനോക്കുവാൻ തുടങ്ങുന്നത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി കേന്ദ്രഗവൺമെന്റ് വമ്പിച്ച സഹായങ്ങളാണ് ബീഹാറിന് നൽകികൊണ്ടിരിക്കുന്നത്. ദീർഘകാലമായി ഭരണത്തിൽ തുടരുന്ന നിതീഷ്കുമാറിന്റെ ഭരണമികവിനുള്ള മറുപടിയാണ് ബീഹാർ ജനത ഇപ്പോൾ നൽകിയിരിക്കുന്നത്. നരേന്ദ്രമോദി നയിക്കുന്ന കേന്ദ്രഗവൺമെന്റും നിതീഷ്കുമാറും ചേർന്ന അഴിമതിരഹിതവും പ്രവർത്തനസജ്ജവുമായ ഡബിൾ എൻജിൻ സർക്കാരിനെ ജനം അകമഴിഞ്ഞു പിന്തുണച്ചു. എങ്ങനെയും അധികാരത്തിലേറാൻ കച്ചകെട്ടിയിറങ്ങിയ ലാലുപുത്രനെയും അയാളുടെ വാലിൽ തൂങ്ങി രാഷ്ട്രീയ ഭാവി ഉറപ്പിക്കാൻ തുനിഞ്ഞിറങ്ങിയ സോണിയാപുത്രനെയും ജനം തൂത്തെറിഞ്ഞു.

ഇനിയും ബീഹാറിനെ സംബന്ധിച്ച മറ്റുചില അടിസ്ഥാന സ്വഭാവങ്ങൾ വിശകലനം ചെയ്യട്ടെ. ജാതിയും ജാതി താല്പര്യങ്ങളുമാണ് രാഷ്ട്രീയത്തിലുപരി ബീഹാറിനെ എക്കാലവും നയിച്ചിട്ടുള്ളത്. ലാലു പ്രസാദ് യാദവിന്റെ ഉദയത്തിനും വളർച്ചക്കും കാരണമായതും ജാതിയിലധിഷ്ഠിതമായ രാഷ്ട്രീയമായിരുന്നു. ഏതാണ്ട് പതിനഞ്ചു വർഷങ്ങൾ തുടർച്ചയായി ഭരിക്കുവാൻ ലാലുകുടുംബത്തിനു കഴിഞ്ഞതും അതുകൊണ്ടുതന്നെ. ഒടുവിൽ അഴിമതിയിൽ പൊറുതിമുട്ടിയപ്പോഴാണ് മറിച്ചൊരു ചിന്തക്ക് ബീഹാർ ജനത തയ്യാറായതുതന്നെ.

2005-ൽ ലാലുപ്രസാദ് പരാജയപ്പെട്ട ആ തെരഞ്ഞെടുപ്പിന്റെ പ്രചാരണക്കാലത്തു അമേരിക്കൻ പത്രമായ ''ന്യൂയോർക്ക് ടൈംസ്'' പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് വായിച്ചതിന്റെ ഓർമ്മ ഇപ്പോഴും എന്റെ മനസ്സിലുണ്ട്.

അഴിമതിയും കെടുകാര്യസ്ഥതയും ഗുണ്ടാരാജും ഒക്കെ ഉണ്ടായിരുന്നുവെങ്കിലും ലാലു അധികാരത്തിൽ മടങ്ങിവരും എന്ന പ്രതീതി നിലനിന്ന കാലമായിരുന്നു അന്ന് പൊതുവെ ഉണ്ടായിരുന്നത്. അത് മനസ്സിൽ വച്ചുകൊണ്ടു ''ന്യൂയോർക്ക് ടൈംസ്'' പ്രതിനിധി ഒരു വോട്ടറോടു ചോദിച്ചപ്പോൾ ലാലുവിനു തന്നെ വോട്ടെന്നു അയാൾ ഉറപ്പിച്ചു പറഞ്ഞു. അതിനു കാരണം തിരക്കിയപ്പോൾ ആ ഗ്രാമീണൻ പറഞ്ഞ മറുപടിയാണ് എന്റെ മനസ്സിൽ ആഴത്തിൽ തറച്ചത്. ലാലു തങ്ങൾക്കു അന്നം തന്നെന്നോ കിടപ്പാടം നൽകിയെന്നോ വെള്ളവും വെളിച്ചവും നൽകിയെന്നോ മെച്ചപ്പെട്ട റോഡ് പണിതു നൽകിയെന്നോ അയാൾ പറഞ്ഞില്ല. ആ ഗ്രാമീണൻ പറഞ്ഞത് ''ന്യൂയോർക്ക് ടൈംസ്'' ലേഖകൻ റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്: "Lalu ji gave us dignity" (ലാലുജി ഞങ്ങൾക്ക് അന്തസ്സു നൽകി). നൂറ്റാണ്ടുകളായി അവിടെ ജാതീയമായി അടിച്ചമർത്തപ്പെട്ടവരുടെ ആത്മരോദനകൾക്കു നേരിയ ആശ്വാസം ലഭിച്ചുതുടങ്ങിയത് കർപ്പൂരി ഠാക്കൂറും പിന്നെ ലാലു പ്രസാദ് യാദവും അധികാരത്തിലേറിയപ്പോഴാണ്. അന്നോളം ചവിട്ടിത്താഴ്ത്തപ്പെട്ടു കഴിഞ്ഞ സമൂഹങ്ങളുടെ പ്രതിനിധിയായ ആ സാധുഗ്രാമീണന്റെ മറുപടിയിൽ അതാണ് പ്രതിഫലിച്ചത്. 1982-ലാണെന്നു തോന്നുന്നു തൃശൂരിൽ നടന്ന എസ്.ആർ.പി. യുടെ (എസ.എൻ. ഡി. പി. യോഗത്തിന്റെ രാഷ്ട്രീയപാർട്ടി) സംസ്ഥാന സമ്മേളനത്തിൽ കർപ്പൂരി ഠാക്കൂർ ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചതു നേരിൽ കാണാൻ ഇടയായത് സാന്ദർഭികമായി സൂചിപ്പിക്കട്ടെ.

ഞാൻ ഡിഗ്രിക്കു പഠിക്കുന്ന കാലത്താണ് രണ്ടു ഭയാനക സംഭവങ്ങൾ ബീഹാറിലുണ്ടായത്. 1977 മെയ് അവസാനവാരത്തിൽ പാറ്റ്നയുടെ പ്രാന്തദേശമായ ബെൽച്ചിയിൽ നടന്ന കൂട്ടക്കൊലപാതകങ്ങളും പിന്നീട് സമാനമായി 1979–80 കാലഘട്ടങ്ങളിൽ പരസ്ബിഗ, പിപ്ര ഗ്രാമങ്ങളിൽ നടന്ന കൊലപാതകങ്ങളും. എന്റെ മനസ്സിൽ ആഴത്തിൽ മുറിവേൽപ്പിച്ച ആ സംഭവങ്ങൾ അപഗ്രഥിച്ചുകൊണ്ടു ഒരു ലേഖനം ഞാൻ അന്നെഴുതിയിരുന്നു. അകാലത്തിൽ അന്തരിച്ച, ഗുരുസ്ഥാനീയനായി ഞാൻ കണ്ടിരുന്ന, 'കേരളകൗമുദി'യുടെ കോട്ടയം പ്രതിനിധിയായിരുന്ന എം. വിശ്വംഭരൻ മാനേജിങ് എഡിറ്റർ ആയി പ്രസിദ്ധീകരിച്ച ഒരു സുവനീറിൽ ' ബെൽച്ചിയിലും പരസ്ബിഗയിലും ഒഴുകിയിറങ്ങിയ അധ:സ്ഥിതന്റെ രക്തം' പ്രസിദ്ധീകരിച്ചിരുന്നത് ഇപ്പോഴും മനസ്സിലുണ്ട്.

ഭൂഉടമകളായ കുർമ്മി-ഭൂമിഹാർ സമുദായങ്ങൾ കുടികിടപ്പുകാരായ ദളിതരെ കൂട്ടക്കൊല ചെയ്ത സംഭവങ്ങളായിരുന്നു ഇവ. നക്സലിസവും കമ്മ്യൂണിസവും നിലനിൽക്കുന്ന അപൂർവം തുരുത്തുകളായി ബീഹാറിലെ ചില ഗ്രാമങ്ങളെങ്കിലും ഇന്നും അവശേഷിക്കുവാൻ കാരണം അന്നത്തെ സംഘർഷങ്ങളുടെ പശ്ചാത്തലമാണ്. ഏതായാലും ആ സംഭവങ്ങളോടെ ദളിതരായ പസ്വാൻമാരും ഭൂഉടമകളായ കുർമ്മികളും ഏറെ അകന്നു. അതുപോലെ യാദവരും ഭൂമിഹാർമാരും പരസ്പരം വെറുത്തു. അതവശേഷിപ്പിച്ച സാമൂഹിക വിടവുകളും വ്രണങ്ങളും ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു 1990-കളിൽ നടന്ന




ന്ന ലഹളകളും ഈ അകലങ്ങൾ കൂടുതൽ വഷളാക്കി. അതവശേഷിപ്പിച്ച സാമൂഹിക വിടവുകളും വ്രണങ്ങളും ഇന്നും നിലനിൽക്കുകയും ചെയ്യുന്നു. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു 1990-കളിൽ നടന്ന ലഹളകളും ഈ അകലങ്ങൾ കൂടുതൽ വഷളാക്കി. അക്കാലത്തുതന്നെയാണ് അയോദ്ധ്യയിലെ രാമജന്മഭൂമി പ്രക്ഷോഭത്തോടനുബന്ധിച്ചു അഡ്വാനിയുടെ രഥയാത്ര ബീഹാറിൽ എത്തിയതും മുഖ്യമന്ത്രി ആയിരുന്ന ലാലുപ്രസാദ് യാദവ് അഡ്വാനിയെ അറസ്റ്റ് ചെയ്തതും. അക്കാലത്തുതന്നെയാണ് കാശ്മീർ താഴ്വരകളിൽനിന്നും ഹിന്ദു പണ്ഡിറ്റുകൾ കൂട്ടത്തോടെ പലായനം ചെയ്യേണ്ടിവന്നതും. താമസിയാതെ കേന്ദ്രത്തിലെ വി.പി. സിംഗ് ഗവൺമെന്റിനുള്ള പിന്തുണ ബി.ജെ.പി. പിൻവലിക്കുകയും ചെയ്തു. പിന്നീട് ഇന്ത്യ സാക്ഷ്യം വഹിക്കുന്നത് ബി. ജെ. പി. യുടെ ക്രമാനുഗതമായ വളർച്ചയാണ്. നരസിംഹ റാവുവിനുശേഷം അസ്ഥിരമായ പല ഗവൺമെന്റുകൾ ഇന്ത്യ ഭരിച്ചുവെങ്കിലും അതിനുശേഷം സുസ്ഥിരമായ ഭരണങ്ങൾക്കു തുടക്കം കുറിച്ചത് വാജ്പേയ് 1998-ൽ പ്രധാനമന്ത്രിയായ ശേഷമാണ്. അടുത്ത പൊതുതെരഞ്ഞെടുപ്പിൽ ബി.ജെ.പി. മുന്നണി പരാജയപ്പെടുകയും മൻ മോഹൻ സിംഗ് അധികാരത്തിലെത്തുകയും ചെയ്തുവെങ്കിലും ബി.ജെ.പി രാജ്യമാകെ വളർന്നുകൊണ്ടിരിക്കുകയായിരുന്നു.

ഏറെക്കാലം സവർണ്ണപ്പാർട്ടി എന്ന അധിക്ഷേപത്തിനും പിന്നീട് ഉത്തരേന്ത്യൻ പാർട്ടി എന്ന പേരുദോഷത്തിനും ഇരയായിരുന്നു എങ്കിലും സർവ്വ പ്രതിബന്ധങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ചു തങ്ങളുടെ സാന്നിധ്യം ഇന്ത്യയുടെ വടക്കുകിഴക്കൻ മേഖല ഉൾപ്പെടെ വളർത്തി പാൻ ഇന്ത്യൻ പാർട്ടി എന്ന കോൺഗ്രസ്സിന്റെ മുൻകാല നിലയിൽ ബി.ജെ.പി. ഇന്ന് എത്തിനിൽക്കുന്നു. ഈ മാറ്റം സാധ്യമാക്കിയതിനു പിന്നിൽ പല കാരണങ്ങൾ ഉണ്ടാകാമെങ്കിലും അതിന്റെ പ്രത്യക്ഷ ഹേതു നരേന്ദ്രമോദിയുടെ ആഗമനം അല്ലാതെ മറ്റൊന്നല്ല.

2002-ലെ ഗുജറാത്തു ലഹളക്കുശേഷം പലരെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ ഏറ്റവും അസ്പൃശ്യനായ രാഷ്ട്രീയക്കാരനായിരുന്നു നരേന്ദ്രമോദി. അക്കാലത്തൊന്നും അദ്ദേഹംഒരിക്കൽഇന്ത്യൻപ്രധാനമന്ത്രിയാവും എന്നു സങ്കൽപ്പിക്കാൻ പോലും ആർക്കും കഴിയുമായിരുന്നില്ല. അമേരിക്കയുൾപ്പെടെ പല വിദേശ രാജ്യങ്ങളിലും പ്രവേശന വിലക്കുപോലും അദ്ദേഹം നേരിട്ടു. എന്നാൽ എല്ലാ

മുൻവിധികളെയും കാറ്റിൽ പറത്തി അഴിമതിയിൽ അടിമുടി മുങ്ങിനിന്ന സോണിയ പരിവാറിനു പ്രതിപക്ഷസ്ഥാനത്തിനുപോലും യോഗ്യത നേടാനാവാത്തവിധം കനത്ത ആഘാതമേൽപ്പിച്ചാണ് 2014-ൽ മോദി അധികാരമേറ്റത്. താമസിയാതെതന്നെ ചുവപ്പു പരവതാനി വിരിച്ചു അമേരിക്കയുൾപ്പെടെ ലോകരാഷ്ട്രങ്ങൾ അദ്ദേഹത്തെ എതിരേറ്റു. അസാധ്യമായതെന്തും സാധ്യമാക്കുക എന്ന അപൂർവ കലയുടെ പ്രതീകമായി ലോകത്തിലെ ഏറ്റവും ജനപ്രീതിയും തലയെടുപ്പുമുള്ള നേതാവായി മോദി ഇന്നു വളർന്നുനിൽക്കുന്നു. ഇനി അടുത്തകാലത്തൊന്നും അതിൽ നിന്നൊരു തിരിച്ചുപോക്ക് എതിരാളികൾ പോലും പ്രതീക്ഷിക്കുന്നുമില്ല.

നരേന്ദ്രമോദി രാഹുലിനെപ്പോലെയോ തേജസ്വിയെപ്പോലെയോ ജന്മനാ അധികാരക്കസേര ലഭിച്ച ഒരു രാഷ്ട്രീയക്കാരനല്ല. മൂന്നു പതിറ്റാണ്ടോളം സമൂഹസേവചെയ്ത, ഒന്നര പതിറ്റാണ്ടു ഒരു സംസ്ഥാനം ഭരിച്ച, രാഷ്ട്രീയത്തിന്റെയും പൊതുജനസേവനത്തിന്റെയും എല്ലാ പാഠങ്ങളും പഠിച്ച, രാജ്യത്തിൻറെ ഭാഗധേയത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുള്ള ഇരുത്തം വന്ന ഒരു നേതാവായശേഷം പ്രധാനമന്ത്രിക്കസേരയിൽ എത്തിയ ആളാണ്. മോദിയെ ഒരു ദേശീയനേതാവാക്കിയതിനു പിന്നിൽ രാഷ്ട്രീയതന്ത്രജ്ഞനായ പ്രശാന്ത് കിഷോറിന്റെ ബുദ്ധിയും തന്ത്രങ്ങളും ആണെന്നു പറഞ്ഞുകൊണ്ടേയിരുന്ന മാധ്യമങ്ങളും നിരീക്ഷകരും എതിരാളികളും അവരുടെ വാക്കുകൾ വിഴുങ്ങേണ്ട അവസ്ഥയും ബീഹാർ നൽകി. പ്രശാന്ത് കിഷോർ ഒരു കടലാസുപുലിയായിരുന്നു എന്നും തെളിഞ്ഞു. മോദിയെ ചെറുതാക്കാൻ നടന്നവരൊക്കെ അബദ്ധത്തിലായിരിക്കുന്നു. മോദി ഭരിച്ചു തുടങ്ങിയിട്ടേയുള്ളൂ. മോദിയുഗം വരാനിരിക്കുന്നതേയുള്ളൂ. ഭാരതത്തെ ലോകത്തിന്റെ നെറുകയിൽ എത്തിച്ചശേഷം മാത്രമേ മോദി മടങ്ങുകയുള്ളൂ. മോദി മാജിക് നമ്മുക്ക് കാത്തിരുന്നു കാണാം.

ഇനി ബീഹാറിന്റെ വിഷയത്തിലേക്കു മടങ്ങിവരാം. സമീപകാലംവരെയും അസാധ്യം എന്ന് കരുതിയിരുന്ന സാമൂഹിക സമവാക്യങ്ങൾ ബീഹാറിൽ ഉരുത്തിരിഞ്ഞു തുടങ്ങിയത് നരേന്ദ്രമോദി ബി.ജെ.പി യിൽ അധികാരകേന്ദ്രമായതിനു ശേഷമാണെന്നു പറയാം. ഒരിക്കൽ തന്നെ എതിർത്ത നിതീഷിനെ ചേർത്തുപിടിക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്. കീരിയും പാമ്പും പോലെ പരസ്പരം അകന്നുകഴിഞ്ഞ ജാതി സമൂഹങ്ങളെ, കുർമ്മികളെയും പസ്വാൻമാരെയും ഭൂമിഹാർമാരെയും അതിദളിതരെയും ബ്രാഹ്മണരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും ഒരുമിച്ചുനിന്നു പൊരുതുവാനും നേടുവാനും ഉള്ള രാഷ്ട്രീയവും സാമൂഹികവുമായ മാനസികാവസ്ഥ ബീഹാറിൽ സംജാതമാക്കിയതിനു പിന്നിൽ മോദിയിൽ അവർക്കെല്ലാമുള്ള വിശ്വാസ്യതയാണ് തെളിയുന്നത്. അതിനുള്ള ചേരുവയായി വിശ്വാസപരമായും സാംസ്കാരികമായും ദേശഭക്തിപരമായും ഉള്ള പൊതുധാരകൾ തീർച്ചയായും സഹായിച്ചിട്ടുണ്ട്. ഒരു പരിധിവരെ യാദവരും മുസ്ലിമുകളും മോദിയുടെയും നിതീഷിന്റെയും സദ്ഭരണം തുടരാൻ വോട്ടുചെയ്യുകയും ചെയ്തിട്ടുണ്ട് എന്ന് തെളിഞ്ഞിരിക്കുന്നു. അഴിമതിയില്ലാത്ത, കാര്യക്ഷമതയുള്ള, ജനക്ഷേമ ഭരണം ഈ രാജ്യത്തും സാധ്യമാണെന്നു തെളിയിക്കുന്നത് ചെറിയ കാര്യമല്ല.

ഏതായാലും, ഭിന്നതകൾക്കപ്പുറത്തു സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉന്നതിക്കുവേണ്ടി യോജിക്കുന്നതല്ലേ ജനാധിപത്യത്തിന്റെ മനോഹാരിത? മന്ദിറിനു വേണ്ടിയും മണ്ഡലിനുവേണ്ടിയും പൊരുതിയവർ പരസ്പരം പുണരുന്നതാണ് നാം ബീഹാറിൽ കണ്ടത്.




Joywali Diwali
FREE
24K LAKSHMI IDOL OR GOLD BAR
★ 500 MG 24K ★ GOLD BAR
SPEND USD 1,250 ON DIAMOND & PRECIOUS STONE JEWELLERY
★ 1 GM 24K ★ LAKSHMI IDOL OR GOLD BAR
SPEND USD 2,200 ON DIAMOND & PRECIOUS STONE JEWELLERY OR SPEND USD 8,200 ON GOLD JEWELLERY
★ 10 GM 24K ★ GOLD BAR
SPEND USD 16,400 ON DIAMOND & PRECIOUS STONE JEWELLERY
SPEND USD 800 ON DIAMOND & PRECIOUS STONE JEWELLERY & GET A
FREE USD 25 CASH VOUCHER
Cash VOUCHER
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
Offers Cannot be Combined together.
OFFER VALID FROM 3RD TO 20TH OCT. 2025
SCAN TO EXPLORE NEW JEWELLERY COLLECTIONS
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • SINGAPORE • MALAYSIA • AUSTRALIA • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • INDIA

emalayalee.com

# ഇ – മലയാളി ആഗോള ചെറുകഥാമത്സരം 2025 ചുരുക്കപ്പട്ടിക

പ്രിയ മത്സരാർത്ഥികളെ,

ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് മത്സരത്തിൽ പങ്കെടുത്ത എല്ലാ കഥാകൃത്തുക്കൾക്കും ഇ-മലയാളിയുടെ സ്നേഹം നിറഞ്ഞ നന്ദി. മുൻ വർഷങ്ങളിലെപ്പോലെ മികച്ച പ്രതികരണമാണ് മത്സരത്തിന് ലഭിച്ചത്.

കഥകൾ വായിച്ച് സമ്മാനാർഹമായവ തിരഞ്ഞെടുക്കാൻ ഞങ്ങൾ നിയോഗിച്ച കമ്മറ്റി ആദ്യമായി ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കി അയച്ചിട്ടുണ്ട്. അതിൽ നിന്നായിരിക്കും ഒന്നും രണ്ടും മൂന്നും സമ്മാന വിജയികളെ തെരഞ്ഞെടുക്കുക. ജൂറി പുരസ്കാരങ്ങൾക്ക് കാഷ് അവാർഡ് ഉണ്ടായിരിക്കുന്നതല്ല. സമ്മാനങ്ങൾ ജനുവരി ആദ്യം കൊച്ചിയിൽ വച്ച് നടക്കുന്ന ചടങ്ങിൽ നൽകും.

വിജയികളുടെ പേരുകൾ ക്രിസ്തുമസ്സിനു (ഡിസംബർ 25, 2025) പ്രസിദ്ധീകരിക്കും. ചുരുക്കപ്പട്ടികയിൽ വന്നവരുടെ കഥകൾ നാളെ മുതൽ ഞങ്ങൾ പ്രസിദ്ധീകരിക്കും.

കഥ വിലയിരുത്തൽ കമ്മറ്റിയുടെ ശുപാർശകൾ, നിർദേശങ്ങൾ എന്നിവ ഇ-മലയാളി പത്രാധിപസമിതി പരിശോധിച്ചതിനുശേഷമായിരിക്കും അന്തിമ തീരുമാനം പ്രഖ്യാപിക്കുക.

ഇത്തവണ വന്ന കഥകളിൽ, പരീക്ഷണാത്മകമായി എഴുതിയ കഥകൾ, പൂർണ്ണമായും ആധുനിക കഥ സമ്പ്രദായത്തോട് യോജിച്ചുനിൽക്കുന്ന കഥകൾ, കുറുങ്കഥകൾ (അര പേജിൽ കൊള്ളുന്നവ), സാധാരണ കഥകൾ, യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കി എഴുതിയ കഥകൾ, ലേഖനം പോലെ എഴുതിയ കഥകൾ, വെറുതെ പ്രണയ വിവരങ്ങൾ ഉള്ള കഥകൾ അങ്ങനെ വൈവിധ്യമാർന്ന കഥകൾ ലഭിച്ചതായി വിധികർത്താക്കൾ അറിയിച്ചിട്ടുണ്ട്. വളരെ നിഷ്പക്ഷമായി എല്ലാ കഥകളും പരിശോധിച്ചിട്ടാണ് അവർ കഥാകൃത്തുക്കളെ തിരഞ്ഞെടുത്തിട്ടുള്ളത്.

ഒരിക്കൽ കൂടി നിങ്ങൾക്ക് നന്ദി നേരുന്നു.

സ്നേഹത്തോടെ

ജോർജ്ജ് ജോസഫ്, & ഇ-മലയാളി ടീം

**മെർജേഴ്സ് ആൻഡ് അക്വസിഷൻസ് – ഗിരീഷ് രാജ**

**രക്തബന്ധങ്ങളുടെ നവരസങ്ങൾ – മീര രാധാകൃഷ്ണൻ**

**ബെൽ – രമ്യ രതീഷ്**

**സെമിത്തേരിയിലെ സ്നേഹപ്പൂവ് – നിബിൻ കള്ളിക്കാട്**

**തഹസിൽദാരുടെ ഭാര്യ – ശ്രീലേഖ**

**സപ്പർ – ശ്രീകുമാർ ഭാസ്കരൻ**

**ചുമരുകൾക്കുള്ളിൽ – സ്വാതി കൃഷ്ണ**

**വയലറ്റ് നിറമുള്ള പാമ്പുകൾ – ഇ.സന്ധ്യ**

**അരികു ചേർക്കപ്പെട്ടവൻ – ആര്യ ഹരികൃഷ്ണൻ**

**ഭാഗ്യത്തെരുവ് – മേഘനാദൻ.**

**മരിയയുടെ ചില സങ്കടങ്ങൾ – രാജേശ്വരി ജി നായർ**

**വൃദ്ധാലയം – ദീപ നാരായണൻ**

**ഓർമ്മകളുടെ ഗ്രഹപ്രവേശനം – ചന്ദ്രബാബു പനങ്ങാട്**

**യൂനുസ് ബീള മലബാറി – മഹാദേവൻ സുബ്രമണ്യൻ**

**പക്ഷിക്കൂട്ടം – രമ പിഷാരടി**

**അകം പുറം – റാഹിമബി മൊയ്ദീൻ**

**താക്കോൽ ദ്വാരത്തിലെ റോസാപൂ – ഡോക്ടർ കെ ബി പവിത്രൻ**

**കയമ – ഷിബു ബി കെ നന്ദനം**

**ചെമ്പരത്തിക്കാട് – ഷംസിത പി കെ**

**ഷാർക്ക് ഗെയിമ്സ് – അനീഷ് ചാക്കോ**

**മരിച്ചവരുടെ വഴി – ശ്രീകുമാർ ചേർത്തല**

**ഷീലായനം – ഹരിത പി ജി**

**കാസയും പീലാസയും – ആൻസി സാജൻ**

**സൂര്യകാന്തി – പാർവതി പി ചന്ദ്രൻ**

**കഥ സെക്കൻഡ് വാട്സാപ്പ് – ഇ എ സ്വലിവ്**

**രംഗബോധമുള്ള കോമാളി – സിന്ധു കിഴക്കേവീട്ടിൽ**

**അയൽക്കാരന്റെ സ്നേഹം – ജോൺ വേറ്റം**

**ചാവുനിലത്തിലെ ചിത്രശലഭങ്ങൾ – ഷാജുബിദീന്**

**കാലം തെറ്റി പൂക്കുന്ന കണിക്കൊന്നകൾ – ജെസ്സി ജി**

**അഞ്ജലി'യെന്ന കഥ – ലൂയിസ് ട്രീസ കെ വി**

**അൻസിദ ഗിൽബൽറ്റി – സുദർശനൻ കോടത്ത്**

**വെടിയൊച്ച – നിസാം എൻ**

**വെന്റിലേറ്ററിന്റെ ഹൃദയം – സജിത ചന്ദ്രിക**

**രക്ഷ അർഹതപ്പെട്ടവർക്ക് അവളുടെ നാമത്തിൽ – ശ്യാമസുന്ദർ പി ഹരിദാസ്**

# കാലം മാറി; വനിതാ ക്രിക്കറ്റ് ആവേശമായി




വാർത്ത: പി. പി. ചെറിയാൻ

ഡാളസ്: ഗാർലാൻഡ് സിറ്റി ടാക്സ് ഇൻക്രിമെന്റ് ഫിനാൻസ് ബോർഡ് മെമ്പറും ഗ്ലോബൽ ഇന്ത്യൻ കൌൺസിൽ ഗ്ലോബൽ പ്രെസിഡന്റും സാമൂഹ്യ പ്രവർത്തകനുമായ പി. സി. മാത്യുവിനെ ഗാർലാൻഡ് സിറ്റി ബോർഡ് ആൻഡ് കമ്മീഷൻസ് വാർഷീക സമ്മേളനത്തിൽ ആദരിച്ചു. തന്റെ അകമഴിഞ്ഞ സേവനം 2023 – 2025 കാലയളവിൽ സീനിയർ സിറ്റി സൺസ് അഡ്വൈസറി കമ്മീഷനിൽ കാഴ്ച വച്ചതിനാലാണ് മനോഹരമായ ഗാർലാൻഡ് സിറ്റിയുടെ ലോഗോ പതിപ്പിച്ച പ്ലാക്ക് നൽകി ആദരിച്ചത്. മേയർ ഡിലൻ ഹെഡ്രിക്ക് പ്ലാക്ക് പി. സി മാത്യുവിന് കൈമാറിയപ്പോൾ സദസ് കൈയ്യടിയോടെ ആഹ്ലാദം പങ്കുവെച്ചു. സിറ്റി കൌൺസിൽ മെമ്പർമാരും, മറ്റു ബോർഡ് ആൻഡ് കമ്മീഷൻസ് അംഗങ്ങളും സിറ്റിയുടെ വിവിധ ഡിപ്പാർട്മെൻറ് സ്റ്റാഫുകളും പങ്കെടുത്തു സമ്മേളനം ആകർഷകമാക്കി. ടെക്സാസ് റേഞ്ചേഴ് റേഡിയോ ബ്രോഡ് കാസ്റ്റർ എറിക് നാഡർ നർമ രസമായ മുഖ്യ പ്രഭാഷണം നടത്തി.

സീനിയർ പൗരന്മാർക്കായി 17.4 മില്യൺ ഡോളർ ബജറ്റിൽ 27,000 ചതുരശ്ര അടി വലിപ്പത്തിലുള്ള ആക്റ്റിവിറ്റി സെന്റർ പണി ആരംഭിച്ചതായും ഇത് ഏകദേശം രണ്ടു വർഷത്തിനകം പൂർത്തിയാകുമെന്നും പി. സി. മാത്യു പറഞ്ഞു. ഗാർലാൻഡ് ഡൗൺടൗണിന് സമീപമാണ് ഈ കെട്ടിടം നിർമ്മിക്കുന്നത്. ഈ ബിൽഡിംഗ് പണിയുടെ ലക്ഷ്യം എന്താണെന്നു വെച്ചാൽ സീനിയർ പൗരന്മാർക്കായുള്ള പരിപാടികൾ, ആരോഗ്യപരിചരണം, സാമൂഹിക പ്രവർത്തനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക എന്നുള്ളതാണ്. ഗെയിം റൂം, വ്യായാമ/ഫിറ്റ്നസ് റൂമുകൾ, വാക്കിംഗ് ട്രാക്ക്, സൗകര്യമുള്ള ആർട്സ് & ക്രാഫ്റ്റ്സ് റൂം, ലൈബ്രറി/കമ്പ്യൂട്ടർ ആക്സസ് റൂം, ഡൈനിംഗ്/കിച്ചൻ, മൾട്ടി-പർപ്പസ് പ്രോഗ്രാം റൂമുകൾ, തുറസായ സാമൂഹിക/വിനോദ മേഖല ഉൾപ്പെടെ പല സൗകര്യങ്ങളും ഈ ബിൽഡിങ്ങിൽ ഉണ്ടാവും. ഗാർലാൻഡിലെ എല്ലാ സീനിയർമാരുടെയും ജീവിത നിലവാരം ഉയർത്താൻ സഹായിക്കുന്ന ഒരു വലിയ നേട്ടമാണിത് എന്നും സീനിയർമാർ ഈ സൗകര്യം പരമാവധി പ്രയോജനപ്പെടുത്തണമെന്നും പി. സി. മാത്യു അഭ്യർത്ഥിച്ചു.

കഴിഞ്ഞ മെയ് മാസത്തിലെ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ പി. സി. ഗാർലാൻഡ് മേയർ സ്ഥാനത്തേക്ക് മത്സരിക്കുകയും തന്റെ സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുകയും ചെയ്തിരുന്നു. 2021-ൽ ഡിസ്ട്രിക്ട് 3-ൽ നടന്ന തിരഞ്ഞെടുപ്പിൽ ആദ്യ മത്സരത്തിലൂടെ തന്നെ റണ്ണർ-അപ്പ് സ്ഥാനത്തെത്തിയ പി. സി. തന്റെ രാഷ്ട്രീയ-സാമൂഹ്യ യാത്ര തുടരുകയാണെന്നും, ദൈവാനുകൂല്യം ലഭിക്കുന്ന പക്ഷം 2027-ൽ ഡിസ്ട്രിക്ട് 3 കൗൺസിൽ സ്ഥാനത്തേക്ക് മത്സരിക്കുമെന്നുമാണ് അദ്ദേഹം ഒരചോദ്യത്തിന് മറുപടിയായി വ്യക്തമാക്കിയത്. ഇപ്പോഴത്തെ കൌൺസിൽ അംഗത്തിന്റെ കാലാവധി തീരുന്നതിനാലാണെന്നും പി. സി. കൂട്ടിച്ചേർത്തു.

*ഫോട്ടോയിൽ: വലത്തുനിന്നും: മേയർ ഡിലൻ ഹെഡ്രിക്ക്, പി. സി. മാത്യു, മേയർ പ്രൊ ടെം മാർഗ്ഗരറ്റ് ലോട്ട്.*

# 2026ലെ ന്യൂയോർക്ക് സ്റ്റേറ്റ് "ടീച്ചർ ഓഫ് ദി ഇയർ" പുരസ്കാരം കരസ്ഥമാക്കി പ്രിൻസ് ജോൺസൺ




ന്യൂയോർക്ക് : മാൻഹട്ടനിലെ ഫുഡ് ആൻഡ് ഫിനാൻസ് ഹൈസ്കൂളിലെ സോഷ്യൽ സ്റ്റഡീസ് അധ്യാപകനായ പ്രിൻസ് ജോൺസൺ 2026-ലെ ന്യൂയോർക്ക് സ്റ്റേറ്റ് 'ടീച്ചർ ഓഫ് ദി ഇയർ' പുരസ്കാരത്തിന് അർഹനായി.

തന്റെ വിദ്യാർത്ഥികളെ വിദ്യ പകരുന്നതിലൂടെ നല്ല വ്യക്തികളായി വളർത്തുകയും, അവരുടെ ആവേശങ്ങളും കഴിവുകളും ഉണർത്തുകയും, പഠനത്തിൽ ആഴത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്ന സമർപ്പണത്തിനാണ് ഈ അംഗീകാരം ലഭിച്ചത്. 27 വർഷമായി അദ്ദേഹം അധ്യാപനരംഗത്തുണ്ട്. ഈ നേട്ടം കൈവരിക്കാൻ തന്റെ വിദ്യാർഥികൾ നൽകിയ പിന്തുണ അതിശയിപ്പിക്കുന്നതായിരുന്നു എന്ന് ജോൺസൺ അഭിപ്രായപ്പെട്ടു. കുട്ടികൾക്ക് അവരുടെ അധ്യാപകരോടുള്ള സ്നേഹവും ബഹുമാനവും എത്രയാണെന്ന് ഇതിലൂടെ മനസ്സിലായെന്നും അതൊരിക്കലും അധ്യാപകർ മറക്കരുത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടീച്ചർ ഓഫ് ദി ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടതോടെ, പ്രിൻസ് ജോൺസൺ ഇനി മുഴുവൻ ന്യൂയോർക്ക് സംസ്ഥാന അധ്യാപക സമൂഹത്തിന്റെയും അംബാസഡറായി പ്രവർത്തിക്കും. നാഷണൽ ടീച്ചർ ഓഫ് ദി ഇയർ അവാർഡിനുള്ള സംസ്ഥാന സ്ഥാനാർഥിയുമാണ് അദ്ദേഹം.


വിദ്യാർത്ഥികളുടെ ക്ഷേമത്തിനും ഭാവിക്കുമുള്ള തന്റേതായ അധ്യാപനദർശനവും പ്രതിബദ്ധതയും കൊണ്ട് വിദ്യാഭ്യാസ രംഗത്ത് പ്രതീക്ഷയുടെ ദീപമായി നിലനിൽക്കുന്ന പ്രിൻസ് ജോൺസൺ സാറിന് ന്യൂയോർക്കുകാർ അഭിനന്ദനങ്ങൾ നേർന്നു.



Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# പുസ്തക പരിചയം – കോർമ്പൽ (കവിത) ഷാജു ജോൺ






**തയ്യാറാക്കിയത് – ബാജി ഓടംവേലി**

ഡാലസിൽ വെച്ച് നടന്ന ലാനയുടെ (ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) ദ്വൈവാർഷിക സമ്മേളനത്തിൽ വെച്ചാണ് ഷാജു ജോണിന്റെ 'കോർമ്പൽ' എന്ന കവിതാ സമാഹാരം പ്രകാശനം ചെയ്യപ്പെട്ടത്. കവി സെബാസ്റ്റിനാണ് ഈ പുസ്തകത്തിന്റെ കവർ പ്രകാശനം ചെയ്തതും മുഖവുര എഴുതിയിരിക്കുന്നതും.

ഇത് ഷാജു ജോണിന്റെ രണ്ടാമത്തെ പുസ്തകമാണ്. ആദ്യ പുസ്തകം 2022 ൽ ഗ്രീൻ ബുക്ക്സ് പ്രസിദ്ധീകരിച്ച മോറിസ് മൈനർ എന്ന കഥാ സമാഹാരമാണ്. ആ പുസ്തകത്തിലെ ജീവിത സ്പർശിയായ പത്തു കഥകളേക്കുറിച്ച് വായനക്കാർക്കും നിരൂപകർക്കും മികവുറ്റ കഥകളെന്ന നല്ല അഭിപ്രായമാണുള്ളത്.

കോർമ്പൽ എന്ന് പറഞ്ഞാൽ - കോർത്തുണ്ടാക്കിയത് എന്നാണ് അർത്ഥം. കോർമ്പൽ കുത്തുക എന്നാണ് പൊതുവെ പറയാറുള്ളത്. മാലപോലെ കോർക്കുക എന്ന് വിശദീകരിക്കാം. പ്ലാസ്റ്റിക് കാലത്തിനു മുൻപു ചുണ്ടയിടാൻ പോകുമ്പോൾ തെങ്ങോലയുടെ ഈർക്കിലിയിൽ മീൻ പിടിച്ച് കോർമ്പൽ കോർത്ത ഓർമ്മ ചിലർക്കെങ്കിലും ഉണ്ടാകും. കവിയുടെ ഉള്ളിൽ ഉരുവായ വിചാരങ്ങളും വികാരങ്ങളും നീർ മുറ്റിയ കാർമേഘമായ് വിങ്ങി വിങ്ങി നിൽക്കാതെ മഴയായ് പെയ്തിരിക്കുന്നു.

'ഒരു നല്ല കവിത കടലാസിൽ പ്രകാശം പരത്തും, നിങ്ങൾ പുസ്തകം വായിച്ചടച്ച് അലമാരയിൽ വച്ചിട്ടേറെ നേരം കഴിഞ്ഞും, ഏകാന്തമായ അഃന്തകാരത്തിലും അതിന്റെ തിളക്കം കാണാനാകും' എന്നാണ് നോർവീജിയൻ കവിയും പരിഭാഷകനുമായിരുന്ന ഉലാവ് എച്ച്. ഹേഗ് പറഞ്ഞിരിക്കുന്നത്. ഈ പുസ്തകത്തിലെ കവിതകളും എന്നും തിളങ്ങി നിൽക്കാൻ കരുത്തുള്ളവയാണ്.

സമകാല മലയാള കവിതയുടെ ഊർജ്ജസ്വലത ഉറ്റു നിൽക്കുന്ന കവിതകളെന്ന് ഈ കവിതകളെ വിളിക്കാം. പുതു മലയാള കവിതയുടെ ഒരു പ്രത്യേകത അത് അതാത് കാലവുമായി ചേർന്ന് നിൽക്കുന്നു എന്നതാണ്. വിഷയങ്ങളിലെ സൂക്ഷ്മ അംശങ്ങളോടു ചേർന്നാണ് ഷാജുവിന്റെ കവിതയും നിൽക്കുന്നത്. കവി തന്റെ രചനയിലൂടെ എത്തിപ്പിടിക്കാൻ ശ്രമിക്കുന്നത് പുതിയ അർത്ഥ തലങ്ങളാണ്.

ഈ പുസ്തകത്തിലെ കോർമ്പൽ എന്ന കവിതയിൽ പ്രേമം, പ്രണയം, സ്നേഹം തുടങ്ങിയ ഇരകളോക്കെ കൊളുത്തി മീൻ പിടിക്കാൻ ശ്രമിച്ചെങ്കിലും ഒരു മീനും ചൂണ്ടയിൽ കൊത്തിയില്ലെന്നും. പിന്നെ കാമം, മോഹം, ക്രോധം തുടങ്ങിയ ഇരയെ കൊളുത്തിയപ്പോൾ കുറേയധികം മീനുകൾ കിട്ടിയെന്നും. അതൊക്കെ കോർത്ത് ആ കോർമ്പലുമായി വീട്ടിലെത്തിയായപ്പോൾ വീട്ടുകാരി യാണ് കണ്ടെത്തുന്നത് അതൊന്നും മീനല്ലെന്നും, അതൊക്കെ വേഷം മാറിയ പാമ്പുകളാണെന്നും. കുടുംബ പശ്ചാത്തലത്തിലുള്ള ഒരു പ്രധാന വിഷയം ചൂണ്ടയിലിട്ട് കോർമ്പലിൽ കോർത്ത് വളരെ രസകരമായി ഈ കവിതയിൽ പറഞ്ഞിരിക്കുന്നു.

മഴയും പുഴയും, മഴവില്ലിന്റെ കുപ്പായവും, ഇലഞ്ഞിമരത്തണലും, മരമുത്തശ്ശിയും, ഇലപൊഴിയും കാലവുമൊക്കെ കവിതകളിൽ നിറഞ്ഞു നിൽക്കുന്നു. പറയാത്ത പ്രണയവും, പ്രണയ സങ്കീർത്തനവും, ഇടറിയ ഇടവഴികളും, പ്രണയം@60യും അങ്ങനെ കവിതകളിലൊക്കെ പ്രണയം തുളുമ്പി നിക്കുന്നുണ്ട്. അമ്മയേയും ലൂക്കോച്ചനേയും വേട്ടക്കാരനേയുമൊക്കെ കവിതകളായി നമുക്ക് വായിക്കാം.

ഈ പ്രപഞ്ചം മുഴുവൻ കവിതയാൽ എഴുതപ്പെട്ടിരിക്കുന്നു എന്ന വിശ്വാസം ഈ കവിക്കുണ്ട്. ആ വിശ്വാസമാണ് ഈ സമാഹാരത്തിലെ ഓരോ കവിതയും. കോർമ്പലിലെ കവിതകളെ മികവുറ്റതാക്കുന്നത് ആ ആത്മബലം തന്നെയാണ്.അങ്ങനെയുള്ള ഓരോ കവിതയും നാം വായിച്ച് തന്നെ അറിയേണ്ടിയിരിക്കുന്നു

ഇവിടെ കവി നിറങ്ങൾക്ക് നാവുകൾ സൃഷ്ടിക്കുന്നു. കൈകൾക്ക് ഒച്ച വെക്കാനാകുമെന്ന് തെളിയിക്കുന്നു. വിരലുകൾക്ക് പാടാൻ കഴിയുമെന്ന് സമർത്ഥിക്കുന്നു. പാതകൾക്ക് അവയുടെ ഭാഷയുണ്ടെന്ന് വെളിവാക്കുന്നു. മരങ്ങൾ കൈ കൊട്ടാറുണ്ടെന്നും, പർവ്വതങ്ങൾ കുഞ്ഞാടുകളെപ്പോലെ തുള്ളിച്ചാടാറുണ്ടെന്നും സ്ഥാപിക്കുന്നു. ഏറ്റവും മനുഷ്യത്വപരമായ സ്വയം പ്രകാശനമാണ് ഈ കവിതകൾ.



ബുദ്ധിയുടെ യഥാർത്ഥ ലക്ഷണം അറിവല്ല, ഭാവനയാണെന്ന് ഐൻസ്റ്റീൻ പറഞ്ഞു വെച്ചിട്ടുണ്ട്. ഈ കവിതകൾ എഴുതപ്പെട്ടിരിക്കുന്നത് - ഭാവനയുടെ അപാരതകളിൽ നിന്നാണ്, ഓർമ്മകളിൽ നിന്നാണ്, സ്നേഹത്തിൽ നിന്നാണ്, സമൂഹത്തിലേക്ക് തുറന്നിരിക്കുന്ന മുണ്ണാം കണ്ണുകളിൽ നിന്നാണ്, പ്രണയത്തിൽ നിന്നാണ്. 25 കവിതകളുടെ 72 പേജുള്ള ഈ സമാഹാരം പുലിറ്റ്സർ ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 200 രൂപയാണ് ഈ പുസ്തകത്തിന്റെ വില.

**ഷാജു ജോൺ**

എറണാകുളം ജില്ലയിലെ തിരുവാണിയൂരിലാണ് ജനനം. ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഇരുപത് വർഷത്തെ സേവനത്തിനു ശേഷം സ്വമേധയാ വിരമിച്ച് 2005 ൽ അമേരിക്കയിലേക്ക് കുടിയേറി. 2012 വരെ സൗത്ത് കരോലിനയുടെ തലസ്ഥാനമായ കൊളംബിയയിൽ ആയിരുന്നു താമസം. തുടർന്ന് ടെക്സാസിലെ ഡാലസിലേക്ക് സ്ഥലം മാറുകയും കുടുംബ സമേതം ഇവിടെ താമസിക്കുകയും ചെയ്യുന്നു. അമേരിക്കൻ ആരോഗ്യ വിഭാഗവുമായി ബന്ധപ്പെട്ട് ബിസ്സിനസ്സ് ചെയ്യുന്നു.

കേരള ലിറ്ററി സൊസൈറ്റിയുടെ (കെ. എൽ. എസ്) പ്രസിഡന്റായും ലാനയുടെ (ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക) പ്രോഗ്രാം കോഡിനേറ്ററായും പ്രവർത്തിക്കുന്നു. ആനുകാലികങ്ങളിലും നവമാധ്യമങ്ങളിലും കഥ, കവിത, ഓർമ്മക്കുറിപ്പുകൾ, യാത്രാവിവരങ്ങൾ തുടങ്ങിയവ എഴുതാറുണ്ട്. . ആ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'മോറിസ് മൈനർ' എന്ന കഥയ്ക്കായ് 2021 ലെ മിഷിഗൺ മിലൻ പുരസ്കാരം ലഭിച്ചത്. ഭാര്യ :- അൽഫോൻസ മക്കൾ:- അനീഷ, അലൻ.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# വനിതയെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാക്കി സി.പി.എം വിപ്ലവം സൃഷ്ടിക്കുമോ..? യോഗ്യത കെ.കെ ശൈലജക്ക്




എ.എസ് ശ്രീകുമാർ

കേരള രാഷ്ട്രീയ ചരിത്രത്തിൽ ഒരു വനിതയെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാക്കി വിജയിപ്പിച്ചെടുക്കാൻ മൂന്ന് മുന്നണികൾക്ക് നേതൃത്വം നൽകുന്ന പാർട്ടികൾ തയ്യാറാവുമോ..? സ്വാഭാവികമായും ''ഇല്ല...'' എന്നായിരിക്കും ഉത്തരം. തദ്ദേശ തിരഞ്ഞെടുപ്പിൽ വനിതാ സംവരണ സീറ്റുകൾക്ക് പുറമെ ജനറൽ സീറ്റുകളിലും വനിതകൾ മൽസരിക്കുന്ന കാഴ്ചയാണിപ്പോൾ. പല തദ്ദേശ സ്ഥാപന വാർഡുകളിൽ പകുതിയിലേറെ വനിതകളാണ് ഇക്കുറി മാറ്റുരയ്ക്കുന്നത്. കാലത്തിന്റെ ഈ അനിവാര്യമായ മാറ്റം ഉൾക്കൊണ്ട് അടുത്ത വർഷം നടക്കാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരു വനിതാ മുഖ്യമന്ത്രി സ്ഥാനാർത്ഥി ഉണ്ടാവുമോയെന്നാണ് ഏവരും ഉറ്റുനോക്കുന്നത്.

പണ്ട് കെ.ആർ ഗൗരിയമ്മയെ മുന്നിൽ നിർത്തി സി.പി.എം ഇത്തരമൊരു നീക്കം നടത്തിയിരുന്നു. ''കേരം തിങ്ങും കേരള നാട്ടിൽ കെ.ആർ ഗൗരി ഭരിച്ചീടും...'' എന്നൊരു മുദ്രാവാക്യമുണ്ടായിരുന്നു. 1987-ൽ സി.പി.എം കെ.ആർ ഗൗരിയെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടിയിരുന്നു. ''നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കും...'' എന്ന് ആലപ്പുഴ തുറവൂരിലെ ഒരു വേദിയിൽ വച്ച് സി.പി.ഐ സംസ്ഥാന സെക്രട്ടറിയും കേരള മുഖ്യമന്ത്രിയുമായിരുന്ന പി.കെ വാസുദേവൻ നായരാണ് ഇക്കാര്യം ആദ്യം പറഞ്ഞത്.

അന്നത്തെ സി.പി.എം സെക്രട്ടറിയായിരുന്ന വി.എസ് അച്യുതാനന്ദൻ ഒരു പടി കൂടി കടന്ന് നിയമസഭാ തിരഞ്ഞെടുപ്പിൽ പാർട്ടി കേരളത്തിലെ ആദ്യത്തെ വനിതാ മുഖ്യമന്ത്രിയെ തിരഞ്ഞെടുക്കുമെന്ന് പ്രഖ്യാപിച്ചു. പക്ഷേ, ഒന്നും സംഭവിച്ചില്ല. ഗൗരിയമ്മയെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഉയർത്തിക്കാട്ടി 1987-ലെ നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിട്ട സി.പി.എം വിജയത്തിനു ശേഷം നിയമസഭാ കക്ഷി നേതാവായി ഇ.കെ നായനാരെ തിരഞ്ഞെടുത്തു. അതോടെയാണ് പാർട്ടിയും ഗൗരിയമ്മയും തമ്മിൽ അകലം ഏറിയത്. പിന്നീട് 1994 ജനുവരി ഒന്നിന് ഗൗരിയമ്മ സി.പി.എമ്മിൽനിന്നു പുറത്താകുന്നതുവരെ കാര്യങ്ങളെത്തി. കേരം തിങ്ങും കേരള നാടിന് ലഭിക്കാതെ പോയ മുഖ്യമന്ത്രിയാണ് കെ.ആർ ഗൗരി. അതൊരു ദുഃഖ സത്യമായി അവശേഷിക്കുന്നു.

എന്നാൽ ആ ചരിത്രം വീണ്ടും ആവർത്തിക്കുമോയെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. ഒന്നാം പിണറായി മന്ത്രിസഭയിൽ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്ത് ലോക ശ്രദ്ധയാകർഷിച്ച കെ.കെ ശൈലജ ടീച്ചറെ അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിൽ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി മൽസരിപ്പിക്കാനുള്ള ആലോചന സി.പി.എമ്മിൽ നടക്കുന്നതായാണ് മനസിലാക്കുന്നത്. മുഖ്യമന്ത്രിയൊഴിച്ച് ഒന്നാം പിണറായി

സർക്കാരിലെ സി.പി.എം മന്ത്രിമാർക്ക് പിന്തുടർച്ചയുണ്ടായില്ല. കെ.കെ ശൈലജ ടീച്ചർ മന്ത്രിയാവണമെന്ന് കക്ഷിഭേദമന്യേ ആഗ്രഹിച്ചവർ ഏറെയാണ്. പാർട്ടിയിലെ ഈ മുതിർന്ന വനിതാ നേതാവിന് അർഹിക്കുന്ന പദവിയാണ് മുഖ്യമന്ത്രി പദമെന്ന് പാർട്ടിയും കരുതുന്നു.

മൂന്നാം വട്ടവും പിണറായി വിജയനെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയാക്കിയാൽ അത് ആത്മഹത്യാപരമായിരിക്കുമെന്ന് ചിന്തിക്കുന്നവർ സി.പി.എമ്മിലുണ്ട്. രണ്ടാം പിണറായി സർക്കാരിന്റെ നയസമീപനങ്ങളും നിലപാടുകളും പിന്നെ സ്വർണക്കൊള്ള വരെ എത്തി നിൽക്കുന്ന വിവാദങ്ങളും വലിയ തോതിലുള്ള ഭരണവിരുദ്ധ വികാരം ഉയർത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല. പൊതുവേദികളിലും മറ്റുമുള്ള പിണറായി വിജയന്റെ ശരീര ഭാഷയും മോശം പ്രതിച്ഛായയാണുണ്ടാക്കിയിട്ടുള്ളത്. ആ ഏകാധിപത്യം പാർട്ടിയിൽ മുറുമുറുപ്പുണ്ടാക്കുന്നുണ്ടെങ്കിലും ആരും അത് തുറന്ന് പറയാൻ ധൈര്യപ്പെടുന്നില്ലെന്നതാണ് വാസ്തവം.

ബംഗാളിൽ ജ്യോതി ബസുവും ബീഹാറിൽ നിതീഷ്കുമാറും പല വട്ടം മുഖ്യമന്ത്രിയായെങ്കിലും കേരളത്തിൽ അത് ആരും ആഗ്രഹിക്കുന്നില്ല. ഒരു മാറ്റത്തിനായി ഒന്നാം വട്ടം പിണറായിയെ അംഗീകരിച്ചവർ പിണറായിയുടെ രണ്ടാം വരവിനെ നിശിതമായി വിമർശിക്കുന്നത് നാം കണ്ടു, കേട്ടു, അനുഭവിച്ചു. അതിനാൽ ഇനിയൊരു ടേം പിണറായിക്ക് ആവകാശപ്പെടാനാവില്ല. അദ്ദേഹം സ്വമനസാലെ പിൻമാറുന്നതായിരിക്കും നല്ലത്. മൂന്നു തവണ കേരളം ഭരിച്ചുവെന്ന റെക്കോഡ് സൃഷ്ടിക്കാനൊരുമ്പെട്ടാൽ വെട്ടിലാവുന്നത് പാർട്ടിയും നേതാക്കളുമായിരിക്കും.

ഈയൊരു സാഹചര്യത്തിലാണ് കെ.കെ ശൈലജയെപ്പോലെ പ്രവർത്തന മികവ് തെളിയിച്ച ഒരു സി.പി.എം വനിതാ നേതാവ് മുഖ്യമന്ത്രി സ്ഥാനത്തേയ്ക്ക് പരിഗണിക്കപ്പെടേണ്ടത് അനിവാര്യമാവുന്നത്. ബീഹാറിലെ ഒന്നേകാൽ കോടി സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 10,000 രൂപ വീതം കൊടുത്തുകൊണ്ടാണ് ജെ.ഡി.യുവിന്റെ അജയ്യനായ നിതീഷ്കുമാർ 2005 മുതൽ മുഖ്യമന്ത്രി പദം അലങ്കരിക്കുന്നതെങ്കിൽ, കെ.കെ ശൈലജ എന്ന നല്ല പ്രതിച്ഛായയുള്ള വ്യക്തിയിലൂടെ ഒരു വനിതാ വിപ്ലവ മുന്നേറ്റം സി.പി.എം നടത്തിയാൽ അത് തീർച്ചയായും ഫലവത്താവാതെ തരമില്ല. തുടർച്ചയായ മൂന്നാം വിജയം എന്ന ഭേദിക്കാനാവാത്തൊരു റെക്കോഡിലേയ്ക്ക് പാർട്ടിക്ക് രക്തപതാക പാറിക്കുകയും ചെയ്യാം.



സി.പി.എം കേന്ദ്ര കമ്മിറ്റിയംഗമായ കെ.കെ ശൈലജ രണ്ടു തവണ നിയമസഭാ സാമാജികയായിരുന്നു. 2016 മുതൽ 2021 വരെ പതിനാലാം നിയമസഭയിലെ കേരളത്തിന്റെ ആരോഗ്യ, സാമൂഹിക ക്ഷേമവകുപ്പ് മന്ത്രിയായിരുന്നു ശൈലജ. 2016-ൽ അധികാരത്തിൽ വന്ന മന്ത്രിസഭയിലെ രണ്ട് വനിതാ മന്ത്രിമാരിലൊരാൾ. കേരളത്തിലെ കോവിഡ്-19 മഹാമാരി കൈകാര്യം ചെയ്യുന്നതിൽ ശൈലജ ടീച്ചറുടെ നേതൃത്വത്തിന് അന്താരാഷ്ട്ര ശ്രദ്ധ ലഭിച്ചു. 2020 ജൂൺ 23-ന് ഐക്യരാഷ്ട്രസഭ ടീച്ചറെ ആദരിക്കുകയുണ്ടായി. കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടുന്നതിനെതിരെയുള്ള കേരളത്തിന്റെ പോരാട്ടത്തിൽ യു.എൻ പൊതുസേവന ദിനത്തിൽ സ്പീക്കറായി ടീച്ചറെ ക്ഷണിച്ചു. 'കൊറോണ വൈറസ് കൊലയാളി', 'റോക്ക് സ്റ്റാർ ആരോഗ്യമന്ത്രി' എന്നാണ് ഗാർഡിയൻ ടീച്ചറെ വിശേഷിപ്പിച്ചത്.

ഏഷ്യൻ വനിതാ കൊറോണ പോരാളികൾക്കായി ജംഗ് യുൻ-ക്യോങ് (ദക്ഷിണ കൊറിയ), സൺ ചുൻലാൻ (ചൈന), ചെൻ വെയ് (ചൈന), ലി ലഞ്ചുവാൻ (ചൈന), ഐ ഫെൻ (ചൈന), സി ലിങ്ക (ചൈന) എന്നിവരോടൊപ്പം ബി.ബി.സി ന്യൂസിൽ ഇടംപടിച്ചു. കൊറോണ വാരിയർഷിപ്പിനായി വോഗ് മാസികയും ടീച്ചറെ തിരഞ്ഞെടുത്തു. ബ്രിട്ടനിലെ പ്രോസ്പെക്ട് മാഗസിൻ 2020-ലെ ലോകത്തെ മികച്ച ചിന്തകരുടെ ഗണത്തിൽ കെ.കെ ശൈലജയെ തിരഞ്ഞെടുത്തു.

ന്യൂസീലൻഡ് പ്രധാനമന്ത്രി ജസീന്താ അർഡേനെ പിന്തള്ളിയാണ് കോവിഡ് കാലത്ത് ചിന്തകളെ പ്രായോഗികതലത്തിൽ എത്തിച്ച മികച്ച 50 പേരിൽ നിന്ന് കെ.കെ ശൈലജ ഒന്നാം സ്ഥാനത്തെത്തിയത്. ആരോഗ്യരംഗത്തെ സംഭാവനകൾ പരിഗണിച്ച് 2021-ലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയുടെ 'ഓപ്പൺ സൊസൈറ്റി പ്രൈസ്' എന്ന ബഹുമതിയും ശൈലജ ടീച്ചർ നേടി. ഈ പുരസ്കാരം നേടുന്ന ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ വ്യക്തിയാണ് ശൈലജ.

# MAGH 2026 തെരഞ്ഞെടുപ്പ്: റോയ് മാത്യുവിന്റെ ടീം യുണൈറ്റഡിന് പ്രൗഢഗംഭീരമായ തുടക്കം

## ശക്തമായ പിന്തുണയുമായി ഹ്യൂസ്റ്റൺ മലയാളി സമൂഹം

അജു വാരിക്കാട്

സ്റ്റാഫോർഡിൽ കേരള ഹൗസിൽ ടീം യുണൈറ്റഡിന്റെ ശക്തിപ്രകടനം; തെരഞ്ഞെടുപ്പ് രംഗം സജീവം

സ്റ്റാഫോർഡ്, ടെക്സസ്: മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹ്യൂസ്റ്റൺ (MAGH) 2026ലെ തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് ആവേശകരമായ തുടക്കം കുറിച്ചുകൊണ്ട്, പ്രസിഡന്റ് സ്ഥാനാർത്ഥി റോയ് മാത്യു നയിക്കുന്ന ടീം യുണൈറ്റഡിന്റെ കിക്ക്-ഓഫ് ചടങ്ങ് സ്റ്റാഫോർഡിലെ കേരള ഹൗസിൽ വച്ച് പ്രൗഢഗംഭീരമായി നടന്നു. ഹ്യൂസ്റ്റണിലെ മലയാളി സമൂഹത്തിന്റെ അഭൂതപൂർവമായ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ പരിപാടി, വരാനിരിക്കുന്ന തെരഞ്ഞെടുപ്പിന്റെ ആവേശം വാനോളമുയർത്തി. ടീം യുണൈറ്റഡിന് ലഭിച്ച വൻ ജനപിന്തുണ, പ്രചാരണത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ അവർക്ക് വ്യക്തമായ മുൻതൂക്കം നൽകിയിരിക്കുകയാണ്. ചടങ്ങിന് മാറ്റുകൂട്ടാനായി സാമൂഹിക-സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ എത്തിച്ചേർന്നു.

മേയർമാർ മുതൽ മുൻ പ്രസിഡന്റുമാർ വരെ: ടീം യുണൈറ്റഡിന് പിന്തുണയുമായി പ്രമുഖരുടെ നിര

ടീം യുണൈറ്റഡിന് ലഭിച്ച വ്യാപകമായ പിന്തുണയുടെ ആഴം വ്യക്തമാക്കുന്നതായിരുന്നു ചടങ്ങിലെ പ്രമുഖരുടെ സാന്നിധ്യം. സ്ഥാനാർത്ഥി പാനലിന് ലഭിക്കുന്ന അംഗീകാരത്തിന്റെയും വിശ്വാസ്യതയുടെയും അടയാളമായി ഈ ഒത്തുചേരൽ മാറി.

മിസോറി സിറ്റി മേയർ റോബിൻ ജെ. ഇലക്കാട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, MAGHന്റെ മുൻ പ്രസിഡന്റുമാർ, മുൻ ട്രസ്റ്റ് ബോർഡ് അംഗങ്ങൾ, വിവിധ സാമൂഹിക,















സാംസ്കാരിക, മത സംഘടനകളുടെ പ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മേയർ റോബിൻ ജെ. ഇലക്കാട് തന്റെ സാന്നിധ്യം ഒരു ഔദ്യോഗിക എൻഡോസ് മെൻറ് പ്രഖ്യാപനമല്ലെന്ന് വ്യക്തമാക്കിയപ്പോഴും, പുതിയ കെട്ടിടം പോലുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ റോയ് മാത്യുവിന്റെ നേതൃത്വത്തിന് കഴിയുമെന്ന വ്യക്തിപരമായ വിശ്വാസം പങ്കുവെച്ചത് ടീം യുണൈറ്റഡിന് വലിയ പ്രോത്സാഹനമായി. അദ്ദേഹത്തിന്റെ സാന്നിധ്യവും പ്രോത്സാഹനവും ടീമിന്റെ മനോവീര്യം ഗണ്യമായി ഉയർത്തി.

MAGH അംഗങ്ങളിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും ലഭിച്ച 'അത്യന്തം ആവേശജനകമായ പങ്കാളിത്തം', റോയ് മാത്യുവിനും അദ്ദേഹത്തിന്റെ പാനലിലെ ഓരോ അംഗത്തിനും ലഭിക്കുന്ന ശക്തമായ പിന്തുണയുടെ തെളിവായി മാറി. ഈ സ്വീകാര്യത, പ്രചാരണത്തിന്റെ അടുത്ത ഘട്ടങ്ങളിലേക്ക് കടക്കുമ്പോൾ ടീം യുണൈറ്റഡിന് വലിയ ആത്മവിശ്വാസമാണ് പകർന്നു നൽകുന്നത്.

**ഐക്യത്തിനും പുരോഗതിക്കും ഒരു പുതിയ കാഴ്ചപ്പാട്**

ഏതൊരു സംഘടനയുടെയും ഭാവിയെ രൂപപ്പെടുത്തുന്നത് അതിനെ നയിക്കുന്ന നേതാവിന്റെ കാഴ്ചപ്പാടാണ്. ആ ദർശനമാണ് പ്രചാരണത്തിന്റെ ദിശ നിർണ്ണയിക്കുകയും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്ക് അടിത്തറയിടുകയും ചെയ്യുന്നത്. പ്രസിഡന്റ് സ്ഥാനാർത്ഥി റോയ് മാത്യു, തന്റെ പ്രസംഗത്തിൽ ങഅഏഒ നെ നയിക്കാൻ താൻ മുന്നോട്ട് വെക്കുന്ന വ്യക്തമായ രൂപരേഖ അവതരിപ്പിച്ചു. ഐക്യം, സുതാര്യത, സമൂഹപങ്കാളിത്തം, യുവതലമുറയ്ക്കായി MAGHനെ ശക്തമായി പുനർനിർമ്മിക്കൽ എന്നീ അടിസ്ഥാന തത്വങ്ങളിൽ ഊന്നിയായിരിക്കും തന്റെ പ്രവർത്തനങ്ങളെന്ന് അദ്ദേഹം ഉറപ്പുനൽകി.

'MAGHന്റെ വളർച്ചയ്ക്കും അടുത്ത തലമുറയ്ക്കും ഒരു ശക്തമായ അധിഷ്ഠാനം ഒരുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഈ പിന്തുണ ഞങ്ങളെ കൂടുതൽ പ്രചോദിപ്പിക്കുന്നു. 'റോയ് മാത്യു തൻറെ പ്രസംഗത്തിൽ പറഞ്ഞു.

ഈ വാഗ്ദാനങ്ങൾ ടീം യുണൈറ്റഡിന്റെ സമഗ്രമായ പ്രവർത്തന ശൈലിയുടെ സൂചന നൽകുന്നു.

**ശക്തമായ നേതൃനിര:**

ഒരു സമൂഹ സംഘടനയുടെ കരുത്ത് അതിന്റെ പ്രസിഡന്റിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് അതിനെ നയിക്കുന്ന മുഴുവൻ ടീമിന്റെയും കൂട്ടായ പ്രവർത്തനത്തിലും അനുഭവസമ്പത്തിലുമാണ് നിലകൊള്ളുന്നത്. ടീം യുണൈറ്റഡിന്റെ ഏറ്റവും വലിയ ശക്തി, റോയ് മാത്യുവിനൊപ്പം അണിനിരക്കുന്ന ട്രസ്റ്റി ബോർഡ്, ബോർഡ് ഓഫ് ഡയറക്ടേഴ്സ് സ്ഥാനാർത്ഥികളുടെ സേവന പാരമ്പര്യവും വൈവിധ്യവുമാണ്. റോയ് മാത്യുവിനൊപ്പം മത്സരിക്കുന്ന ഓരോ സ്ഥാനാർത്ഥിയും സമൂഹത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള, കർമ്മശേഷി തെളിയിച്ച നേതാക്കളുടെ ഒരു സമഗ്ര പാനലാണ്. കേവലം സ്ഥാനാർത്ഥികളുടെ ഒരു പട്ടികയല്ല, മറിച്ച് സമൂഹസേവനത്തിൽ പ്രതി

ബദ്ധതയുള്ള, തെളിയിക്കപ്പെട്ട നേതൃപാടവമുള്ള വ്യക്തികളുടെ ഒരു കൂട്ടായ്മയാണ് ടീം യുണൈറ്റഡ്.

**പ്രസിഡന്റ് സ്ഥാനാർത്ഥി: റോയ് മാത്യു**

റോയ് മാത്യു വളരെ എക്സ്പീരിയൻസ്ഡ് ആയ സമൂഹ്യ നേതാവാണ്. ബഹ്റൈൻ കേരളീയ സമാജത്തിലെ മെമ്പർഷിപ്പ് സെക്രട്ടറി, സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ചിലെ യുവജനപ്രവർത്തനങ്ങളുടെ സെക്രട്ടറി, സ്റ്റാഫോർഡ് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ചിലെ സെക്രട്ടറി, വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ വൈസ് പ്രസിഡന്റ്, ഫ്രണ്ട്സ് ഓഫ് പേയർലാൻഡ് സെക്രട്ടറി, KAW ബൈ-ലോ ഭേദഗതി കോർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. MAGHൽ പാട്രൺ മെമ്പർ, ഓണം കൺവീനർ, സുവനീർ എഡിറ്റർ, സീനിയർ ഫോറം കോർഡിനേറ്റർ തുടങ്ങി നിരവധി പദവികളിലൂടെ അദ്ദേഹം സമൂഹത്തിന്റെ വിശ്വാസം ആർജ്ജിച്ച വ്യക്തി കൂടിയാണ്. ഒരു വ്യവസായി എന്ന നിലയിലും സമൂഹ്യ നേതാവ് എന്ന നിലയിലും അദ്ദേഹത്തിന്റെ വിശാലമായ അനുഭവസമ്പത്ത് MAGHന് മുതൽക്കൂട്ടാകുമെന്ന് വിലയിരുത്തുന്നു.

**ട്രസ്റ്റി ബോർഡ് സ്ഥാനാർത്ഥി: ശ്രീമതി ക്ലാരമ്മ മാത്യൂസ്**

ട്രസ്റ്റി ബോർഡിലേക്ക് മത്സരിക്കുന്ന ശ്രീമതി ക്ലാരമ്മ മാത്യൂസ്, ദീർഘകാലത്തെ സാമൂഹ്യ സേവന പാരമ്പര്യത്തിന് ഉടമയാണ്. അവരുടെ നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

* IANAGH-ന്റെ സ്ഥാപക അംഗം, സെക്രട്ടറി, ട്രഷറർ എന്നീ നിലകളിലുള്ള പ്രവർത്തനം.

MAGHൽ വിമൻസ് റെപ്രസന്റേറ്റീവ്, ജോയിന്റ് ട്രഷറർ തുടങ്ങിയ പദവികൾ വഹിച്ചു. കോവിഡ് കാലത്ത് ആശുപത്രികൾക്ക് മാസ്കുകൾ നൽകിയതും 2018-ലെ കേരള പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളിയായതും. 200-ൽ അധികം സ്ത്രീകൾക്ക് പ്രയോജനം ലഭിച്ച സ്തനാർബുദ ബോധവൽക്കരണ പരിപാടികൾ. കാസർഗോഡിലെ പോഷകാഹാര പദ്ധതികൾക്കും ആദിവാസി കോളനികൾക്കും നൽകിയ സഹായങ്ങൾ എന്നിവ സേവനത്തോടുള്ള അവരുടെ അചഞ്ചലമായ പ്രതിബദ്ധത ടീമിന് കരുത്തുപകരുന്നു.

ബോർഡ് ഓഫ് ഡയറക്ടേഴ്സ്: പരിചയസമ്പന്നരായ 14 അംഗങ്ങൾ

MAGH സമൂഹത്തിന്റെ വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന, സേവനതൽപ്പരരും പരിചയസമ്പന്നരുമായ 14 പേരാണ് ടീം യുണൈറ്റഡിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് പാനലിൽ അണിനിരക്കുന്നത്.

1. അംബിലി ആന്റണി: സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ, റേഡിയോ ജോക്കി, പ്രൊഫഷണൽ എംസി, MD Anderosn-ൽ രജിസ്റ്റേർഡ് നഴ്സ്, തൃശൂർ അസോസിയേഷൻ അംഗം.

2. അനില സന്ധീപ്: IANAGH നഴ്സ് എക്സലൻസ് അവാർഡ് ജേതാവ് (2022), FOMAA സതേൺ റീജിയൻ വിമൻസ് ചെയർ, AIMNA USA സ്ഥാപക നേതാവ്.

3. മൈക്കിൾ ജോയ് (യൂത്ത് കോർഡിനേറ്റർ): ഓയിൽ & ഗ്യാസ് മേഖലയിലെ ക്വാളിറ്റി എഞ്ചിനീയർ, ചർച്ച് സ്പോർട്സ് കോർഡിനേറ്റർ, റിയൽറ്റർ.

4. വിനോദ് ചെറിയാൻ: MAGH മികച്ച ബോർഡ് അംഗം (2022), ഹ്യൂസ്റ്റൺ റാന്നി അസോസിയേഷൻ ജനറൽ സെക്രട്ടറി,



ഹ്യൂസ്റ്റൺ നൈറ്റ്സ് വോളിബോൾ ക്ലബ് ക്യാപ്റ്റൻ, MD Anderosn ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.

5. സാജൻ ജോൺ: ഡെയ്സി അവാർഡ് ജേതാവ് (2022), FOMAA റീജിയണൽ സ്പോർട്സ് കോർഡിനേറ്റർ, IMT ചർച്ച് യൂത്ത് സെക്രട്ടറി, E3 വെൻചേഴ്സ് ഉടമ.

6. സുനിൽ തങ്കപ്പൻ: MAGH ജോയിന്റ് ട്രഷറർ, ഡെഡിക്കേറ്റഡ് വളണ്ടിയർ അവാർഡ് ജേതാവ് (2023), ഇൻഷുറൻസ് ബ്രോക്കർ.

7. ജിൻസ് മാത്യു: ORUMA റിവർസ്റ്റോൺ പ്രസിഡന്റ്, ഹ്യൂസ്റ്റൺ റാന്നി അസോസിയേഷൻ വൈസ് പ്രസിഡന്റ്, WMC ഹ്യൂസ്റ്റൺ പ്രൊവിൻസ് സെക്രട്ടറി.

8. ബനീജ ചേരു: മെമ്മോറിയൽ ഹെർമനിൽ സീനിയർ മാനേജർ, 25 വർഷമായി സൺഡേ സ്കൂൾ അധ്യാപിക, SMCC നാഷണൽ കമ്മിറ്റി അംഗം, സാമൂഹ്യ പ്രവർത്തക.

9. ഷിനു അബ്രഹാം (ഷിനു സാരംഗ്): സരംഗം ബാൻഡിന്റെ ഉടമ, ഗായകൻ, സൗണ്ട് എഞ്ചിനീയർ, MAGH പ്രോഗ്രാം കോർഡിനേറ്റർ (2019).

10. ബിജു ശിവൻ: കോട്ടയം ക്ലബ് ഹ്യൂസ്റ്റൺ ജോയിന്റ് സെക്രട്ടറി, മലയാളി അസോസിയേഷൻ ഓഫ് സിയന്ന സ്ഥാപക അംഗം, ഫോർട്ട് ബെൻഡ് ISD ജീവനക്കാരൻ.

11. ജീവൻ സൈമൺ: KCM ആർട്സ് ക്ലബ് സെക്രട്ടറി, MAGH ബോർഡ് അംഗം (2019), ഗുഡ് സമരിറ്റൻ അവാർഡ് ജേതാവ് (2024).

12. ഡെന്നിസ് മാത്യു: യുവജന സഖ്യം ട്രഷറർ, FOMAA സ്പോർട്സ് കോർഡിനേറ്റർ, FOMAA ചാരിറ്റി കോർഡിനേറ്റർ.

13. ഡോ. സുബിൻ ബാലകൃഷ്ണൻ: ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം പ്രസിഡന്റ്, ഡെലോയിറ്റിൽ മാനേജർ, മുൻ മലയാളി എഞ്ചിനീയേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, ജേണലിസ്റ്റ്’

14. സന്തോഷ് അറ്റുപുറം (Mathew Thomas): സ്റ്റാർസ് ഓഫ് ഹ്യൂസ്റ്റൺ ക്രിക്കറ്റ് ക്ലബ് പ്രസിഡന്റ്, FOMAA നാഷണൽ സ്പോർട്സ് കോർഡിനേറ്റർ, MAGH ബോർഡ് അംഗം (2024).

വ്യവസായികളും ആരോഗ്യപ്രവർത്തകരും കലാകാരന്മാരും യുവനേതാക്കളും അടങ്ങുന്ന ഈ വൈവിധ്യമാർന്ന പാനൽ, സമൂഹത്തിന്റെ എല്ലാ തട്ടുകളിലും സേവനമെത്തിക്കാനുള്ള ടീം യുണൈറ്റഡിന്റെ കാഴ്ചപ്പാടിന് അടിവരയിടുന്നു.

ടീം യുണൈറ്റഡിന്റെ പ്രചാരണ കിക്ക്-ഓഫ് പരിപാടി ഹ്യൂസ്റ്റൺ മലയാളി സമൂഹത്തിൽ വലിയ പ്രതീക്ഷയും ഉണർവും സൃഷ്ടിച്ചിരിക്കുകയാണ്. ഐക്യവും, സുതാര്യതയും, നിസ്വാർത്ഥ സേവനവും വാഗ്ദാനം ചെയ്യുന്ന ഈ പാനൽ, MAGH-ന്റെ ഭാവി ശോഭനമാക്കാനും സംഘടനയെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാനും സജ്ജമാണെന്ന സന്ദേശമാണ് ഈ വിജയകരമായ തുടക്കം നൽകുന്നത്.

MAGH തെരഞ്ഞെടുപ്പ് തീയതി: ഡിസംബർ 13, 2025 (ശനിയാഴ്ച)



# സാഹിത്യത്തിനൊരു ആഗോള വേദി: ലാനായെ കുറിച്ച് പ്രസിഡന്റ് സാമുവൽ യോഹന്നാന്റെ ചിന്തകൾ



മീട്ടു റഹമത്ത് കലാം

ഭാഷയുടെ അതിരുകൾ മറികടന്ന് മലയാളത്തിന്റെ മണം അമേരിക്കൻ മണ്ണിലേക്കു പരക്കുന്ന കഥയാണ് ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാനാ) എഴുതിക്കൊണ്ടിരിക്കുന്നത്. മലയാളം, സാഹിത്യം, വായന ഈ മൂന്നു വാക്കുകളെ ലോകത്തിന്റെ കോണുകളിലേക്കു ബന്ധിപ്പിക്കുന്ന ഒരു ദൗത്യമാണ് ലാനയുടെ ഭരണസമിതിക്കുള്ളതെന്നാണ് പുതിയ പ്രസിഡന്റായ സാമുവൽ യോഹന്നാന്റെ അഭിപ്രായം. 2026-27 വർഷത്തേക്കുള്ള പുതിയ നേതൃത്വത്തോടൊപ്പം, ലാനാ മലയാള ഭാഷയും സാഹിത്യവും ആഗോള തലത്തിൽ കൂടുതൽ ശക്തമായി പ്രത്യക്ഷപ്പെടുന്ന ഒരു കാലഘട്ടത്തിലേക്കാണ് കടക്കുന്നത്. അമേരിക്കയിലെ പുതുതലമുറയിൽ മലയാള പഠനം പ്രോത്സാഹിപ്പിക്കുന്നതു മുതൽ യുവ എഴുത്തുകാരെ പിന്തുണയ്ക്കുന്നതു വരെ, നിരവധി പദ്ധതികൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ട്. സാഹിത്യത്തിലുള്ള ഗ്ലോബൽ മലയാളിയുടെ പങ്കും അക്ഷരങ്ങളുടെ സാമൂഹിക പ്രസക്തിയും, ഡിജിറ്റൽ യുഗത്തിലെ മാറ്റങ്ങളും സംബന്ധിച്ച് സാമുവൽ യോഹന്നാൻ സംസാരിക്കുന്നു...

***താങ്കൾ പ്രസിഡന്റായുള്ള ലാനായുടെ പുതിയ ഭരണസമിതിയെക്കുറിച്ച്?***

അമേരിക്കയിൽ മലയാള ഭാഷയെ സ്നേഹിക്കുന്ന, ഭാഷാസാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്ന അമേരിക്കൻ കേന്ദ്ര സാഹിത്യ സംഘടനയായ ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാനാ) 2025-26 വർഷത്തെക്കുള്ള പുതിയ നേതൃത്വം ചുമതലയേറ്റു. നവംബർ 2 ന് നടന്ന പൊതുയോഗത്തിലാണ് പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തത്. നിർമല ജോസഫ് സെക്രട്ടറിയായും ഷിബു പിള്ള വൈസ് പ്രസിഡന്റായും സന്തോഷ് പാലാ ജോയിന്റ് സെക്രട്ടറിയായും ഹരിദാസ് തങ്കപ്പൻ ട്രഷററായും ജേക്കബ് ജോൺ ജോയിന്റ് ട്രഷററായും എനിക്കൊപ്പം തിരഞ്ഞെടുക്കപ്പെട്ടു.

***വ്യക്തിപരമായ സാഹിത്യ പ്രചോദനങ്ങൾ എന്തൊക്കെയാണ്?***

ഞാൻ ഒരു നല്ല വായനക്കാരനാണ്. മലയാളത്തിലെ പ്രമുഖ



കൃതികൾ വായിക്കുകയും അത് വിശകലനം ചെയ്യുകയും സാഹിത്യത്തിനായി സമയം കണ്ടെത്തുകയും ചെയ്യുന്ന വ്യക്തി. ഒരു പുസ്തകം എഴുതിയിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ലെന്നാണ് ഉത്തരം. എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ രചനകൾ വായിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ഒരു വായനക്കാരൻ എന്ന നിലയിലും ഒരു സംഘാടകൻ എന്ന നിലയിലുമാണ് ഞാൻ ലാനായിൽ പ്രവർത്തിക്കുന്നത്.

***നാട്ടിൽ വച്ച് അങ്ങനെയുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിരുന്നോ?***

കൊട്ടാരക്കരയ്ക്ക് അടുത്ത് പനവേലി എന്ന കൊച്ചുഗ്രാമത്തിലാണ് ജനിച്ചു വളർന്നത്. അന്നവിടെ ലൈബ്രറി ഇല്ലായിരുന്നിട്ടും വളരെ ദൂരെ ഉണ്ടായിരുന്ന ഗ്രന്ഥശാലയിൽ പോവുകയും പുസ്തകങ്ങൾ വായിക്കുകയും ചെയ്യുന്ന ശീലം ഉണ്ടായിരുന്നു. മലയാളത്തിലെ മുഖ്യ കൃതികളും പ്രശസ്തമായ നോവലുകളും കഥകളും വായിച്ചിരുന്നു. ഇപ്പോഴും പുതിയ മാഗസിനുകളിൽ വരുന്ന കഥകളും നോവലുകളും ലേഖനങ്ങളും വായിക്കുന്ന ഒരാളാണ്. മലയാള സാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് എന്നെസംബന്ധിച്ച് എക്കാലവും സന്തോഷം നൽകുന്ന കാര്യമാണ്.

മുൻപും സാഹിത്യ സമ്മേളനങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുണ്ടായിരുന്നു. ഇവിടെ വന്നപ്പോഴും ആ സാഹിത്യ താല്പര്യം തന്നെയാണ് ലാന പോലുള്ള സംഘടനയോട് ചേർന്ന് പ്രവർത്തിക്കാൻ പ്രേരണയായത്.

***സാഹിത്യവും സമൂഹസേവനവും തമ്മിലുള്ള ബന്ധത്തെ എങ്ങനെയാണ് നോക്കിക്കാണുന്നത്?***

സാഹിത്യത്തെ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തുക സാധ്യമല്ല. അവ പരസ്പരപൂരകങ്ങളാണ്. നല്ല ജനതയെ വാർത്തെടുക്കുന്നതിന് സാഹിത്യത്തിനുള്ള പങ്ക് വളരെ വലുതാണ്. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിന് സാഹിത്യത്തിന്റെ സ്വാധീനം വളരെ വലുതാണ്. അതിനെ മാറ്റി നിർത്തിക്കൊണ്ട് നമുക്ക് ഒന്നും ചെയ്യാനാകില്ല. രാഷ്ട്രീയത്തിലായാലും സാമൂഹിക പ്രവർത്തനങ്ങളിൽ ആയാലും സാഹിത്യത്തിന്റെ സ്വാധീനം വളരെ വലുതാണ്. ചില ഭരണകർത്താക്കളും നേതാക്കന്മാരും പുസ്തകത്തെ ഭയക്കുന്നതായി ചരിത്രം നോക്കുമ്പോൾ നമുക്ക് മനസിലാക്കാം.

***വരും വർഷങ്ങളിൽ ലാനയുടെ പ്രവർത്തനങ്ങൾ എങ്ങനെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?***

സംഘടനയിൽ സാഹിത്യതല്പരരായ യുവാക്കളെ ധാരാളമായി ചേർക്കുകയും അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവെക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. എഴുത്തിലെ പുതിയ പ്രവണതകൾ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിന് കേരളത്തിലെ എഴുത്തുകാരെയും വായനക്കാരെയും ഒരുമിപ്പിക്കുന്ന പരിപാടികൾ കൂടുതലായിട്ട് നടത്താൻ പ്ലാൻ ചെയ്യുന്നുണ്ട്. എഴുത്തുകാരെയും വായനക്കാരെയും ഒരുമിപ്പിക്കുന്ന പുതിയ പരിപാടികളും പുതിയ സാഹിത്യ ചർച്ചകളും ആലോചിക്കുന്നുണ്ട്. ഇവിടെ പഠിക്കുന്ന കുട്ടികളെ മലയാളത്തിലെ പ്രമുഖ സാഹിത്യകാരന്മാരുമായിട്ട് ബന്ധപ്പെടുത്തുകയും അവരിൽ മലയാളം പഠിക്കാനുള്ള താല്പര്യം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പരിപാടികൾ ആസൂത്രണം ചെയ്യും. ഇംഗ്ലീഷ് സാഹിത്യത്തിൽ അഭിരുചിയുള്ള മലയാളി കുട്ടികൾ ഇവിടെ ധാരാളമുണ്ട്. അങ്ങനെ നോക്കുമ്പോൾ, മലയാള സാഹിത്യം മാത്രമല്ല മലയാളികളിലെ സാഹിത്യാഭിരുചി വളർത്താനാണ് ലാനയുടെ ശ്രമം. ഇപ്പോൾ ഞങ്ങൾ ഒരു സുവനീർ പ്രസിദ്ധീകരിച്ചപ്പോൾ ഇവിടെ ജനിച്ചു വളർന്ന കുട്ടികളുടെ കവിതകളും ലേഖനങ്ങളും ചേർക്കുന്നതിന് ഞങ്ങൾക്ക് സാധിച്ചു. മലയാളം ക്ലാസുകളും വിവിധ ഓർഗനൈസേഷനുകൾ എടുക്കുന്നുണ്ട്. ഇവിടെ ജനിച്ചു വളർന്ന കുട്ടികൾക്ക് മലയാളത്തിൽ രചിക്കുന്നതിന് പ്രയാസമുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

***ഡിജിറ്റൽ കാലഘട്ടത്തിൽ സാഹിത്യ പ്രവർത്തനങ്ങളെ കൂടുതൽ സജീവമാക്കാൻ എന്താണ് ചെയ്യാൻ സാധിക്കുന്നത്?***

മാഗ്സ്റ്റർ പോലുള്ള ആപ്പിന്റെ വരവോടുകൂടി നാട്ടിലിറങ്ങുന്ന എല്ലാ മാഗസിനുകളും പത്രങ്ങളും

പ്രസിദ്ധീകൃതമാകുന്ന സമയത്തു തന്നെ ഇവിടെ ഇരുന്ന് ഞങ്ങൾക്ക് വായിക്കാൻ സാധിക്കുന്നുണ്ട്. അതുപോലെതന്നെ സാഹിത്യ സമ്മേളനങ്ങൾ സൂം വഴി ഞങ്ങൾ ചെയ്യുമ്പോൾ നാട്ടിലുള്ള പ്രമുഖ സാഹിത്യകാരുമായി സംവദിക്കാനായിട്ട് സാധിക്കുന്നതും അനുകൂലമായ ഒരു ഘടകമാണ്. കോവിഡിനോട് ചേർന്നു തന്നെ വന്ന വിപ്ലവകരമായ മാറ്റമാണ് സൂം മീറ്റുകൾ സംഘടിപ്പിക്കുന്നത്. സമ്മേളനങ്ങൾക്ക് നാട്ടിലുള്ള പ്രശസ്തരായ എഴുത്തുകാരുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയുന്നത് അങ്ങനെയാണല്ലോ! സാഹിത്യ സൂം മീറ്റിംഗ് പ്രോഗ്രാമുകളുടെ കോർഡിനേറ്റർ ആയി പ്രവർത്തിക്കാൻ സാധിച്ചത് വലിയ അനുഭവമാണ്. വി.ജെ. ജെയിംസിന്റെ നിരീശ്വരൻ എന്ന പുസ്തകം ചർച്ച ചെയ്തപ്പോൾ നാട്ടിൽ നിന്ന് എഴുത്തുകാരനും അതിൽ ഭാഗമായത് സൂം വഴിയാണ്. മലയാളത്തിൽ സൂം വഴിയുള്ള ആദ്യ സാഹിത്യചർച്ചയായിരുന്നു അത്. ഡിജിറ്റൽ യുഗം ഇത്തരത്തിൽ നോക്കുമ്പോൾ ഏറെ സഹായകമാണ്.

***നോർത്ത് അമേരിക്കൻ മലയാള സാഹിത്യ സമൂഹത്തിന് പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്നാണ് കരുതുന്നത്?***

ഇൻപേഴ്സൺ മീറ്റിംഗുകൾ ഞങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. ചിലവ് തന്നെയാണ് പ്രധാന കാരണം. സാഹിത്യത്തോട് താല്പര്യമുള്ള 50 പേരെ കൂട്ടണമെങ്കിൽ ഒരു പട്ടണത്തിൽ അങ്ങനെ സാഹിത്യത്തോട് താല്പര്യമുള്ള അത്രയും മലയാളികളെ കണ്ടെത്തുക പ്രയാസമാണ്. മറ്റൊരു പട്ടണത്തിൽ വിമാനമാർഗം പോവുകയും മുറിയെടുത്ത് താമസിച്ചൊക്കെ സാഹിത്യ സമ്മേളനത്തിൽ പങ്കെടുക്കുക എന്ന് പറയുന്നത് ഒരു ചലഞ്ച് തന്നെയാണ്. ഇവിടുത്തെ തിരക്ക് പിടിച്ച ജീവിതത്തിനിടയിൽ എല്ലാവരെയും കോർത്തിണക്കി കൊണ്ട് സമയം കണ്ടെത്തി ചെയ്യുക എന്ന് പറയുന്നതും ഒരു വെല്ലുവിളി തന്നെയാണ്. കഴിഞ്ഞ നാഷണൽ കോൺഫറൻസിൽ ഏതാണ്ട് നൂറിലേറെ ആളുകൾ പങ്കെടുത്തു. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കാനഡയിൽ നിന്നും കേരളത്തിൽ നിന്നും സാഹിത്യത്തോട് താല്പര്യമുള്ള ഒരു വലിയ കൂട്ടം മലയാളികൾ എത്തിയത് പ്രതീക്ഷാവഹമായ സൂചനയാണ്.

***മറ്റു രാജ്യങ്ങളിലെ മലയാളി എഴുത്തുകാരുമായി ബന്ധം ശക്തമാക്കാനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ?***

2022 -23 വർഷത്തെ ലാനായുടെ സമ്മേളനം ഉദ്ഘാടനം ചെയ്തത് കവി സച്ചിദാനന്ദനും 2024-25 ലെ പ്രവർത്തനോദ്ഘാടനം നടത്തിയത് സാറാ ജോസഫും ആയിരുന്നു. കൂടാതെ ലാനായുടെ വിവിധ സാഹിത്യ സമ്മേളനങ്ങളിൽ മലയാളത്തിൽ നാട്ടിൽനിന്ന് പ്രശസ്തരായ കവികളും നോവലിസ്റ്റുകളും പങ്കെടുത്തിരുന്നു. ഇവിടുള്ള എഴുത്തുകാരുമായും നാട്ടിലുള്ള സാഹിത്യ പ്രവർത്തകരുമായി ബന്ധപ്പെട്ടു കൊണ്ട് ഉള്ള ഒരു പ്രവർത്തനമാണ് എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്.

കാരണം നാട്ടിൽ എഴുത്തിൽ ഉണ്ടാകുന്ന പുതിയ പ്രവണതകൾ ഇവിടെയുള്ള ആളുകളുമായിട്ട് ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നതിനാണ് ലാനാ എന്നും ശ്രമിച്ചിട്ടുള്ളത്. ഈ സംഘടന തുടങ്ങിയവരുടെ ത്യാഗമനോഭാവം പ്രശംസിക്കാതെ വയ്യ. അതുകൊണ്ടുതന്നെ പൂർവ്വ നേതാക്കന്മാരെയും തുടക്കക്കാരെയും ഒരിക്കലും മറക്കാൻ കഴിയില്ല. പരിമിതമായ സാഹചര്യങ്ങളിലും സാഹിത്യ പ്രവർത്തനത്തിന് വേണ്ടി സമയം മാറ്റിവെക്കുക എന്ന് പറയുന്നത് വലിയ കാര്യമാണ്. അതുകൊണ്ട് കഴിഞ്ഞകാല നേതാക്കന്മാരെ എപ്പോഴും ഞങ്ങൾ ബഹുമാനിക്കുന്നു. കഴിഞ്ഞ ഒക്ടോബറിൽ ലാനാ 28 വർഷം പൂർത്തിയാക്കി. രണ്ടു വർഷം കൂടുമ്പോഴാണ് തിരഞ്ഞെടുക്കുന്നത് .

***പുതിയ ഭാരവാഹിത്വം വരുന്നത് പുതിയ തലമുറയിലെ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാൻ***





***എന്തെങ്കിലും സന്ദേശം നൽകാനുണ്ടോ?***

നന്നായി വായിക്കുക എന്നതാണ് എനിക്ക് പറയാനുള്ളത്. പുതിയ സാഹിത്യ പ്രവണതകൾ മനസ്സിലാക്കുക, നമ്മുടെ എഴുത്തുകളെ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സത്ത പുതിയ വായനയിൽ നിന്ന് കണ്ടെത്തുക. തനതായ ഒരു എഴുത്ത് ശൈലി കണ്ടെത്തുക എന്നത് പ്രധാനമാണ്.

***കിൻഡിൽ ഒക്കെ പോലെയുള്ള സൗകര്യങ്ങളാണോ ഇഷ്ടം അതോ, ഇപ്പോഴും പുസ്തകത്തിന്റെ ആ മണം സ്നേഹിക്കുന്ന വ്യക്തിയാണോ?***

രണ്ടു രീതിയിലും വായിക്കുന്നുണ്ട് പുസ്തകം മറിച്ചു വായിക്കുന്നതിലാണ് എനിക്കൊരു സുഖം. പലപ്പോഴും മാഗ്സ്റ്റർ വഴി വരുന്ന വീക്കിലികൾ വായിക്കും. മറ്റൊരു രാജ്യത്താണെന്ന പരിമിതി മറികടക്കാനായിട്ടുള്ള ശ്രമമുണ്ട്. എന്നാൽ, പുസ്തകം കയ്യിലെടുക്കുന്നത് പ്രത്യേക സന്തോഷമാണ്. പുസ്തകങ്ങളുടെ ഒരു ചെറിയ ശേഖരം എനിക്കുണ്ട്. മിക്ക മലയാളം പുസ്തകങ്ങളും ഇവിടെ ഞാൻ വരുത്തിയിട്ടുണ്ട്.

മലയാള ഭാഷയും സാഹിത്യവും നോർത്ത് അമേരിക്കയിലെ വിദ്യാഭ്യാസ മേഖലയിൽ ഉൾപ്പെടുത്താനുള്ള സാധ്യതയെക്കുറിച്ച് എന്തെങ്കിലും അഭിപ്രായമുണ്ടോ?അവിടെ മലയാളം പഠിപ്പിക്കുന്ന യൂണിവേഴ്സിറ്റി ഉണ്ടെന്നൊക്കെ കേട്ടിട്ടുണ്ട്.

മലയാളസാഹിത്യം പ്രധാനമാണെന്ന തിരിച്ചറിവ് വലിയൊരു നേട്ടമാണ്. ഇവിടെ യൂണിവേഴ്സിറ്റി ഓഫ് ടെക്സസിൽ മലയാളം പഠിപ്പിക്കുന്ന ഒരു ഡിപ്പാർട്ട്മെൻറ് ഉണ്ട്. ഡോ. ദർശന മനയത്താണ് മലയാളം പഠിപ്പിക്കുന്നത്. ലാനായുടെ 2022 ലെ റീജിയണൽ കൺവൻഷൻ യൂണിവേഴ്സിറ്റിയുമായി ചേർന്നാണ് സംഘടിപ്പിച്ചിരുന്നത്. അന്ന് കെ. ജയകുമാർ ഐഎഎസ് ആയിരുന്നു വിശിഷ്ടാതിഥി. 2024 ൽ വയലാർ അവാർഡ് ജേതാവ് ഇ. സന്തോഷ്കുമാറും ഈ വർഷം സജി എബ്രഹാമും ലാനായുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റിയിൽ നടത്തിയ സാഹിത്യ പരിപാടികളിൽ കുട്ടികളുമായി സംസാരിച്ചു. തീർച്ചയായിട്ടും നമ്മുടെ ഭാഷയ്ക്ക് ഒരു ഭാവി ഉണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

***മലയാള പുസ്തക പ്രസിദ്ധീകരണത്തിനും വായനാ സംസ്കാരത്തിനും പ്രോത്സാഹനം നൽകാൻ എന്തൊക്കെയാണ് ചെയ്യാൻ സാധിക്കുക?***

പ്രകാശനം ചെയ്യുന്ന വേദി ഒരുക്കി കൊടുക്കാറുണ്ട്. ഈ വർഷത്തെ ലാനാ സമ്മേളനത്തിൽ തന്നെ ഏഴ് പുസ്തകങ്ങളും ഒരു കവർ പേജും പ്രകാശനം ചെയ്യുകയുണ്ടായി. പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകൃതമാകുമ്പോൾ, സോഷ്യൽ മീഡിയ വഴിയും നേരിട്ടും സൂം മീറ്റിംഗുകൾ വഴിയും ചർച്ച ചെയ്തും പ്രോത്സാഹിപ്പിക്കാറുണ്ട്.

***ലാനായുമായി ബന്ധപ്പെട്ട അവിസ്മരണീയമായ ഓർമ്മകൾ?***

മലയാളത്തിലെ പ്രശസ്തരായ എഴുത്തുകാരുമായി ബന്ധപ്പെടാൻ അവസരം ഉണ്ടായിട്ടുണ്ട് എന്നതു തന്നെയാണ് അവിസ്മരണീയമായ അനുഭവം. അവരുടെ രചനകളൊക്കെ വായിക്കുകയും അവയെക്കുറിച്ച് നേരിട്ട് സംസാരിക്കുകയും ചെയ്യുന്നത് സ്വപ്നതുല്യമായ അനുഭൂതിയാണ്.

***എഐയും സാങ്കേതിക വിദ്യയും വികസിച്ചത് സാഹിത്യത്തെ മാറ്റിമറിക്കുമെന്ന് കരുതുന്നുണ്ടോ?***

എ ഐ യുടെ സൃഷ്ടികൾക്ക് ജൈവികത ഉണ്ടോ എന്ന് സംശയമുണ്ട്. ആർട്ടിഫിഷ്യൽ വേൾഡും ജൈവികതയും തമ്മിൽ വലിയ അന്തരമുണ്ട്. എ ഐ കഥയൊക്കെ എഴുതി തരുമായിരിക്കും, പക്ഷെ വായിക്കുന്ന ഒരാൾക്ക് അത് അനുഭവപ്പെടണമില്ല. മനുഷ്യൻ എഴുതുന്ന കഥയിൽ ഒരു ജീവിതം ഉണ്ടാകും ജൈവികത ഉണ്ടാകും. ഏതൊരു സൃഷ്ടിക്കും ജൈവികത ഉണ്ടാകുമ്പോഴാണ് അതിന് നിലനിൽപ്പുണ്ടാകുന്നത്. സോഷ്യൽ മീഡിയയിൽ വരുന്നതൊക്കെ ആളുകൾ മറന്നുപോവുകയും അടുത്തതിലേക്ക് നീങ്ങുകയും ചെയ്യുന്നത് എത്ര പെട്ടെന്നാണ്? എന്നാൽ, ഇപ്പോഴും ഉറൂബിന്റെയും എസ്. കെ. പൊറ്റെക്കാടിന്റെയും പുസ്തകങ്ങൾക്ക് വായനക്കാരുണ്ട്. പുസ്തകങ്ങൾ ക്ലാസിക്കാകുന്നത് അതിന്റെ ജൈവികതകൊണ്ടാണ്.

***ജോലി? കുടുംബം?***

ഇൻഷുറൻസ് കമ്പനിയിലാണ് ജോലി ചെയ്യുന്നത്. ഭാര്യ ജെസി ആശുപത്രിൽ ജോലി ചെയ്യുന്നു. രണ്ടുമക്കൾ: എലിസബത്ത്, ഹാന. രണ്ടുപേരും കോളജ് വിദ്യാർത്ഥികളാണ്.


JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

# കേരള സെന്ററിൽ ഒരു സർഗ സായാഹ്നം




**മനോഹർ തോമസ്**

സർഗ്ഗവേദിയുടെ തുടക്കം മുതൽ അനുവർത്തിച്ചു കൊണ്ടിരുന്ന സംരംഭങ്ങളിൽ ഒന്നാണ് സൃഷ്ടികൾ വായിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്ന പ്രക്രിയ . അടുത്തകാലത്തുണ്ടായ പുസ്തക പ്രകാശന ചടങ്ങുകൾ കൊണ്ടും ,നാട്ടിൽ നിന്നും എത്തുന്ന അതിഥികളുടെ സ്വികരണ ചടങ്ങുകൾ കൊണ്ടും ,കുറെ കാലമായി അത് കഴിയാതെ പോയി . നവംബർ പതിനാറാം തീയതി കൂടിയ സർഗ്ഗവേദിയിൽ മുന്ന് കവിതകളും ,മുന്ന് കഥകളും വിലയിരുത്തുകയുണ്ടായി .

ഡാളസ്സിൽ വച്ചു നടന്ന ലാനയുടെ സമ്മേളത്തിൽ ന്യൂയോർക്കിൽ നിന്നും ധാരാളം പേർ പങ്കെടുത്തിരുന്നു .സർഗ്ഗവേദിയുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു .സർഗ്ഗവേദിയിൽ വളരെ കാലമായി പ്രവർത്തിക്കുന്ന നിർമ്മല ജോസെഫിനെയാണ് അടുത്ത ലാന സെക്രട്ടറിയായി തിരഞ്ഞെടുത്തിരിക്കുന്നത് . മിക്കവാറും അടുത്ത ലാന ന്യൂയോർക്കിൽ വച്ച് നടക്കാൻ സാധ്യതകൾ ഉണ്ട് .അപ്പോൾ ആതിഥേയർ നമ്മളായിരിക്കും.

മലയാളിയെ സംബന്ധിച്ചിടത്തോളം ഓണം എന്നും ഒരു നിറമുള്ള ഓർമ്മയാണ് . ഏത് ഐതിഹ്യത്തിന്റെ ചുവടു പിടിച്ചായാലും അത് എല്ലാവർഷവും കൊണ്ടാടാൻ മലയാളി ബാധ്യസ്ഥനായ പോലെയാണ് ഇപ്പോഴത്തെ അവസ്ഥ . പണ്ട് , വളരെ പണ്ട് , കഷ്ടപ്പാടും ,പട്ടിണിയും നിറഞ്ഞു നിന്ന ഒരു കാലഘട്ടത്തിൽ ഏതോ ബുദ്ധിമാനായ ഒരാൾ കണ്ടെത്തിയതാണ് ഈ ഓണത്തിൻറെ ഐതിഹ്യം എന്നും പറയുന്നുണ്ട് .ഉടുതുണിക്ക് ,മറുതുണി ഇല്ലാതിരുന്ന കാലം , വയറു നിറച്ചു കഴിക്കാൻ ഇല്ലാത്ത കാലം ; ഒരു ദിവസമെങ്കിൽ ഒരു ദിവസം ആഘോഷ പൂർണമാക്കാൻ ഒരുപാധി .ആ പഴയ കാലം ,പുതിയ കാലത്തോട് ചേർത്തുവച്ചു ജോസ് ചെരിപുരം എഴുതിയ കവിതയാണ് “ മാവേലിനാട് “ .പുരാവൃത്തം പഴയതാണെങ്കിലും പുതിയ കാലത്തിൻറെ കണ്ണാടിയിലൂടെ കവി അത് നോക്കിക്കാണാൻ ശ്രമിക്കുന്നു .

ലോകം ഉണ്ടായ കാലം മുതൽ പ്രേമം ഉണ്ട് . അതിനെപ്പറ്റി പാടാത്ത ഒരു കവിയെയും കാലം കണ്ടെത്തിയിട്ടില്ല . ലോകാവസാനം വരെ അനവരതം

അത് തുടർന്നുകൊണ്ടിരിക്കും. ആകാശവിതാനത്തിലേക്കു നോക്കി കവി കാമുകിയോട് പറയുകയാണ് " വിവാഹം കഴിച്ചു ഒന്നിച്ചു ജീവിക്കാൻ കാലം നമ്മെ അനുവദിച്ചില്ലെങ്കിലും , നിൻറെ ഭർത്താവ് ഞാനെന്ന പഴയ കാമുകന്റെ പേര് പറഞ്ഞു നിന്നെ അലോസരപ്പെടുത്താറുണ്ടെങ്കിലും ,ഞാനയച്ച അവസാനത്തെ കത്ത് നീയെടുത്തു കത്തിച്ചു കളഞ്ഞെങ്കിലും ,അവിടെ കാണുന്ന ആറന്മുള കണ്ണാടിയിൽ നോക്കി നമുക്ക് ആശ്വസിക്കാൻ വകയുണ്ട്.

നമുക്കതു തുടരാം ! " പ്രേമമുകുരം " രാജു തോമസിന്റെ കവിത ,പുതിയകാല പ്രണയത്തിന്റെ നാൾവഴികളിലൂടെ പറയുന്നതാണ് .

കുടിയേറ്റം പലതരം ആളുകളെ ഇവിടെ എത്തിക്കുന്നു . കൂടുതൽ പേരും ജോലികിട്ടി ഭാര്യയെയും ,കുട്ടികളെയും ഇങ്ങോട്ട് കൊണ്ടുവന്ന് രക്ഷപെടാൻ ശ്രമിക്കുന്നു . പുതിയ ഭൂമികയിൽ ജോലി ഒരു പ്രശ്നം തന്നെയാണ് .നാട്ടിൽ ചെയ്തുകൊണ്ടിരുന്നത് തുടരാൻ വലിയ വിദ്യാഭ്യാസ യോഗ്യത വേണം .അത് കഴിഞ്ഞില്ലെങ്കിൽ പുതിയ ജോലികൾ തേടുന്നു .ചിലർ പത്രം ,മാസിക മുതലായ മാധ്യമ പ്രവർത്തനത്തിൽ ഏർപ്പെടുന്നു .പണ്ടെഴുതി ശീലിച്ചവരും അല്ലാത്തവരും അതിൽ ഭാഗഭാക്കാകുന്നു . ചിലർ ജോലിക്കു പുറമെ സംഘടനകൾ ഉണ്ടാക്കി അതിൽ പ്രവർത്തിക്കുന്നു .മറ്റുചിലർ നന്നയി നടക്കുന്ന സംഘടനകൾക്കുനേരെ മനഃസമാധാനത്തിനു വേണ്ടി ജൗളി പൊക്കി കാണിക്കുന്നു . മനോഹർ തോമസ് എഴുതിയ " അപരാജിതൻ " എന്ന കഥ ഇങ്ങോട്ട് കുടിയേറിയ ഒരു സാധാരണ നാട്ടുമ്പുറത്തുകാരന്റെ ജീവിത വ്യാപാരങ്ങളിലൂടെ മുന്നേറുന്നു .

വാർദ്ധക്യം വന്നെത്തുമ്പോൾ ഓരോ വ്യക്തിയിലും വിവിധ തരം പ്രതിഭാസങ്ങളാണ് കണ്ടുവരുന്നത് . മരണം പുൽകുന്നതിനുമുമ്പ് ഓരോ വ്യക്തിയും ആ ഇടനാഴിക കടക്കേണ്ടിയിരിക്കുന്നു . അതുകൊണ്ടാണ് പലരും പ്രാർത്ഥിക്കുമ്പോൾ " ഒന്നുമൊന്നും വരുത്താതെ ,അധികം കിടത്താതെ കൊണ്ടുപോണെ " എന്ന് വാർധക്യത്തിൽ ഉരുവിടുന്നത് .പരമകാരുണികൻ ഓരോ വ്യക്തിക്കും അന്ത്യനാളിൽ എന്താണ് വച്ചിരിക്കുന്നത് എന്നു പ്രവചിക്കാൻ ആവില്ലല്ലോ .നിർമല ജോസഫ് തന്റെ " തപ്പ് " എന്ന അതി മനോഹരമായ കഥയിൽ അങ്ങിനെയുള്ള ഒരു വയസ്സനെ അവതരിപ്പിക്കുന്നു .

അയാളുടെ വാർധക്യകാല ചെയ്തികളിൽ രസം കണ്ടെത്തുന്ന ഭാര്യയുടെ ചിന്തകളിലൂടെ കഥ പ്രയാണം നടത്തുന്നു .


ലോകത്തിൽ എത്രയോ ആളുകളാണ് അടുത്തു ജനിക്കാൻ പോകുന്നത്

പെൺകുഞ്ഞാണ് എന്നറിഞ്ഞു അബോർട്ട് ചെയ്യുന്നത് . എത്രയോ ദമ്പതികളാണ് കുട്ടികളില്ലാതെ പ്രാണവേദനയിൽ കഴിയുന്നത് .ഓരോ കുടുംബത്തിനകത്തും ,അജ്ഞാതമായ ഒരു കഥകിടന്നു ചുറ്റുന്നുണ്ടായിരിക്കും.

അതവിടെ ഉണ്ടെന്നു അറിഞ്ഞാൽമതി ,എന്താണെന്ന് അറിയണം എന്ന് നിർബന്ധമില്ല .അറിയണമെന്ന് നിർബന്ധം പിടിക്കാതിരിക്കാനുള്ള ഔചിത്യം നമ്മൾ കാണിച്ചാൽ മതി .ആദ്യകുട്ടി ജനിച്ചു നാലു മാസത്തിനുള്ളിൽ വീണ്ടും ഗർഭവതിയായ ഭാര്യയുള്ള ഒരു കുടുംബത്തിന്റെ കഥയാണ് ബാബു പാറക്കൽ തന്റെ " കുറ്റബോധം " എന്ന കഥയിലൂടെ പറയുന്നത് .

പണ്ടത്തെ ഓണം; പൂക്കളം ഇടുന്നതിനും ,പൂ പറിക്കുന്നതിനും ഓണപ്പാട്ട് പാടുന്നതിനും,ഊഞ്ഞാൽ ആടുന്നതിനും ഒക്കെ പ്രാധാന്യം കൊടുത്തിരുന്ന ഒരു കുടുംബ ,ഗ്രാമ നിബദ്ധമായ ഒന്നായിരുന്നു .ഇന്നത്തെ ഓണം വാണിജ്യവൽക്കരിക്കപ്പെട്ട് ,അതിന് മറ്റൊരു മുഖമായി മാറി . ആ മാറ്റത്തിന്റെ മുറിപ്പാടുകളിൽ മോൻസി കൊടുമൺ എഴുതിയ കവിതയാണ് " ഇന്നത്തെ ഓണം "

ഹൃദയ സ്പർശിയായ കവിതകളാലും ,സത്യങ്ങൾ തേടുന്ന കഥകളാലും ഒരു സർഗവേദി സായാഹ്നം സമ്പുർണ്ണമായി !


the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere



MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ആൻസി തോമസ്**

കോട്ടയം: നീണ്ടൂർ വെട്ടിക്കാട്ട് പാറയിൽ പി.ജെ. തോ മസിന്റെ (തൊമ്മിക്കുഞ്ഞ്) ഭാര്യ ആൻസി തോമസ് (71) അന്തരിച്ചു.മക്കൾ: സുരഭി, സുരജ്, സുനിത (അന്നു), സജിത (ഏലി). മരുമക്കൾ: ജോക്കുട്ടി നീലേട്ട് (അമേരിക്ക), ജ്യോതി കണ്ടാരപ്പള്ളിൽ, മാത്യു (ദീപു) കടുതോടിൽ, ജാക്സ് ആകശാല (അമേരിക്ക) കൊച്ചുമക്കൾ: ഏതൽ, ജോസ്, തോമസ്, കെയ്റ, കെസിയ, കാത്തി, കയ്സി, ഫിലിപ്പ്, തോമസ്, ജോർഡൻ, റെയൻ. സഹോദരി: വിമല വിളങ്ങാട്ട് ശേരി.

**മോളി ചാക്കോ**

മണർകാട്മോളി ചാക്കോ (87) അന്തരിച്ചു. മക്കൾ: തമ്പാൻ ജേക്കബ്, അനില ഏലിയാസ്, ആനി ബെന്നി.



**ഓമന ജോൺ കോശി**

ഡാളസ്: ഓമന ജോൺ കോശി (68), ടെക്സസിലെ മക്കിന്നിയിൽ അന്തരിച്ചു. ചെങ്ങന്നൂർ സ്വദേശികളായ ജോൺ മാത്യു (ചേലനില ക്കുന്നതിൽ), ഏലിയാമ്മ ജോൺ എന്നിവരാണ് മാതാപിതാക്കൾ. 1995-ൽ കുടുംബത്തോടൊപ്പം കാനഡയിലെ ടൊറന്റോയിലേക്ക് താമസം മാറിയ ഓമന, ജോർജ് ബ്രൗൺ കോളേജിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കി നിരവധി പ്രമുഖ ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു. 2005–ൽ ഡാലസിലേക്ക് വന്ന ശേഷം 11 വർഷമായി മക്കിന്നിയിലായിരുന്നു താമസം. ഭർത്താവ് ജോൺ സി. കോശി. മക്കൾ: ബെൻ കോശി, ബെർണീസ് കോശി പേരക്കുട്ടികൾ ഈഥൻ, എമിലി, മിയ, ലൂക്ക.



**ആലീസ് മത്തായി**

ചിക്കാഗോ: കിടങ്ങൂർ മേക്കാട്ടേൽ ആലീസ് മത്തായി (64) അന്തരിച്ചു.മക്കൾ: ലിസ്മി & ഷിനസൺ താന്നിച്ചുവട്ടിൽ പുന്നത്തുറ (ചിക്കാഗോ), ലിബിൻ & അനറ്റോൾ ആലപ്പാട്ട് മാറിക (യു.കെ), ലിബിന & അജോ കുരീക്കാട്ടിൽ പുന്നത്തുറ (ഓസ്ട്രേലിയ).

**കെ.എൽ.ജോസഫ്**

തെള്ളിയൂർ: കന്നാലിൽ കെ.എൽ.ജോസഫ് (കുഞ്ഞച്ചൻ-80) അന്തരിച്ചു. ഭാര്യ: തടിയൂർ കാക്കുറുമ്പിൽ പരേതയായ ശോശാമ്മ തോമസ്. മക്കൾ: ബിനു ജോസഫ് ലൂക്ക് (അയർലൻഡ്), അഡ്വ. സജു ടി. ജോസഫ് മരുമക്കൾ: കാഞ്ഞിരപ്പള്ളി പനയ്ക്കൽ അനു ബിനു (അയർലൻഡ്), മണ്ണാർകാട് മൈലയ്ക്കൽ ജിൻസി.



**റേച്ചൽ ജോസഫ്**

ഫിലാഡൽഫിയ: പരേതനായ ജോസഫ് സക്കറിയ തെക്കും തലക്കലിന്റെ ഭാര്യ റേച്ചൽ ജോസഫ് (85) അന്തരിച്ചു. ബെൻസലെം സെന്റ് ജൂഡ് കത്തോലിക്കാ ഇടവകാംഗമാണ്. തുമ്പമൺ വട്ടാടികാലായിൽ പുത്തൻ വീട്ടിൽ (പകലോമറ്റം) കുടുംബാംഗമാണ്. പരേതരായ വികെ. ഫിലിപ്പിന്റെയും മറിയാമ്മ ഫിലിപ്പിന്റെയും പുത്രി. മക്കൾ: ജോസഫ് സക്കറിയ (ബിജു), സുജ വർഗീസ്, റൂബി തോമസ്, പരേതയായ റാണി ഫ്രാൻസിസ്. മരുമക്കൾ: മറിയാമ്മ സക്കറിയ, വർഗീസ് മണപ്പുറത്ത്, ഷാജി തോമസ്, ഫ്രാൻസിസ് ദേവസ്യ.


**ജോർജ് വർഗീസ്**

വടവാതൂർ: ജോർജ് വർഗീസ് (100) അന്തരിച്ചു.



**ഡോ.എ.ആർ.സുബ്രഹ്മണ്യൻ**

അരിസോണ: പ്രശസ്ത ബയോ കെമിസ്ട്രി ശാസ്ത്രജ്ഞനും നാട്ടിക സ്വദേശിയുമായ ആലപ്പുഴ വീട്ടിൽ ഡോ.എ.ആർ.സുബ്രഹ്മണ്യൻ (90) യുഎസിലെ അരിസോണയിൽ അന്തരിച്ചു. മോളിക്യുലർ ജനറ്റിക്സിൽ നിർണായക സംഭാവനകൾ നൽകി. ഭാര്യ: പരേതയായ ഡോ. റീത്ത മിത്ര. മകൻ: സുമൻ സുബ്രഹ്മണ്യൻ, പരേതനായ റോണി സുബ്രഹ്മണ്യൻ. ബയോകെമിക്കൽ സയൻസിൽ ഒട്ടേറെ ഗ്രന്ഥങ്ങളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. അരിസോണ സർവകലാശാല, മാസച്യുസിറ്റ്സ് ജനറൽ ആശുപത്രി, ഹാർവഡ് സർവകലാശാല, ഡൽഹി ജവാഹർലാൽ നെഹ്റു സർവകലാശാല എന്നിവിടങ്ങളിൽസേവനം ചെയ്തു.




**മണി ശങ്കരൻ**

റോക്ക് വിൽ, മേരിലാൻഡ്: മണി ശങ്കരൻ മാലിത്ത് (77) മെരിലാൻഡിൽ അന്തരിച്ചു. ഭാര്യ ഓമന; മകൾ ലേഖ; മകൻ ലിജിത്ത്; പേരക്കുട്ടികൾ: നിക്കി, അലീന, നീന.

**സിസ്റ്റർ സ്റ്റനിസ്ലാവോസ്**

ചങ്ങനാശേരി:എസ് ഡി സെന്റ് ജോസഫ്സ് പ്രോവിൻസിലെ സിസ്റ്റർ സ്റ്റനിസ്ലാവോസ് പടിഞ്ഞാറേപീടികയിൽ (മറിയാമ്മ89) അന്തരിച്ചു. ഏന്തയാർ പടിഞ്ഞാറേപീടികയിൽ പരേതനായ ജോസഫിന്റെ മകളാണ്. സഹോദരങ്ങൾ: ഫാ.ജോസഫ് നരിക്കുഴിയിൽ (ഇംഗ്ലണ്ട്), പാപ്പച്ചൻ, അപ്പച്ചൻ, ജോർജ്, റോസമ്മ, പരേതരായ ഏലിക്കുട്ടി, മാത്യു, അന്നമ്മ. സെന്റ് അഗസ്റ്റിൻസ് സ്കൂൾ കുഴിപ്പിള്ളി, സെന്റ് തോമസ് സ്കൂൾ പെരുമാനൂർ എന്നിവിടങ്ങളിൽ പ്രധാനാധ്യാപികയായി പ്രവർത്തിച്ചു.സുപ്പീരിയറായും സേവനമനുഷ്ഠിച്ചു.



**ആന്റണി ചെറിയാൻ**

ന്യൂജേഴ്സി: തൃശൂർ പുത്തൂർ വീട്ടിൽ പരേതരായ ചെറിയാൻ-മേരി ദമ്പതികളുടെ മകൻ ആന്റണി ചെറിയാൻ (66) ന്യൂജെഴ്സിയിൽ അന്തരിച്ചു. തൃശൂർ അക്കിക്കാവ് ചീരൻ കുടുംബാംഗം ഷീലയാണ് സഹധർമ്മിണി.മക്കൾ: മറീന, ഫ്രഡി. മരുമക്കൾ: ജോൺ, ശാലു. പേരക്കുട്ടികൾ: ജുവാന, ജൂഡ്. സഹോദരങ്ങൾ: മാത്യൂസ്, കുരിയൻ, ഇട്ടി, കുഞ്ഞുമോൾ, ജോയൽ, സ്മിത.

**എം.ടി.മാത്യു**

എസ്എച്ച് മൗണ്ട്:ചവിട്ടുവരി മാളിയേക്കത്തറ എം.ടി.മാത്യു (93) അന്തരിച്ചു. ഭാര്യ: ടി.ജെ.മറിയക്കുട്ടി (റിട്ട. പ്രിൻസിപ്പൽ ഗവ. സ്കൂൾ ഓഫ് നഴ്സിങ് കോട്ടയം). മകൻ: മോബി മാത്യു (സീനിയർ ക്ലാർക്ക് വാകത്താനം പഞ്ചായത്ത്). മരുമകൾ: ഡോ. എലിസബത്ത് അലക്സാണ്ടർ (മാന്നാനം).



**കുരുവിള ഔസേഫ്**

കൈപ്പുഴ: വലിയപറ മ്പുമുകളേൽ കുരുവിള ഔസേപ്പ് (തങ്കച്ചൻ)(76)അന്തരിച്ചു. ഭാര്യ : മോളി കുരുവിള പരുത്തുംപാറ പീടികയിൽ കുടുംബാംഗം. മക്കൾ : മിനി,സിനി,ജോബി, ആൻസി. മരുമക്കൾ : ബേബി (കൊട്ടാരത്തിൽ പറമ്പിൽ, മാഞ്ഞൂർ),എബി (ചക്കുങ്കൽ, ഏറ്റുമാനൂർ),ജിബിൻ (ചക്കുങ്കൽ, ഏറ്റുമാനൂർ),

**ആൻസി ഫിലിപ്പ്**

കറുകച്ചാൽ:കൂവക്കാട്ട് ആൻസി ഫിലിപ്പ് (65) അന്തരിച്ചു. മണിമല ഏറത്തേടത്ത് കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ അപ്പച്ചൻകുട്ടി (അരുൺ മോട്ടോഴ്സ്). മക്കൾ: ആഷ (കുവൈത്ത്), അരുൺ. മരുമക്കൾ: റോബിൻ തുമ്പുങ്കൽ പനയമ്പാല (കുവൈത്ത്), റിനു ചെമ്പുളായിൽ (പാലാ) .കർദിനാൾ ജോർജ് കൂവക്കാടിന്റെ പിതൃസഹോദര ഭാര്യയാണ്.



**അന്നമ്മ ജോസ്**

കൈപ്പുഴ : വടകര (മുണ്ടന്തടത്തിൽ) പരേതനായ ജോസ് പുന്നന്റെ ഭാര്യ അന്നമ്മ ജോസ് (73)അന്തരിച്ചു. പരേത കൈപ്പുഴ വട്ടുകുളത്തിൽ കുടുംബാംഗമാണ്. മക്കൾ : ജിസ്സ് & സിന്ധു വടകര, ജീന & ജെയ്സൺ പറഞ്ഞാട്ട്. കൊച്ചുമക്കൾ : അമാരിസ്,ഇവാൻ,ആനിയ, എയ്ഞ്ചല, എലീസ,അഡെലിൻ, സേറ.

**ഫിലോമിന ജോർജ്**

പാലാ:പുലിയന്നൂർ പാലക്കാട്ടുകുന്നേൽ ജോർജ് ജോസിന്റെ (സിയ ടൂർസ് ആൻസ് ട്രാവൽസ്) ഭാര്യ ഫിലോമിന ജോർജ് (എറ്റി -65) അന്തരിച്ചു.എറണാകുളം വടുതല വേട്ടുശ്ശേരി കുടുംബാംഗമാണ്. മക്കൾ: അരുൺ പി. ജോർജ് (ഓസ്ട്രേലിയ), ഡോ. അമല ജോർജ് (യുകെ). മരുമക്കൾ: റിനി കോയിക്കൽ (ഓസ്ട്രേലിയ), ഡോ. ടോണി എടക്കര (യുകെ).



**ഏലിയാമ്മ**

ഞീഴൂർ : പുറമറ്റത്തിൽ പരേതനായ ജോസഫിന്റെ ഭാര്യ ഏലിയാമ്മ (78) അന്തരിച്ചു. പരേത അരീക്കര തോട്ടിക്കാട്ട് കുടുംബാംഗമാണ്. മക്കൾ : ബെറ്റി & ജോയി പുള്ളോർക്കുന്നേൽ ചിക്കാഗോ, ബീന & സുനിൽ ഇടുക്കുതറയിൽ കൈപ്പുഴ, ടോമി ജോസഫ്.

**ആൽബർട്ട് മാണി**

നീലിമംഗലം:നീറിക്കാട് കളപ്പുരയ്ക്കൽ ആൽബർട്ട് മാണി(64) അന്തരിച്ചു. ഭാര്യ: കുമരകം കയ്യത്തറ ആലീസ്. മക്കൾ: മാനുവൽ ആൽബർട്ട് (ഖത്തർ), മാത്യൂസ് ആൽബർട്ട് (അബുദാബി). മരുമക്കൾ: ജിൻസി (ഇളംകാട്), അലീന (അതിരമ്പുഴ).

**മറിയാമ്മ തോമസ്**

കിളിരൂർ:വെള്ളപ്പനാട്ടുചിറയിൽ മറിയാമ്മ തോമസ് (83) അന്തരിച്ചു.ഭർത്താവ്: പരേതനായ ജോൺ തോമസ്.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ് ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News